KOTTAYAM PUBLIC LIBRARY

Call No. Mo.1 Acc. No. 8358

Author ഉണ്ണിത്താൻ ആർ. സി.

Title കേരളീയ കലാസൃഷ്ടികൾ.

THE KOTTAYAM PUBLIC LIBRARY
KOTTAYAM.

# കലയും
# കലാസൃഷ്ടിയും

എം. എസ്. ബുക്കുഡിപ്പോ, കൊല്ലം.

# KALAYUM
# KALASRISHTIYUM.

By

R. C. UNNITHAN M. A.

First Impression October, 1961.

Copies 1000

PUBLISHED BY AUTHOR.

Distributors

M. S. BOOK DEPOT,

QUILON.

Price 1-25

# കലയും

# കലാസൃഷ്ടിയും

No: 8358

THE KOTTAYAM PUBLIC LIB
KOTTAYAM.

M01

★

NATIONAL BOOK STALL ★ BR. KOTTAYAM
SPCS LTD.

ആർ. സി. ഉണ്ണിത്താൻ എം. എ.

Printed at the Co-operative Printers Kottarakara.

THE KOTTAYAM PUBLIC
KOTTAYAM.

## ഉള്ളടക്കം.

ഇടപ്പള്ളികൃതികളിലെ സൗന്ദര്യഭാവം
കാവ്യകല്പനയും അനുകരണവും
ജയിനാസ്റ്റിൻ
മാവോസേ-തുങ്ങിന്റെ കവിതകൾ
സോഷ്യലിസ്റ്റ് റീയലിസം
സാഹിത്യകാരനും രാഷ്ട്രീയസ്വാതന്ത്ര്യവും
സാഹിത്യത്തിലെ പഴയ ഈടുവെപ്പുകൾ
കവിതയുടെ ധർമ്മവും കാവ്യാംശങ്ങളും
യവനനാടകങ്ങളും നാടകവേദിയും
മലയാളസാഹിത്യത്തിലെ നൂതന പ്രവണതകൾ.

കാലത്തിനും ദേശത്തിനും കോട്ടകൾകെട്ടി വേർതിരിക്കാനാവാത്ത കുറെ പ്രതിഭാശാലികളെ മാനവസംസ്കാരചരിത്രത്തിൽ നമുക്കു കണ്ടെത്താൻ കഴിയും. ജെയിനാസ്റ്റിനും, ഇടപ്പള്ളിയും, മാവോ-സേ-തുങ്ങും ഈ സത്യത്തിന്റെ വാചാലമായ ചില ഉദാഹരണങ്ങളാണു്. അവരുടെ സർഗ്ഗശക്തി ഒരനുവാചകനെന്ന നിലയിൽ എന്നിലുളവാക്കിയിട്ടുള്ള വികാരങ്ങളുടെ ആവിഷ്കരണമാണു് ഈ സമാഹാരം. സാഹിത്യസൃഷ്ടിയുടെ മർമ്മപ്രധാനമായ ചില പ്രശ്നങ്ങളെ കുറിച്ചുള്ള വിനീതമായ ഒരു പഠനവുമിതിൽ ഉൾപ്പെടുന്നു. ആനുകാലികപ്രസിദ്ധീകരണങ്ങളിലൂടെ വെളിച്ചംകണ്ട ലേഖനങ്ങളാണിതിലുള്ളതെല്ലാംതന്നെ. ഈ സമാരംഭം എത്രത്തോളം വിജയിച്ചിട്ടുണ്ടെന്നു തീരുമാനിക്കേണ്ടതു് നിങ്ങളാണു്. എന്റെ ഒന്നാമത്തെ ലേഖനസമാഹാരം പുറത്തുകൊണ്ടുവരാൻ മുൻകൈയെടുത്ത എം. എസ്സ്. ബുക്കുഡിപ്പോയോടും, മുദ്രണംചെയ്ത കൊട്ടാരക്കര കൊ-ഓപ്പറേറ്റീവ് പ്രിന്റേഴ്സിനോടും, ചിത്രകാരനായ ശ്രീ: പരുത്തിയറ സോമനാഥനോടുമുള്ള എന്റെ നന്ദി രേഖപ്പെടുത്താതെ ഈ ആമുഖം പൂർണ്ണമാവില്ല.

സ്നേഹപൂർവ്വം,

കൊട്ടമൺ, ആർ. സി. ഉണ്ണിത്താൻ.

12—10—'61.

# ഇടപ്പള്ളികൃതികളിലെ സൌന്ദര്യഭാവം.

മലയാളമാകന്ദത്തോപ്പിലെ ഗാനഗന്ധർവ്വനായിരുന്ന ഇടപ്പള്ളി രാഘവൻപിള്ള. ആ ഗാനകോകിലത്തിന്റെ മധുരസംഗീതസുധ നുകരുവാനുള്ള ഭാഗ്യം അധികനാൾ കൈരളിക്കുണ്ടായില്ല. പാടിത്തുളുന്ന ആ മുരളി പൊട്ടിത്തകൻപോയി.

ആയുഷ്ക്കാലം മുഴുവൻ അവിരാമമായി സാഹിതീസേവനമനുഷ്ഠിച്ചിട്ടും പലക്കും നേടുവാൻ കഴിയാതിരുന്ന പ്രശസ്തിയും, അംഗീകാരവും ഹ്രസ്വമായ ഒരു കാലയളവിനുള്ളിൽ ഇടപ്പള്ളി നേടി. അദ്ദേഹത്തിന്റെ കവിതകളെക്കുറിച്ചുള്ള വിമർശനങ്ങളും ആസ്വാദനങ്ങളും നിരവധി ഉണ്ടായിട്ടുണ്ടു്. രാഘവൻപിള്ളയുടെ കവിത വിഷാദാത്മകമാണെന്നും പരാജയപ്രസ്ഥാനത്തിലുൾപ്പെട്ടതാണെന്നും വിമർശകന്മാർ പരക്കെ പറയാറുണ്ടു്. എന്നാൽ

അദ്ദേഹത്തിൻെറ വിഷാദാത്മകത്വം അകൃത്രിമരമണീയമാണ്. പരമേശ്വരപണിക്കരുടെ ഭാഷയിൽ പറഞ്ഞാൽ "സ്വജീവരക്തംകൊണ്ടു് അതിന് അദ്ദേഹം ആത്മാർത്ഥതകൂട്ടി. ലൗകികജീവിതത്തിലുണ്ടാകുന്ന പരാജയങ്ങൾ കവിതാവിഷയങ്ങളാക്കുന്നതിൽ കവി പ്രദർശിപ്പിക്കുന്ന പാടവവും സൂക്ഷ്മദൃഷ്ടിയും സമുദായമാലിന്യങ്ങളെ ദൂരീകരിച്ച് ശുദ്ധമായൊരന്തരീക്ഷം സൃഷ്ടിക്കുവാൻ പര്യാപ്തമായിത്തീരുന്നു. തന്മൂലം ജനതയുടെ ഉറങ്ങിക്കിടക്കുന്ന ചിന്താശക്തിയെ ഉണർത്തിവിടുന്ന പരാജയപ്രസ്ഥാനക്കാർ മനുഷ്യസമൂഹത്തിൻെറ വിജയപതാക പിടിച്ചുകൊണ്ടു് മുന്നണിയിൽ നടക്കുന്ന യോദ്ധാക്കളാകുന്നു."

കരുത്തുനൽകുവാൻ കവിയ്ക്കു പ്രേരണനൽകുന്ന ഒരു സാമൂഹ്യവ്യവസ്ഥയുടെ അഭാവത്തിൽ ചുററുപാടും നോക്കി നിസ്സഹായനാകുന്ന കവി, വിഷാദഭാരം കലന്ന സ്വരത്തിൽ പാടിയിട്ടുണ്ടാവും! അതുകൊണ്ടു് അങ്ങനെയുള്ള കവികളെ അവഗണിക്കുക സാദ്ധ്യമാണോ? ജീർണ്ണിച്ചുനാറിത്തുടങ്ങിയ നിഷ്ഠുരസമുദായത്തിൻെറ ക്രൂരതാഡനങ്ങളെ ചെറുത്തുകൊണ്ടു് ഉറക്കെ അവർ പാടിയിട്ടുണ്ടു്. എന്നുമെന്നും അങ്ങനെ നില്ക്കുവാൻ കഴിഞ്ഞില്ലെന്നു മാത്രം! പാടിപ്പാടി ഹതാശരായിത്തീൎന്ന അവർ സ്വയം ഒരു സങ്കല്പലോകം സൃഷ്ടിച്ച് അതിൽ നിരാശയെ പ്രതിഷ്ഠിച്ച് അവിടെനിന്നും മണിനാദം മുഴക്കി. ഇടപ്പള്ളി പരാജയപ്രസ്ഥാനത്തിൻെറ "പയണിയർ" ആയിരുന്നു എന്ന് വാദിക്കുന്നവർ അദ്ദേഹത്തിൻെറ കൃതികളിലേക്കു കടന്നുചെല്ലുമ്പോൾ വ്യത്യസ്തമായ ഒരു ചിത്രമായിരിക്കും

കാണുക. ഭാവനയിൽ ഒരു സ്വർഗ്ഗസാമ്രാജ്യം പടുത്തുയർത്തിക്കൊണ്ടാണു് ഇടപ്പള്ളി പാടിയതു്. ഒരു നല്ല സാമൂഹ്യവ്യവസ്ഥ—അസമത്വങ്ങളും അസ്വാതന്ത്ര്യങ്ങളും ഇല്ലാത്ത ഒരു സമ്പൽഘടന—സ്വപ്നംകണ്ടുകൊണ്ടാണു് കവി അതിനുവേണ്ടി പൊരുതിയതു്. ആ നവ്യലോകത്തിന്റെ ആദ്യത്തെ രക്തസാക്ഷിയാണു് ഇടപ്പള്ളിരാഘവൻപിള്ള എന്നുമാത്രം.

വിഷാദാത്മകനായ ഇടപ്പള്ളിയിലെ സൗന്ദര്യാരാധകനെ കണ്ടെത്തുവാൻ അധികമാരും യത്നിച്ചിട്ടില്ല. ലോകസ്വഭാവമതാണു്. 'The evil that men do lives after them, the good is often burried with them' (മനുഷ്യർ ചെയ്യുന്ന തിന്മകൾ അവർക്കുശേഷവും നിലനില്ക്കുന്നു. നന്മകളാകട്ടെ പലപ്പോഴും അവരോടൊപ്പം കുഴിച്ചുമൂടപ്പെട്ടുകയും ചെയ്യുന്നു) ഷേക്സ്പീയർ അതു വളരെമുമ്പുതന്നെ ചൂണ്ടിക്കാണിച്ചു. നീണ്ട നീണ്ട കരച്ചിലുകളും ഊഷ്മളങ്ങളായ നെടുവീർപ്പുകളും അവിച്ഛിന്നമായി ഉൽഗളിച്ചു പരിതപ്തമായ ആ മുരളിയിൽനിന്നും മധുരസംഗീതത്തിൻെറയും വിശ്വസൗന്ദര്യത്തിൻെറയും അനർഗ്ഗളമായ ഒരു ധാര പ്രവഹിക്കുന്നുണ്ടായിരുന്നു. പക്ഷെ ആ സൗന്ദര്യപൂജ കണ്ടെത്തുവാൻ മനസ്സാക്ഷിയില്ലാത്ത ലോകത്തിനു കഴിഞ്ഞില്ല. അഭൗമമായ ആ ആത്മീയ സൗന്ദര്യധാര ഒഴുകിക്കൊണ്ടേയിരുന്നു. സ്നേഹത്തിൻെറ ദിവ്യമായ പ്രകാശത്തിനുവേണ്ടി കൊതിച്ചുകൊതിച്ചു പാടിത്തളന്ന ആ കാട്ടരുവി നിത്യതയുടെ മരുഭൂവിൽ ലയിച്ചു. മനോജ്ഞമായ പ്രകൃതിയുടെ മടിത്തട്ടിൽ കിട

ന്നറങ്ങിയ എല്ലാ മനോഹരവസ്തുക്കളേയും കവി വാരിപ്പു ണന്നു. അനശ്വരമായ വിശ്വസൗന്ദര്യത്തിൻെറ കവാട ത്തിൽ നിന്നുകൊണ്ടു് കവി എല്ലാം നോക്കിക്കണ്ടു. ചാ യംപുരട്ടിയ നവീനവസ്തുക്കളെയല്ല, അകൃത്രിമരമണീയ കമായ പ്രകൃതിസൗന്ദര്യത്തെയാണു് കവി ആരാധിച്ചതു്. പുൽത്തുമ്പുകളിൽ തുള്ളിനിന്ന തുഷാരകണങ്ങളിൽ വിശ്വ സൗന്ദര്യം പ്രതിഫലിക്കുന്നതു കണ്ടു് കവി ആനന്ദോന്മ ത്തനായി. നിസ്തുലസ്നേഹത്തിൻെറ നൃത്തരംഗമായിരുന്നു അദ്ദേഹത്തിൻെറ ജീവിതം.

'അഴകിൻെറ തൂവെള്ളിക്കിണ്ണമെല്ലാ
മഴലുനിറഞ്ഞവയായിരുന്നു.'

എന്നു പാടുന്ന കവി,

മന്ദിരാങ്കണം തന്നിൽ മഞ്ജുകൽത്തറക്കുള്ളിൽ
മന്ദമാരുതാശ്ലേഷമേററുകൊണ്ടാടീടുന്ന

തുളസിയിലൂടെ സൗന്ദര്യത്തെ കണ്ടെത്തുന്നുണ്ടു്. ശാ ന്തസുന്ദരമായ ശരൽക്കാലത്തിലും സന്ധ്യാരാഗത്തിലും കവി മയങ്ങിപ്പോവുന്നുണ്ടു്.

നവവത്സരം വന്നണയുമ്പോൾ കേരളത്തിലുണ്ടാ കുന്ന ഭാവപ്പകർച്ച കണ്ടു് കവി സന്തോഷിക്കുകയാണു്,

'ചന്ദനക്കുളിർകാററിന്നി
ക്കിളിയിയററുന്ന
തെന്നലിലൂഞ്ഞാലാട്ടം
പൂവല്ലിനിരയിലും
അലസമലതല്ലിയുലയും
പാടത്തിലെ

പ്പവിഴക്കതിക്കുലത്തു
നിലും തുളുമ്പുന്ന
സുസ്മിതസുധാരസ-
ത്തിലും കവി നോക്കിനിന്നു സന്തോഷം തേടുകയാണു്.

പയർവള്ളികളിലും പൊന്മേഘങ്ങളിലും കവി സൗന്ദര്യം കണ്ടെത്തുന്നു. വാസന്തസൗന്ദര്യം നിറഞ്ഞുതുളുമ്പുന്ന ഗ്രാമങ്ങളെകണ്ടു് കവി പുളകോൽഗമനാവുകയാണു്. ഇടപ്പള്ളികൃതികളിലെ വിഷാദഭാവനയുടെ മേൽ ഒരു നേരിയ ആവരണം വലിച്ചിടുവാൻ അദ്ദേഹത്തിൻെറ സൗന്ദര്യാരാധനയ്ക്കു് കഴിയുന്നില്ലേ?

ദിവ്യമായ സൗന്ദര്യപൂജയുടെ ഒരു മാതൃകയാണു് 'നമ്മല' എന്ന കവിത.

പച്ചിലക്കാടും വാനവും നിൻെറ
കൊച്ചുനേത്രങ്ങൾ വീക്ഷിച്ചാർ.
.... .... .... .... .... ....
വിണ്ടലച്ഛായ കണ്ടിടുന്നതാം
രണ്ടരുവികൾ നിൻകൺകൾ!

കവിയുടെ ഉദാത്തമായ ഭാവനയും ദിവ്യമായ സൗന്ദര്യാനുഭൂതിയുമാണിതിൽ പ്രകടീഭവിച്ചിരിക്കുന്നതു്.

വാർമെത്തും സൗന്ദര്യധാരയെങ്കിൽ
പ്രേമത്തിൻചൈതന്യം ചേർന്നിണങ്ങി
ഈ ലോകമാനന്ദമഗ്നമാക്കു-
മാലോകനാതീതേ, യാരുനീയും?

വിഷാദാത്മകത്വത്തേക്കാളേറെ സൗന്ദര്യത്തിന്റെ തീക്ഷ്ണമായ ഗന്ധമാണു് ഈ വരികളിൽനിന്നും പൊന്തി വരുന്നതു്.

ഇടപ്പള്ളിയിലെ ഏകാന്തകാമുകനു്:

ഇല്ലയാശംക്കന്യമായി-
ട്ടാശകൾ സ്നേഹത്തിന്റെ
വല്ലകി തകരോളം
മീട്ടിനോക്കുവാനെന്യേ
താരിലും താരത്തിലും
കാണുന്ന സൗന്ദര്യത്തിൻ
സാരത്തെ നുകന്നാത്മ
നിവൃതി നേടാനെന്യേ!

ഇതിൽക്കവിഞ്ഞ ആശകളും അഭിലാഷങ്ങളുമൊന്നും കവിക്കില്ല. സൗന്ദര്യത്തിന്റെ ചഷകം വററുവോളം അതു മോന്തിമോന്തി കുടിക്കണം. അത്രമാത്രം.

സൗന്ദര്യാരാധനയ്ക്കൊപ്പം സൗന്ദര്യാവിഷ്ക്കരണവും കവി നടത്തിയിട്ടുണ്ടു്. പലതും പറയുന്ന ലോകത്തെക്കുറിച്ചുള്ള പുച്ഛമനോഭാവം ഇടപ്പള്ളികൃതികളിലുടനീളം നിഴലിച്ചുകാണാം.

ഹൃദയശൂന്യമായ ലോകത്തിന്റെ പിറുപിറുപ്പുകൾ കേട്ടു് അറച്ചുനില്ക്കുവാൻ താൻ തയ്യാറില്ലെന്നു് കവി ഉറപ്പിച്ചു പ്രഖ്യാപിക്കുകയാണു്.

മഞ്ജരിനിയെന്തൊക്കെയോതിയെന്നാലുമെൻ
'വനജ'യെ മറക്കുവാനാളല്ല ഞാൻ ദൃഢം!

എന്തുകൊണ്ടെന്നാൽ,

കദനപരിപൂർണ്ണമെൻ ജീവിതവീഥിയിൽ
കതിരൊളിവിരിക്കുമാ കമ്രദീപത്തിനെ

അങ്ങനെയാണ് അവളെ കവി കാണുന്നതു്.

പ്രകൃതിയുടെ സമൃദ്ധമായ മടിത്തട്ടിൽനിന്നും സൗന്ദര്യത്തിൻെറ ചിപ്പികളെ പെറുക്കിയെടുക്കുവാനാണ് കവി ശ്രമിക്കുന്നതു്. അക്ഷയകാന്തി വഴിഞ്ഞൊഴുകുന്ന നക്ഷത്രലോകത്തിനപ്പുറത്തു് കവിയുടെ കണ്ണുകൾ പാഞ്ഞെത്തുകയാണ്. അതുകൊണ്ടാണ് ഇടപ്പള്ളി രാഘവൻപിള്ള ഒരു വിഷാദാത്മക കവി മാത്രമല്ല ഒരു സൗന്ദര്യാരാധകൻകൂടിയാണ് എന്നുപറയുന്നതു്. ജീവിതം ശുദ്ധ സുന്ദരമാണെന്നു് കവി സമ്മതിക്കുന്നുണ്ട്. പക്ഷെ, സന്തോഷംമാത്രം നിറയ്ക്കേണ്ട ചഷകങ്ങളിൽ കണ്ണുനീർ പകർന്നു സൂക്ഷിക്കുന്നതിൽ കവിക്കു് ഹൃദയവേദനയുണ്ട്. ആത്മാർത്ഥമായ വേദനയനുഭവിക്കുന്ന ഒരു ഹൃദയമുള്ള ഇടപ്പള്ളിയെ ഒരു വിഷാദാത്മക കവി എന്നു വിളിക്കുവാൻ അതിലേറെ വേദനയുണ്ട്. മാനവൻ ഭയപ്പെടുന്ന ഒന്നാണ് മരണം. പക്ഷെ കവിയ്ക്കു് മരണം ഒരു കൗതുകമാണ്. മരണത്തെ ഭയപ്പെടാതെ ധീരോദാത്തമായി അതിനെ മാടിവിളിക്കുകയാണ് കവി. മരണത്തെ ഭയപ്പെടുന്നതു് ഭീരുത്വമല്ലേ? അതിലല്ലേ വിഷാദഭാവമുള്ളു. എന്നായാലും സംഭവിക്കുന്ന മരണത്തെ സഹർഷം സ്വാഗതം ചെയ്യുന്ന കവി എങ്ങനെ വിഷാദാത്മകനാവും? ധീരോദാത്തനായ കവി എന്നല്ലേ വിളിച്ചുകൂടാവൂ?

"മരണം മനോഹരപ്പച്ചിലവിരിപ്പിട്ട-
ഗിരിതൻ സാനുപ്രാന്തം തഴുകും തരംഗിണി
തളിരും വാടാമലർക്കലയുമിടതിങ്ങി-
ത്തളരാതെന്നും തെന്നലേററിട്ടും ലതകളാൽ
നിത്യസൌന്ദര്യത്തിൻെറ നർത്തനമാമരംഗ" —

മായിട്ടാണ് കവി മരണത്തെ കാണുന്നത്. ലോകത്തിൻെറ യാതൊരു കാരുണ്യവും കവി പ്രതീക്ഷിക്കുന്നില്ല. സ്വഛമായി പാടുവാൻ മടികാണിക്കാതെ, സുന്ദരമായി അദ്ദേഹം പാടി. വിശ്വസൗന്ദര്യം മുഴുവൻ ഒരുകയ്യിലൊതുക്കി അതിനെ പുൽകുവാൻ കവി വെമ്പുകയായിരുന്നു. ആ അദമ്യമായ അഭിലാഷത്തിൻെറ പിമ്പിലുള്ള വേദനാപൂർണ്ണമായ യാത്രയെ ചൊല്ലിയുള്ള ചുടുനിശ്വാസങ്ങളാണ് നാം കേൾക്കുന്നത്.

ഇടപ്പള്ളികൃതികളിലെ സൗന്ദര്യഭാവം അനശ്വര വിശ്വചക്രവാളങ്ങളിൽ അലതല്ലുന്ന കാന്തികന്ദളങ്ങളിൽ നിന്നും കടഞ്ഞെടുത്തതാണ്. വിഷാദഭാവത്തിനുപരിയായി ഇടപ്പള്ളികൃതികളിൽ ദർശിക്കുന്ന സൗന്ദര്യാരാധന അദ്ദേഹത്തെ അനശ്വരനാക്കുന്നു. വിവിധ വർണ്ണമിയന്ന ഒരു മഴവില്ലുപോലെയാണ് ഇടപ്പള്ളികൃതികൾ. പക്ഷെ ഇതു മഴവില്ലുപോലെ മാഞ്ഞുപോവുന്നില്ലെന്നുമാത്രം.

# കാവ്യകല്പനയും അനുകരണവും.

കലകളെ സംബന്ധിച്ചിടത്തോളം മനോഹരമായകല്പനാശക്തി അതിന്റ ജീവനും ആത്മാവുമാണ്. കാവ്യസന്തുഷ്ടി പ്രദാനംചെയ്യുന്ന പ്രധാനമായൊരുപാധിയാണതു്. സുപരിചിതങ്ങളായ വസ്തുക്കളെ പ്രകൃതിയുടെ വെളിച്ചത്തിൽ നൂതനവും അപൂർവ്വവുമായ രീതിയിലാവിഷ്കരിക്കുന്നതിനെ കല്പനയെന്നു പറയാം. മറെറാരു ഭാഷയിൽ പറഞ്ഞാൽ, സാഹിത്യത്തിന്റെ ആവിർഭാവം മുതൽ അജ്ഞാതമായികിടന്നിരുന്ന വിചാരവികാരങ്ങളെ മറനീക്കിക്കാട്ടുന്ന സമ്പ്രദായത്തെ കല്പനയെന്നുവിളിക്കാം.

അതു് ഒരു ദേശത്തിൻെറ സാഹിത്യസമ്പത്തിനെ പുഷ്ടിപ്പെടുത്തുന്നു. കാലം കഴിയുന്നതിന്നൊപ്പം ഈ കല്പനയുടെ സൗന്ദര്യവും തേജസ്സും നഷ്ടപ്പെടുന്നില്ലെന്നുള്ളതു് ഒരു സവിശേഷതയാണ്. പ്രകൃതിചിത്രങ്ങൾ വരയ്ക്കുന്നതിൽ അഗാധമായ ആസ്വാദ്യതയും, പുതുമയും, വ്യക്ത

തയും കലർത്തി, വികാരങ്ങളും പ്രവൃത്തിയും കാലത്തിനൊപ്പം വാടിക്കരിയാതാക്കിത്തീക്കുന്നതിന് ഇതുപകരിക്കുന്നു. യുഗങ്ങൾ പലതുകഴിഞ്ഞിട്ടും ഷേക്സ്പീയർ കവിതകൾ മനുഷ്യമനസ്സിൽ മങ്ങാതെ നില്ക്കുന്നതിന് കാരണമിതാണ്. ഇത്രയേറെ പ്രാധാന്യമുള്ള ഒരു ഗുണവിശേഷത്തെ വിശകലനംചെയ്ത് പഠിക്കേണ്ടതാണ്. മേന്മയേറിയ പല ഗുണവിശേഷങ്ങളും ബലികഴിച്ചുകൊണ്ട് കല്പനാശക്തിയുടെപേരിൽ പ്രശസ്തിയാജ്ജിക്കാനും പ്രശംസനേടാനും പല കവികളും ഇന്നു സന്നദ്ധമാവുന്നു. ഇതിനായി ഭാവനയുടെ മേഖലയിൽ ധാരാളിത്തം നടത്തുന്ന കവികളുണ്ട്. ധാർമ്മികതത്വങ്ങളുടേയും, ശാലീനതയുടെയും, സാമാന്യബുദ്ധിയുടെയുംമേൽ കവർച്ചനടത്താനും ഇവർ മടിച്ചിട്ടില്ല.

മററു കലകളെപോലെ കവിതയും ഒരു കലയാണെന്ന കാര്യം വേണ്ടപോലെ മനസ്സിലാക്കിയിരുന്നുവെങ്കിൽ ഈ തെററുകൾ ഏറിയക്രമം ഒഴിവാക്കാമായിരുന്നു. മനുഷ്യരുടെ ഭാവനയിലും അനുഭവങ്ങളിലും നിരവധി പരീക്ഷണങ്ങൾ നടത്തുന്നതിലാണിതധിഷ്ഠിതമായിരിക്കുന്നതു്. കുറച്ചുകൂടെ അവഗാഢമായി അപഗ്രഥനം ചെയ്താൽ കല്പനാശക്തിയുള്ള കവികളിൽ അധികമാളുകളും തങ്ങളുടെ പൂർവ്വികരുമായും സമകാലികന്മാരുമായും കടപ്പാടുള്ളവരാണെന്നുകാണാം. കവിതയെന്ന കല ഒരുദിവസംകൊണ്ടു് പൂർണ്ണവത്താക്കുക സാദ്ധ്യമല്ല. ക്രമപ്രവൃദ്ധമായും തേച്ചുമിനുക്കലുകളിലൂടെയുമാണ് കവിത പൂർണ്ണമാവുന്നതു്. കാവ്യഭാവനയുടെ മനോഹാരിത, ഭാഷയുടെ

ഒഴുക്ക്, സംഗീതാത്മകത, വാക്കുകളുടെ വശീകരണശക്തി ഇതെല്ലാം ഒരു ഭാഷയിൽ ഏതെങ്കിലും ഒരു കവി സൃഷ്ടിക്കുന്നതല്ല. അനശ്വരമായ ഒരു കാവ്യശില്പം വാർത്തുകണമെങ്കിൽ പുസ്തകങ്ങളിലും സംഭാഷണങ്ങളിലുമായി തിങ്ങിനില്ക്കുന്ന നിരവധി വികാരാംശങ്ങളും, വിവരണങ്ങളും, പലതരത്തിലുള്ള പ്രകടനങ്ങളും, വാക്കുകളുടെ സമഞ്ജസസമ്മേളനവും കവി നേരത്തേതന്നെ പഠിച്ചിരിക്കുകയും അവ മററു ഭാഷകളിലാണെങ്കിൽ അവയുടെ സൗന്ദര്യസത്തു് ചോർന്നുപോവാതെ പകർത്തുവാൻ കവിക്കു കഴിയുകയുംവേണം.

അപ്പോൾ കല്പനാപ്രതിഭ എന്നൊക്കെപ്പറയുന്നതു് ഒരു പരാശ്രിതഗുണവിശേഷമാണെന്നു കാണാം. എല്ലാ ഭാഷകളിലെയും ആദ്യകവിതകളെക്കുറിച്ചു് ഇങ്ങനെ പറയുക സാദ്ധ്യമല്ല. ആംഗലസാഹിത്യത്തിലേക്കു് കണ്ണോടിച്ചാൽ ചാസരുടെ കാലത്തിനുമുമ്പു് ശ്രേഷ്ഠന്മാരായ കവികൾ ജീവിച്ചിരുന്നു എന്നു കാണാം. ഒരുപക്ഷേ അവർ ജീവിച്ചിരുന്നില്ലെങ്കിൽത്തന്നെയും അദ്ദേഹം ഏററവും കൂടുതൽ സ്നേഹിച്ചിരുന്ന ഇററാലിയൻ സാഹിത്യകാരന്മാരെ ആശ്രയിക്കുമായിരുന്നു. ആധുനികയൂറോപ്പിലെ പ്രഥമപ്രധാനഭാഷയായ ഫ്രോവങ്കൽ ഭാഷയിൽ ശ്രേഷ്ഠനായ ഒരൊററ കവിയും ഉണ്ടായില്ല. ഉദാത്തമായ കാവ്യസൃഷ്ടി നടത്തത്തക്കവണ്ണം ആ ഭാഷയെ പൂർണ്ണതയിലേയ്ക്കു് ഉയർത്തുവാൻ കഴിഞ്ഞില്ലെന്നുള്ളതാണു് അതിനുള്ള കാരണം. നിരവധി എഴുത്തുകാർ ജീവിച്ചിരുന്നുവെങ്കിലും അവരുടെ ഭാഷയിലെ പ്രാചീനസമ്പത്തുകളിലേ

ക്ക് കണ്ണോടിക്കുവാനോ അവ പഠിക്കുവാനോ അവർ മുതിന്നില്ല. അതിനാൽ അവരുടെ വളച്ച് ഒരു പരിധിക്കുള്ളിലൊതുങ്ങിനിൽക്കുകയാണുണ്ടായതു്.

റോമൻസാഹിത്യത്തിൽ ലുക്രീഷ്യസ്സിനുമുമ്പും കവികളുണ്ടായിരുന്നു. ലാററിൻഭാഷയെ അതിൻെറ വളച്ച യുടെ പരാകാഷ്ഠയിലെത്തിച്ചമേന്മ ഈ കവികൾക്കാണു്. ഗ്രീക്കുസാഹിത്യത്തിന്റെ ആത്മാവിനെ റോമൻഭാഷയിൽ ആവാഹിച്ചിരുത്തുവാനാണു് വെർജിൽ തുടങ്ങിയ സാഹിത്യകാരന്മാർ ശ്രമിച്ചതു്. ഹോമർ മഹാകവിയുടെ സാഹിത്യേതിഹാസങ്ങൾ പരിശോധിച്ചാൽ വളരെയേറെ പഴങ്കഥകളും ചമല്ക്കാരപ്രയോഗങ്ങളുമുള്ളതായികാണാം. ഈ പഴമയിൽനിന്നാണു് ഹോമർ തൻെറ ഭാവനയെ ഉജ്ജ്വലമാക്കുകയും ഇരട്ടി ആത്മശക്തിയോടുകൂടി അവയെല്ലാം അതിജീവിച്ചതും.

ഇന്നത്തെ കവികളാകട്ടെ പ്രാചീനകവികൾ സംഗീതാത്മകമാക്കിത്തീത്ത, മനോജ്ഞമാക്കിത്തീത്ത ഭാഷയിലാണെഴുതുന്നതു്. വൃത്തനിബദ്ധമായും അനുവാചകഹൃദയം കവന്റേടുക്കത്തക്കരീതിയിലും കവിത രചിക്കുവാൻ പഴയ എഴുത്തുകാർ പരിശീലിപ്പിച്ചിട്ടുണ്ടു്. ഇന്നത്തെ കവികളുടെ ഹൃദയം പഴയ കവികളുടെ ഹൃദയവികാരസൗരഭ്യംകൊണ്ടു നിറയ്ക്കപ്പെട്ടിരിക്കുന്നു. ഒപ്പംതന്നെ സമകാലികരുടെ സാഹിത്യസൃഷ്ടികൾ വായിക്കുകയും അവ ഗ്രഹിക്കുകയും ചെയ്യുന്നുണ്ടു്. ഒറിജിനാലിററിയെക്കുറിച്ചു് ഒടുങ്ങാത്ത ഒച്ചയുണ്ടാക്കുകയും അനുകരണം നി

THE PUBLIC LIBRARY KOTTAYAM.

ശ്ലേഷം വെറുക്കുകയും ചെയ്യുന്ന എഴുത്തുകാർ മററാളുകളുടെ കാവ്യസൃഷ്ടികളെപ്പററി പൂൎണ്ണമായും അജ്ഞരാണെന്നുവേണം ധരിക്കാൻ.

ഒരു ഗണിതശാസ്ത്രജ്ഞനേപ്പോലെ ആവുകയല്ലേ കവിയ്ക്കു നല്ലതു്. തന്റെ പൂൎവ്വികൻ നിൎത്തിവച്ചിടത്തുനിന്നും തുടങ്ങുക, എന്നിട്ടു് വീണ്ടും അതു വികസിപ്പിക്കുക; അതല്ലേ കവിയ്ക്കു് ആശാസ്യമായിട്ടുള്ളതു്? തന്റെ കലയിൽ കവി കൈവരിച്ചിട്ടുള്ള ശ്രേഷ്ഠത സ്വയം മനസ്സിലാക്കുകയും അതിനുമുപരിയായി സൗന്ദൎയ്യോല്ക്കർഷംകൊണ്ടും മാനുഷികവികാരങ്ങൾകൊണ്ടും മനുഷ്യമനസ്സിനെ രസിപ്പിക്കുകയും ചെയ്യുന്നുവെങ്കിൽ അയാൾ ഒറിജിനാലിററിയുള്ളവനും കവിതാചാതുരിയുള്ളവനും ആണെന്നുവരില്ലേ?

കവിതയിൽ മാതൃകകളോടുള്ള ഈ അനുകരണം തെററായ വഴികളിലേക്കു നീങ്ങിയിട്ടുണ്ടു്. കല്പനയ്ക്കുവേണ്ടിയുള്ള അദമ്യമായ അഭിലാഷം ഇതിൽനിന്നാണുണ്ടായതു്. മാതൃകകളിൽനിന്നും ലഭിച്ചിട്ടുള്ള അറിവു് വച്ചുകൊണ്ടു് പ്രകൃതിയെ സുന്ദരമായി ചിത്രീകരിക്കുന്നതിനുപകരം മാതൃകയെ പകൎത്തിവയ്ക്കുന്ന, പറിച്ചുവയ്ക്കുന്ന സ്വഭാവം തദ്വാരാ കടന്നുകൂടിയിട്ടുണ്ടു്. ശുദ്ധസുന്ദരമായ ധാരാജലം കുടിക്കുവാനുള്ളപ്പോൾ അഴുക്കുചാലിലേക്കെന്തിനാണു പോവുന്നതു്?

അപ്പോൾ കാവ്യാനുകരണത്തിന്റെ സീമ ഏതെന്നു കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. എല്ലാ നല്ല കവിതകൾക്കും അതിന്റേതായ നേട്ടവും കോട്ടവും ഉണ്ടാവും.

കവികൾക്കും അവരുടേതായ കരുത്തും ദൗർബല്യവും ഉണ്ടാവും. അപ്പോൾ ഏതെങ്കിലുമൊരു സ്വഭാവത്തിൽ ശ്രദ്ധ പതിപ്പിക്കുകയോ അതിനെ വാഴ്ത്തുകയോ ചെയ്യുന്നതു് ശരിയാവുകയില്ല. ബുദ്ധിപരമായ കഴിവുകളെ അതു സങ്കുചിതമാക്കിത്തീർക്കും. ഓരോ വിഭാഗം കവിതകൾക്കും അതിൻേറതായ കുഴപ്പങ്ങളുണ്ടായിരിക്കും. ഒന്നിലും പരിപൂർണ്ണമായി നാം ചായുവാൻ പാടില്ല. കാവ്യമഹിമയ്ക്കുവേണ്ടി സാർവ്വലൗകികമായ പര്യവേഷണം നടത്തിയ വളരെയേറെ കാവ്യവിഭാഗങ്ങൾ ഉണ്ടായിട്ടുണ്ട്. ധിക്ഷണാശാലിയും, ഫലിതസാമ്രാട്ടുമായിരുന്ന പോപ്പ് തൻേറ നൂററാണ്ടിലെ കവിതാരുചി തിട്ടപ്പെടുത്തിയപ്പോൾ അദ്ദേഹത്തെ പൊതിഞ്ഞുകൂടിയ അനുകരണക്കാർ ആ കവിതാശാഖയെ നശിപ്പിച്ചതു് എത്ര വേഗമായിരുന്നെന്നു് നമുക്കറിയാം. ചാസറേയും, ഷേക്സ്പിയറേയും ആരാധിക്കുന്നയാളായിരുന്നു പോപ്പ്. എന്നാൽ തൻേറ പിൻമുറക്കാർ പോപ്പിൻേറ കവിതയുടെ മേന്മയെ കെടുത്തിക്കളഞ്ഞു.

ഈ നൂററാണ്ടിൻേറ പ്രതിഭയും ബുദ്ധിയും കല്പനയെ തേടി നാനാവഴിക്കും ചുററിത്തിരിഞ്ഞിട്ടുണ്ട്. ആധുനികസാഹിത്യത്തിൻേറ ഊഷരഭൂമി, പുഷ്പവാടികയുടെള്ളിൽ കളകളുല്പാദിപ്പിച്ചിട്ടുണ്ടെങ്കിലും ആ പുഷ്പങ്ങളുടെ ഭംഗിയും സൗരഭ്യവും അനശ്വരമാണെന്നുമാത്രമല്ല കളകൾ ക്രമേണ നശിച്ചുപോവുകയും ചെയ്യുന്നു. പ്രാചീന ഇതിഹാസഗ്രന്ഥങ്ങളുടെ ചുവടുപിടിച്ച് വിവരണാത്മക കവിത ഇന്നു രചിക്കണമെന്നില്ല. മനോജ്ഞമായ രച

നാശൈലിയും, തിളങ്ങുന്ന പ്രതിച്ഛായകളും, ശക്തിമത്തായ വികാരങ്ങളും, ശ്രേഷ്ഠമായ ചിന്തയും മനുഷ്യമനസ്സിൽ തീവ്രമായ വികാരങ്ങളുളവാക്കത്തക്കവണ്ണം സമ്മേളിക്കുകയാണെങ്കിൽ അതാണ് ഈ യുഗത്തിന്നാവശ്യമായതു്. കവിതയുടെ ലക്ഷ്യം സാക്ഷാത്കരിക്കുന്നതപ്പോഴാണെന്നു് നമുക്കു പറയാം.

ഭാവിതലമുറയ്ക്കുതകുന്നതും, മനുഷ്യമനസ്സ് കൂടുതൽ വികസ്വരമാക്കിത്തീർക്കുന്നതിനു സഹായിക്കുന്നതുമായ കവിത അനുകരണാത്മകമാവണമോ അതോ കല്പനാപരമാവണമോ എന്നു ചോദിച്ചാൽ രണ്ടാമത്തേതാണ് കൂടുതൽ അഭിലഷണീയമായിട്ടുള്ളതെന്നു് പറയേണ്ടിവരും. അനുകരണം അല്പായുസ്സാണ്. ശാശ്വതമൂല്യമുള്ള കൃതികളേ അനശ്വരമാകുന്നുള്ളൂ. അന്തരിച്ചുപോയ സാഹിത്യാചാര്യന്മാരോടൊപ്പം ആധുനികസാഹിത്യകാരന്മാർ നടന്നുപറവുകയും അവരെ അതിജീവിക്കുകയും ചെയ്തിരിക്കുന്നു. എങ്കിലും സാഹിത്യത്തിലൊരു നവോത്ഥാനം, ചിന്തയുടേയും ബുദ്ധിയുടേയും മണ്ഡലത്തിൽ ഒരുണർവ്വ് ഭാവിയിൽ വരാനിരിക്കുന്നതേയുള്ളൂ. പഴയ വിചാരധാരകളും, വിശ്വാസങ്ങളും തുത്തെറിയുവാൻ ഒരു പുതിയ വിപ്ലവം ഉണ്ടായേ മതിയാവൂ.

# ജെയിനാസ്റ്റിൻ.

സ്ത്രീകൾക്കു് തയ്യൽസൂചി മാത്രമല്ല തൂലികയും വിദഗ്ദ്ധമായി കൈകാര്യം ചെയ്യാൻ കഴിയുമെന്നു് തെളിയിച്ച ഒരനശ്വര ഗ്രന്ഥകർത്തൃണിയാണു് ജെയിനാസ്റ്റിൻ. പുസ്തകമെഴുത്തു് പുരുഷന്മാർ ചെയ്യേണ്ട ജോലിയാണെന്നു് പൊതുവായി ധരിച്ചിരുന്ന ഒരു കാലഘട്ടം. 'ലെവിസ്' എഴുതി. "സാഹിത്യരചന നടത്തുന്ന സ്ത്രീകളോടു് എനിക്കു് വെറുപ്പും ഭയവുമാണു തോന്നുന്നതു്. അവർ കൈകാര്യം ചെയ്യേണ്ടതു് പേനയല്ല; സൂചിയും നൂലുമാണു്; അതുമാത്രമാണു് അവൾക്കു് വിദഗ്ദ്ധമായി കൈകാര്യംചെയ്യാൻ കഴിയുന്നതു്."

പതിനെട്ടാം നൂററാണ്ടിൻെറ മനസ്സാക്ഷിയാണിങ്ങനെ മന്ത്രിച്ചതു്. പക്ഷെ ഒരു പെൺകുട്ടി ഒരു തീപ്പന്തം വലിച്ചെറിഞ്ഞു. ദുർബ്ബലമായ പലതും അതിൽ വെന്തെരിഞ്ഞു. പുരുഷന്മാരേക്കാൾ മെച്ചമായി സാഹിത്യസൃഷ്ടി നടത്താൻ കഴിയുമെന്നു് അവൾ തെളിയിച്ചു.

അതു് മററാരുമായിരുന്നില്ല, ജയിനാസ്ററിൻ തന്നെ. "സെൻസ് ആൻറ് സെൻസിബിലിററി" എന്ന ഗ്രന്ഥം പ്രസിദ്ധപ്പെടുത്തിയപ്പോൾ അതിൻെറ ഒന്നാംപേജിൽ 'ഒരു സ്ത്രീ എഴുതിയതു്' എന്നു പ്രത്യേകം ചേർത്തിരുന്നതു് ഒരു വെല്ലുവിളിയായിരുന്നു. 'എമ്മ' തുടങ്ങിയ നിരവധി ഗ്രന്ഥങ്ങൾ ജയി നാസ്റ്റിൻ സാഹിത്യലോകത്തിനു് സംഭാവനചെയ്തു.

ലോകചരിത്രത്തിലെ സംഭവബഹുലമായ കാലഘട്ടങ്ങളുടെ നടുവിലാണു് ജയിൻ വളന്നതു്. മഹത്തായ ഫ്രഞ്ചുവിപ്ലവത്തിൻെറ അലകൾ രാജ്യസീമകൾക്കപ്പുറത്തു് അടിച്ചുയൻകൊണ്ടിരുന്ന സമയം. നെപ്പോളിയൻെറ ഉയർച്ചയും പതനവും ജയിൻ കണ്ടു. പക്ഷെ, ജയിൻ അതിനേക്കുറിച്ചൊന്നും നോവലിൽ പ്രതിപാദിക്കുകയുണ്ടായില്ല. സ്ത്രീകൾ രാഷ്ട്രീയകാര്യങ്ങളെക്കുറിച്ചു് പറയുവാൻ വളന്നിട്ടില്ലെന്നു് വിശ്വസിച്ചിരുന്ന കാലമായിരുന്നു അതു്. പ്രതിദിനപ്പത്രങ്ങൾ വായിക്കുവാൻപോലും സ്വാതന്ത്ര്യമില്ലായിരുന്നു. ജയിനിനെ സംബന്ധിച്ചിടത്തോളം ഇതൊന്നും ബാധകമായിരുന്നില്ല. അവർ സ്വന്തംവീടിൻെറ അന്തരീക്ഷവുമായി ഇണങ്ങിക്കഴിയുകയായിരുന്നു.

1775 - ൽ ഹാവ്ഷയറിലുള്ള ഒരു ഗ്രാമത്തിൽ ജയിൻ ജനിച്ചു ജോർജ്ജു് എന്നായിരുന്നു പിതാവിൻെറ പേരു്. ജയിനിൻെറ മൂത്തവരായി ആറുപേർകൂടി ഉണ്ടായിരുന്നു. പതിനാറാമത്തെ വയസ്സിൽ 'ബാത' എന്ന സ്ഥലത്തേക്കു് താമസംമാററി.

ജയിൻ സുന്ദരിയായിരുന്നു. മെലിഞ്ഞു് ഉയരംകൂടിയ ശരീരം. ആരോഗ്യവും ഉന്മേഷവും നിറഞ്ഞു് തുള്ളുന്നതായിരുന്നു അവളുടെ ഭാവം. തിളങ്ങുന്ന കണ്ണുകളും ചാരനിറത്തിലുള്ള മുടിയും അഴകുററതായിരുന്നു. പാറിപ്പറക്കുന്ന അളകങ്ങൾ നെററിയിൽ ഇളകുന്നുണ്ടാവും. ഫലിതരസം തുളുമ്പുന്നതായിരുന്നു അവളുടെ എഴുത്തുകളിലധികവും. പരിഹാസത്തിൻെറ കൂരമ്പുകൾ സമുദായത്തിലെ വൈകൃതങ്ങളിൽചെന്നു് തറയ്ക്കുന്നുണ്ടായിരുന്നു. ചിരിക്കാതിരിക്കാൻ കഴിയുന്ന ഒരൊററക്കത്തുപോലും ജയിൻ എഴുതിയിട്ടില്ല. നൃത്തം ജയിനിൻെറ ഏററവും ഇഷ്ടപ്പെട്ട കലയായിരുന്നു. മൂർച്ചയേറിയ നാക്കും തുളച്ചു കയറുന്ന ഫലിതവും അവളുടെ പ്രത്യേകതകളായിരുന്നു. മററുള്ളവരെ ചിരിപ്പിക്കുന്നതിനൊപ്പം സ്വയം ചിരിക്കുവാനും അവൾക്കിഷ്ടമായിരുന്നു. മററുള്ളവരുടെ ദൗർബ്ബല്യങ്ങളെ ജയിൻ പരിഹസിക്കുമായിരുന്നു. അന്യരെ വേദനിപ്പിക്കുന്നതിൽ അവൾക്ക് വേദനതോന്നും. സൂക്ഷ്മനിരീക്ഷണത്തിലും ലാളിത്യത്തിലും അധിഷ്ഠിതമായിരുന്നു അവളുടെ ഫലിതങ്ങൾ. അഴകുള്ള ചെറുപ്പക്കാരുമായി ദീർഘനേരം സംസാരിച്ചുകൊണ്ടിരിക്കുക ജയിനിനിഷ്ടമുള്ള സംഗതിയാണു്. ജീവിതത്തിൻെറ എല്ലാ മണ്ഡലങ്ങളിലും ജയിൻ ഒരു വിജയസ്തംഭമായി വർത്തിച്ചു. സ്ത്രീകളുടെ തൊഴിലായ പാചകവൃത്തിയിലും ജയിൻ അഗ്രഗണ്യയായിരുന്നു. ഡാൻസിലും മററും ജയിൻ കാണിച്ചിരുന്ന അതേ താല്പര്യം ജീവിതത്തിലെ മററു പല സത്യങ്ങളോടും ജയിൻ കാണിക്കുകയു

ണ്ടായി: അവക്ക് കൊച്ചുകുഞ്ഞുങ്ങളോട്ട് അളവററ വാത്സല്യവും സ്നേഹവുമായിരുന്നു. അവരുടെ കളിതമാശ്ശ കഠം ജയിനിനിഷ്ടമായിരുന്നു അതുപോലെതന്നെ അവരുടെ സ്നേഹപൂണ്ണമായ പെരുമാററത്തിലും ഇടപെടലുകളിലും, കട്ടികളും താല്പര്യമുള്ളവരായിരുന്നു. ജയിൻ പറയാറുള്ള നീണ്ടനീണ്ട കഥകഠം ആയിരം കാതുകളോടു കൂടി കൊച്ചുകുട്ടികഠം തരിച്ചിരുന്നു് കേഠംക്കമായിരുന്നു.

സംസ്കാരചിത്തയായ ഒരു വനിതയായിരുന്നു ജയിൻ. വിശ്വപ്രശസ്തിയാജ്ജിച്ച ഗഥേയുടെ നോവലുകഠം ജയിൻ വായിച്ചു പഠിച്ചു. കണ്ണിൽക്കണ്ട സകല പുസ്തകങ്ങളുമായും ജയിൻ ഇടപെഴകി. വിശ്വമഹാകവി ഷേക്സ്പീയരുടെ കൃതികഠം സശ്രദ്ധം ജയിന വായിച്ചു. സ്ക്കോട്ടിൻെറയും ബൈറൻെറയും കൃതികഠം ജയിൻ വായിച്ചുപഠിച്ചു. പക്ഷേ, അവഠം ഇഷ്ടപ്പെട്ടിരുന്ന അവളുടെ കവി വില്യംക്രൂപ്പറായിരുന്നു. ഡാക്ടർ ജോൺസൻെറ കൃതികളും ജയിൻ അവധാനപൂവ്വം പഠിച്ചിരുന്നു.

നോവലുകഠംക്ക് അത്രയേറെ വിലകല്പിച്ചിട്ടില്ലാത്ത ഒരു കാലഘട്ടത്തിലാണു് ജയിൻ എഴുതിത്തുടങ്ങിയതു്. കുടുംബാംഗങ്ങളിൽകവിഞ്ഞു് മററാരും താനെഴുതുന്നതു കാണാൻ പാടില്ലെന്നു് അവക്ക് നിർബ്ബന്ധമുണ്ടായിരുന്നു. അതിനാൽ ശ്രദ്ധിച്ചും ജാഗ്രതയോടുംകൂടി മാത്രമേ ജയിൻ എഴുതുമായിരുന്നുള്ളു. ചെറിയ കടലാസ്സുതുണ്ടുകളിലാണു് ജയിൻ എഴുതാറുള്ളതു്. തന്മൂലം ആരെങ്കിലും കടന്നുവന്നാൽ അതു് വേഗം മറച്ചുവയ്ക്കാൻ അ

വരാക്കു കഴിയുമായിരുന്നുവെന്നതാണ് ഉദ്ദേശം. അത്രയേറെ സംശയദൃഷ്ടിയോടും കരുതലോടും കൂടിയാണ് ജയിൻ എഴുതിയതു്. പ്രശസ്തിയുടെ ഉത്തുംഗശൃംഗത്തിലേക്കു് കുതിച്ചുകയറുകയെന്നുള്ളതായിരുന്നില്ല അവളുടെ ലക്ഷ്യം. തുടന്നു് ഏറെനാരം ജയിൻ ജീവിച്ചിരുന്നെങ്കിൽ അവരം അപ്രസിദ്ധയായിത്തീരുമായിരുന്നു. സ്വന്തം പേരുവയ്ക്കാതെയാണ് ആദ്യത്തെ നോവൽ ജയിൻ പ്രസിദ്ധീകരിച്ചതു് ജയിനിനു് ഇരുപത്തിനാലു വയസ്സുള്ളപ്പോരം — യുവസാധാരണമായി — വളരെയധികം പ്രേമബന്ധങ്ങളിൽ അവരം അകപ്പെട്ടുകയുണ്ടായി. ജയിനിൻെറ നോവലുകളിൽ ഏററവും പ്രസിദ്ധിപെററതു് 'പ്രൈഡ്' ആൻഡ് പ്രജൂഡിസ്" എന്ന നോവലാണ്. സാമുദായികമായ അനാചാരങ്ങളുടെനേരെ വിരൽചൂണ്ടുന്നൊരു നോവലാണിതു്. ഒരുത്തമ കലാശില്പത്തിനാവശ്യമായ വിവിധോപാധികളുടെ സമഞ്ജസ സമ്മേളനം ഈ നോവലിൽ നമുക്കു ദശിക്കാൻ കഴിയും. സത്യത്തിൻെറയും സൗന്ദര്യത്തിൻെറയും നിറം കലന്നതാണ് ജയിനിൻെറ കഥാപാത്രങ്ങരം. ജീവിതസത്യങ്ങളോടുള്ള യഥാത്ഥമായ സമീപനവും സൂക്ഷ്മമായ നിരീക്ഷണപാടവവുംകൊണ്ടു് ജയിൻ തൻെറ നോവലുകളിലുടനീളം വിജയകാഹളം മുഴക്കുന്നതാണ് നാം കേരക്കുന്നതു്. ജയിനിൻെറ വികാരങ്ങരക്കു് ജീവനും സത്തയുമേകിയതു് അവളുടെ മൂച്ചയേറിയ ഹാസ്യഭാവമായിരുന്നു. ജീവിതാനുഭവങ്ങളുടെ കാര്യത്തിൽ ജയിൻ വളരെ പിന്നിലായിരുന്നു. വാചാലമായി സംസാരിക്കുവാൻ അധികം

വാസ്തുതകൾ ജയിനിനില്ലായിരുന്നു. അവളുടെ സാമൂഹ്യ മണ്ഡലം വളരെ ചുരുങ്ങിയതായിരുന്നു. ഈ പോരായ്മ അവളുടെ നോവലുകളിൽ കാണാൻ കഴിയും. പക്ഷേ ഈ കുറവ് മററാരെയുംകാൾ ഏറെ മനസ്സിലാക്കിയിരുന്നതു് ജയിനായിരുന്നു.

ജയിനിൻെറ ഏതു നോവലാണ് മികച്ചതെന്നതിനെ സംബന്ധിച്ച് സാഹിത്യനിരൂപകന്മാരുടെയിടയിൽ ഏകാഭിപ്രായമില്ല. മെക്കാളെയും ഡിസറേലിയുമെല്ലാം ഇക്കാര്യത്തിൽ വ്യത്യസ്താഭിപ്രായക്കാരായിരുന്നു. പ്രൈഡ് ആൻഡ് പ്രെജൂഡീസ് എന്ന നോവൽ ഡിസറേലി പതിനേഴുപ്രാവശ്യം വായിച്ചുപോലും! പരക്കെ അംഗീകരിച്ചിട്ടുള്ള വാദമുഖവുമിതാണ്. ഏററവും നല്ല നോവൽ ഇതാണത്രേ.

പതിനെട്ടാം നൂററാണ്ടിൻെറ മനസ്സാക്ഷിയെ തട്ടിയുണർത്താൻ കഴിഞ്ഞുവെന്നുള്ളതാണ് ജയിനിൻെറ ഏററവും വലിയ വിജയം. സമുദായത്തിൽ നിലവിലിരുന്ന ദുരാചാരങ്ങൾക്കെതിരെ അവളുടെ തൂലിക പടവെട്ടി. സമുദായശരീരത്തിലെ പലവ്രണങ്ങളും ഉണക്കുവാൻ ജയിനിൻെറ കലാചികിത്സയ്ക്കു കഴിഞ്ഞു. പുരുഷമേധാവിത്വത്തിനുനേരെ ഒരു വെല്ലുവിളിയോടു കൂടിയാണ് ജയിൻ സാഹിത്യരംഗത്തു കടന്നുവന്നതു്. അവളുടെ ഉഗ്രപ്രമത്തമായ പ്രതിഭയുടെ മുമ്പിൽ ആ നൂററാണ്ടു് തലകുനിച്ചു. കലയും സാഹിത്യവും പുരുഷൻെറ വെപ്പാട്ടികളല്ലെന്നും ജയിൻ വിളിച്ചറിയിച്ചു. കൈലേസുകൾ തുന്നാൻമാത്രമല്ല, കലാശില്പങ്ങൾ നെയ്തെടുക്കുവാൻകൂടി കഴി

യുമെന്നു് ജയിൻ ലോകത്തെ ബോദ്ധ്യപ്പെടുത്തി: ജയിനിൻെറ നാമധേയം അനശ്വരതയുടെ അപാരതയിൽ ഇന്നും മാറെറാലിക്കൊള്ളുന്നുണ്ടു്. ഓരോ സാഹിത്യകുതുകിയുടെയും ചുണ്ടിൽ അവളുടെ നാമം തത്തിക്കളിക്കും.

# മാവോ-സേ-തുങ്ങിൻെറ കവിതകൾ

സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറ അഭിവന്ദ്യനേതാക്കളിൽ ഒരാൾ, അറുപതുകോടി ജനങ്ങൾ നിവസിയ്ക്കുന്ന മഹത്തായ ജനകീയ ചൈനയുടെ തലവൻ, സർവ്വോപരി മഹാനായ ഒരു വിപ്ലവകാരി, എന്നീ നിലകളിലാണ് സ: മാവോ-സേ-തുങ്ങ് പരക്കെ അറിയപ്പെടുന്നതു്. എന്നാൽ അദ്ദേഹം ഒരു കവി കൂടിയാണെന്നു വന്നാൽ പലർക്കും അത്ഭുതംതോന്നും. വെറും സാധാരണ കവിയല്ലദ്ദേഹം; ചൈനയിലെ പ്രശസ്തരായ കവികളിൽ ഒരാളാണ്. മാവോയുടെ കവിതകൾക്കു ചൈനയ്ക്കുവെളിയിൽ വേണ്ടത്രപ്രചാരം നൽകിയിട്ടില്ലെന്നുള്ളതുകൊണ്ടാണ് ഒരു കവിയെന്ന നിലയിൽ അദ്ദേഹം അറിയപ്പെടാത്തതു്. മാവോയുടെ കവിതകളിൽ കൂടെ ഒരിയ്ക്കൽ കണ്ണോടിച്ചാൽ ഒരു നല്ല കവിയെന്ന നിലയിലായിരിയ്ക്കും പിന്നീടു പലപ്പോഴും അദ്ദേഹത്തെക്കുറിച്ച് ഓർക്കാൻ കഴിയുക.

സാഹിത്യാസ്വാദനം മാനസികോല്ലാസത്തിന്റെ ഏററവും ഉയൎന്ന രൂപമാണല്ലോ. അതേ സമയംതന്നെ അതു് ഒരു സാഹസം കൂടിയാണു്. എഴുത്തുകാരൻ സൃഷ്ടിക്കുന്ന സാങ്കല്പികലോകത്തിലേക്കു കടന്നുചെന്നു് അമൂല്യങ്ങളായ നിരവധി നിധികളുമായി തിരിച്ചു വരുവാൻ കഴിയുന്ന വായനക്കാരൻ അതിൽ വിജയിച്ചുവെന്നു പറയാം. അങ്ങനെയായാൽ അയാൾക്കു് അവൎണ്ണനീയമായ ചാരിതാൎത്ഥ്യം അനുഭവപ്പെട്ടെന്നും വരും. എന്നാൽ വേണ്ടത്ര ധാരണകളും അനുഭവങ്ങളുമില്ലാതെ പോവുകയും, കരുപ്പിടിപ്പിയ്ക്കപ്പെടാത്ത അഭിരുചികളും വ്യത്യസ്ഥങ്ങളായ താല്പൎയ്യങ്ങളും നിലനില്ക്കുകയും ചെയ്താൽ ആ സാഹിത്യസൃഷ്ടിയുടെ സത്തയും ഉള്ളടക്കവും ചിലപ്പോൾ അയാൾക്കു ഗ്രഹിയ്ക്കാൻ കഴിയാതെ വരാൻ ഇടയുണ്ടു്. പ്രസിദ്ധീകരിയ്ക്കപ്പെടുന്നതിനുമുമ്പുതന്നെ മാവോയുടെ കവിതകൾക്കു് വേണ്ടത്ര പ്രചാരം ചൈനയിലെവിടെയും ലഭിച്ചു കഴിഞ്ഞിരുന്നു. ദീൎഘകാലത്തെ വിപ്ലവപ്രവൎത്തനങ്ങളിൽനിന്നുൾക്കൊണ്ടിട്ടുള്ള അനുഭവങ്ങളിൽനിന്നും ഭാഷയിലുള്ള അസാമാന്യമായ പ്രാവീണ്യത്തിൽനിന്നും എഴുതപ്പെട്ടിട്ടുള്ള അദ്ദേഹത്തിന്റെ കവിതകൾക്കു് വായനക്കാരിൽ മായാത്ത പ്രതികരണങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ടു്. മാവോയുടെ ഓരോ കവിതയും പാനാൎഹങ്ങളാണു്. അദ്ദേഹത്തിന്റെ "ചാങ്ങ്ഷാ," "നീന്തൽ," എന്നീ കവിതകളെക്കുറിച്ചു് നമുക്കു് ഒരവലോകനം നടത്താം.

THE KOTTAYAM PUBLIC LIBRARY KOTTAYAM.

ഹൂണാനിലാണ് മാവോ ജനിച്ചത്. ഷാങ്ഷാ യിലാണ് മാവോ പഠിച്ചതും ജീവിച്ചതും. വളരെക്കാലങ്ങൾക്കുശേഷം അവിടം വിട്ടുപോയപ്പോൾ അവിടുത്തെ ഭൂപ്രകൃതിയും മനോഹരമായ ചുററുപാടുകളും അദ്ദേഹത്തിൻെറ മനോദപ്പണത്തിൽ പ്രതിബിംബിച്ചു. മനോജ്ഞമായ ശരൽക്കാലം. ഓറഞ്ചുദ്വീപസമൂഹങ്ങളുടെ തീരത്തുനിന്നുകൊണ്ട് ഉത്തരദിക്കിലേക്കു പാഞ്ഞുപോകുന്ന സിയാങ്ങ്നദിയിലേക്കു കവി, കണ്ണു പായിക്കുകയാണ്. ശരൽക്കാലഭംഗി അനുപമശോഭയോടുകൂടി വിരാജിച്ചു. വാസന്തച്ചെന്തളിരുപോലുള്ള പത്രങ്ങളോടുകൂടിയ വൃക്ഷനിരകൾ മലകളെ ചോപ്പണിയിച്ചു. തടിനീജലം നീലനിമ്മലമാണ്. അതിൽ നൂറു നൂറു കളിവള്ളങ്ങൾ ഓടിക്കളിക്കുന്നു. അനന്തമായ ആകാശപ്പരപ്പിൽ കഴുകന്മാർ വട്ടമിട്ടു പറക്കുന്നു; മത്സ്യങ്ങൾ ജലപ്പരപ്പിൽ ഊളിയിട്ടു നീന്തുന്നു; ഈ മനോജ്ഞദിനത്തിൽ താഴെയും മേലുമുള്ള ജീവജാലങ്ങൾ ജീവനിൽ മുങ്ങിനില്ക്കുകയാണ്.

കരയിൽനിന്നു വീക്ഷിക്കപ്പെടുന്ന ഈ രംഗം ഒരു പെയിൻറിംഗ് ചിത്രത്തിലെന്നവണ്ണം വ്യക്തവും മനോഹരവുമാണ്. ജീവൻ തുടിക്കുന്ന, സ്വാതന്ത്ര്യദാഹികളായ ചിത്രങ്ങളാണ് കവി വരച്ചു കാട്ടുന്നത്. അദ്ദേഹത്തിൻെറ ഉന്നതാശയങ്ങളും ശുഭാപ്തി വിശ്വാസവും വ്യക്തമായി നിഴലിച്ചു കാണുന്നതിവിടെയാണ്. പവ്വതങ്ങളെയും അരുവികളെയും ശോണാഭമായ പത്രങ്ങളെയും ഉയരെപ്പറക്കുന്ന കഴുകന്മാരെയും ജലത്തിൽ നീന്തിത്തുടി

ക്കുന്ന മത്സ്യങ്ങളെയും—അങ്ങനെ എല്ലാം ചിത്രീകരിച്ച തിനുശേഷം അദ്ദേഹം മനോഹരമായ ചില വരികളിൽ പാടുന്നതു നോക്കുക.

"മോചനകുതുകികൾ ലക്ഷം ജീവികൾ-

തുടിക്കുമിവിടീവാനിൻ കീഴിൽ"

അങ്ങനെ ഈ പ്രതിബിംബങ്ങളുടെയെല്ലാം പ്രാധാന്യം ഉയർത്തിക്കാട്ടപ്പെടുന്നു. ജീവിതവും ചലനവുമെല്ലാം നേരിൽക്കണ്ട ബോദ്ധ്യമായിട്ട് കാലത്തെയും പരപ്പിനെയും മനസ്സിലാക്കുന്ന കവി താത്വികമായ ഒരു ചോദ്യം ഉന്നയിക്കുന്നു.

"അനന്തനീലിമ,യാദ്യേ ഭ്രുവേ,

യാരാണധിപൻ പ്രകൃതിയ്ക്കു്"........

ഈ ചോദ്യം കവിതക്കു കൂടുതൽ അഗാധമായ അർത്ഥം സൃഷ്ടിക്കുന്നു. ഇതു് വെറും പ്രകൃതി വർണ്ണനാപരമായ ഒരു കവിതയല്ല; നേരെമറിച്ചു് ഈ പ്രകൃതിവർണ്ണന കൂടാതെ ഇങ്ങനൊരു ചിത്രം വരച്ചുകാട്ടുക സാദ്ധ്യമല്ല തന്നെ.

ഈ കവിതയുടെ ഉത്തരാർദ്ധം ഓർമ്മകളുടെ അയവിറക്കലുകളാണു്. കവി തന്റെ യൗവനത്തെ അനുസ്മരിക്കുന്നു: ഒഴുകുന്ന ജലംപോലെ വർഷങ്ങൾ കടന്നുപോയി. എത്ര അതിശയകരമായ വർഷങ്ങൾ! അന്നത്തെ രാഷ്ട്രീയ ചുററുപാടുകളോടു് അസഹനീയമായ വെറുപ്പുള്ളവരും അസംതൃപ്തിയുള്ളവരും, ആത്മവിശ്വാസികളുമായ ചെറുപ്പക്കാരോടൊത്താണു് മാവോ ചാങ്ഷായിൽ ജീവിച്ചി

രുന്നതു്. അന്നത്തെ വൃത്തികെട്ട രാഷ്ട്രതന്ത്രജ്ഞന്മാരെയും യുദ്ധക്കൊതിയന്മാരെയും മാവോ നിസ്സാരന്മാരായി കരുതി. ചുരുക്കത്തിൽ വിപ്ലവപരമായ ശുഭാപ്തി സൂചനയെയാണു് കവിത പ്രതിനിധീകരിക്കുന്നതു്, 'വായനക്കാരിൽ ആവേശവും ശക്തിയും പകൎന്നു' കൊടുക്കുന്നതു് ഇതാണു്.

"നീന്തൽ" എന്ന കവിതയിൽ, കവി, തനിക്കുള്ള നീന്തൽചാതുരിയാണു് പ്രകടമാക്കിയിരിക്കുന്നതു്. നിസ്സാരമായ ഒരു വിഷയത്തെക്കുറിച്ചാണല്ലോ ഈ കവിത എന്നു നമുക്കു തോന്നും. എന്നാൽ എത്രയോ ബൃഹത്തായ ആശയങ്ങളാണിതിൽ ഉൾക്കൊണ്ടിരിക്കുന്നതു്. ഈ യുഗത്തിന്റെ സൎഗ്ഗശക്തിയേയാണിതു കുറിക്കുന്നതു്; സോഷ്യലിസ്റ്റ് നിർമ്മാതാക്കളുടെ ശക്തിയേയാണു് എടുത്തുകാട്ടുന്നതു്. അകൃത്രിമമായ ഭാവനാസമ്പന്നതയോടുകൂടിയാണു് ഇതു ചിത്രീകരിക്കപ്പെട്ടിരിക്കുന്നതു്.

കാരക്കോറം പർവ്വതനിരകളെപ്പററി 'കുൻലാൻ' എന്ന പേരിൽ സ: മാവോ എഴുതിയിട്ടുള്ള കവിത അമൂല്യമായ ഒന്നാണു്. ഇതുമാതിരി ഒരു വിഷയം കൈകാര്യംചെയ്യുന്നതു് ഒരു കവിയോടുള്ള വെല്ലുവിളിയായി വേണം കണക്കാക്കുവാൻ. കാരണം, കാരക്കോറങ്ങൾ പ്രാകൃതിക സൌന്ദൎയ്യങ്ങളുൾക്കൊള്ളുന്നതും ചുററുപാടുകളാൽ വ്യതിരിക്തവുമാണു്. അനന്തമായ പല കടങ്കഥകളും ചുററിപ്പററി നില്ക്കുന്ന ഒരു പൎവ്വതനിരയാണിതു്. ചരിത്രപരമായും ഇത്രയധികം പ്രാധാന്യമർഹിക്കുന്ന ഒരു പർവ്വതനിരയെ പ്രതിപാദ്യമായി സ്വീകരിക്കുക അത്ര നിസ്സാരമാ

യ ഒരു സംഗതിയല്ല അതിൻെറ ഉയരവും ശൈത്യവും- ഈ രണ്ടു ഘടകങ്ങളെയാണ് കവി ആധാരമായെടുത്തിട്ടുള്ളത്.

"ഭൂവിന്നുയരത്തുയരത്തായാ-
വാനത്തുരസ്സും ഗിരിശ്രേഷ്ഠാനീ,
പാരിലെ സർവ്വമനോഹാരിതയും,
നേരിൽക്കണ്ടുകഴിഞ്ഞവനല്ലേ!

ഒരു പർവ്വതശ്രേണിയെ വാളാൽപ്പകുത്ത് മൂന്നു ഖണ്ഡമായിത്തിരിയ്ക്കണമെന്നു പറയുന്ന ധീരമായ ഭാവന, വായനക്കാരിലുണ്ടാക്കുന്ന അനുഭൂതി സവിശേഷമാണ്. കാരക്കോറങ്ങളുടെ ചൂടും വെളിച്ചവും ഏഷ്യക്കും യൂറോപ്പിനും അമേരിക്കക്കും പങ്കുവെക്കണമെന്നാണ് കവി ഉത്ബോധിപ്പിക്കുന്നത്. ലോകസമാധാനവും രാഷ്ട്രാന്തരീയ സൗഹാർദ്ദവും ഇത്രയേറെ മനോഹരമായി ആവിഷ്കരിച്ചിട്ടുള്ള കവികൾ ചുരുക്കമാണ്. ഇത്തരം ഒരു കവിതയെഴുതുവാൻ ഒരു മഹാകവിയ്ക്കോ മഹാനായ ഒരു വിപ്ലവകാരിക്കോ മാത്രമേ കഴിയുകയുള്ളു. വൈകാരികസാന്ദ്രതയും സത്യസന്ധതയും കരുത്തുമുള്ള കവിതകളാണ് മാവോയുടെ തൂലികയിൽനിന്നും രൂപം പ്രാപിച്ചിട്ടുള്ളത്. കവിയുടെ വീക്ഷണത്തിൽനിന്നും ഭാവനകളിൽനിന്നും അവിഭാജ്യമായി നിൽക്കുന്നതാണ് ഈ കലാസൃഷ്ടികളുടെ സത്ത. മുദ്രാവാക്യങ്ങളിൽനിന്നും തത്വോപദേശങ്ങളിൽനിന്നും സ്വതന്ത്രമായ, ജീവസ്സുററ കവിതകളാണ് മാവോയുടേത്. അദ്ദേഹത്തിൻെറ ഓരോ കവിതയും ഓരോ സൗന്ദര്യശില്പങ്ങളാണ്.. അഗാധമായ അ

നുഭവജ്ഞാനത്തിൽ നിന്നല്ലാതെ ഒന്നുംതന്നെ എഴുതാൻ പാടില്ലെന്നു് മാവോ നമ്മെ പഠിപ്പിക്കുന്നു. മുദ്രാവാക്യങ്ങൾ എഴുതിച്ചേർത്താൽ അതു കവിതയാവില്ലെന്നു് മാവോ അനുശാസിക്കുന്നു. യാഥാർത്ഥ്യങ്ങളെ ചുരുങ്ങിയ വാക്കുകളിൽ ഒതുക്കിക്കൂട്ടുവാൻ മാവോയ്ക്കുള്ള കഴിവു് അത്ഭുതാവഹമാണു്. വ്യക്തതയിലും, ലാളിത്യത്തിലും ആശയസ്ഫുരണത്തിലും മാവോയുടെ കവിതകൾ വായനക്കാരിൽ മായാത്ത ഓർമ്മകൾ സൃഷ്ടിക്കാൻ കഴിയുന്നവയാണു്. ചൈനീസ് സാഹിത്യത്തിൽ മാവോയ്ക്കുള്ള പാണ്ഡിത്യം അന്യാദൃശമാണു്. ചൈനീസ്സാഹിത്യത്തിലെ മിക്ക ക്ലാസ്സിക്കൽ കൃതികളും അദ്ദേഹം വായിച്ചിട്ടുണ്ടു്. അതിൽനിന്നും സുന്ദരമായ പലതും ഉൾക്കൊള്ളുകയും ചെയ്തിട്ടുണ്ടു്. പഴയതെല്ലാം വായിക്കുകയും പഠിക്കുകയും ചെയ്തിട്ടുണ്ടെന്നിരിക്കിലും അദ്ദേഹം പഴമയുടെ അടിമയല്ല.

'ചിങ്ങ്കാങ്ങ്പർവ്വതം' എന്ന കവിതയിൽ ചിങ്ങ്കാങ്ങ് പർവ്വതനിരകളിൽ വച്ചു് ചോപ്പുപടയും ക്രമിന്താങ്ങ് പട്ടാളവും തമ്മിലുള്ള പോരാട്ടത്തെ ചിത്രീകരിച്ചിരിക്കുന്നു. ക്രമിന്താങ്ങ്പട്ടാളം എണ്ണത്തിലും വലുപ്പത്തിലും കരുത്തേറിയതായിരുന്നു. നിർണ്ണായകമായ ഒരു ഘട്ടമായിരുന്നു അതു്. എന്നിരിയ്ക്കിലും ചോപ്പുപടയെ നീക്കംചെയ്യുന്നതു് പർവ്വതനിരകളെ നീക്കംചെയ്യുന്നതിലും പ്രയാസമേറിയ സംഗതിയാണെന്നു് വായനക്കാരെ ബോദ്ധ്യമാക്കത്തക്കവണ്ണം കവിത അത്രയധികം മാദകതയുള്ളതും ശുഭസൂചകവും നിശ്ചയദാർഢ്യമുള്ളതുമാണു്.

കവി തൻെറ നിശ്ചയദാർഢ്യത്തെ വിളിച്ചറിയിക്കുകയാണ് കവിതയിലൂടെ ചെയ്യുന്നത്. ജനതയുടെ അജയ്യമായ ശക്തിയിലുള്ള വിശ്വാസം പ്രകടമാക്കുകയാണ് ഇവിടെ ചെയ്തിരിക്കുന്നത്. ചൈനീസ് ജനകീയവിപ്ലവത്തിൻെറ വിജയസൂചനയാണ് ഈ കവിതയിലൂടെ കവി നൽകുന്നത്.

ഒരു കവിയെന്ന നിലയിൽ മാവോയുടെ പ്രശസ്തി അദ്വിതീയമാണ്. പ്രാകൃതികഭംഗിയും മാവോയുടെ ചിന്തയും ചേർന്നുള്ള സമ്മേളനം സവിശേഷമാണ്. മാവോയുടെ 'നീണ്ട യാത്ര' എന്ന കവിത ചൈനയിലെവിടെയും പ്രസിദ്ധമാണ്. ചോപ്പുസൈന്യത്തിൻെറ ധീരോദാത്തതയെ സാഹിത്യത്തിലേക്ക് പകർത്തുകയെന്നത് അത്ര എളുപ്പമേറിയ സംഗതിയല്ല. വളരെയധികം നാടകകൃത്തുക്കളും, നോവലിസ്റ്റുകളും, കവികളും ഒന്നോ രണ്ടോ സംഭവങ്ങളെമാത്രമേ എടുത്ത് എഴുതാറുള്ളൂ. എന്നാൽ മാവോ ആകട്ടെ എട്ടുവരികളിൽ ചെമ്പടയുടെ ദീർഘയാത്രയും അതിലടങ്ങിയിരിക്കുന്ന ക്ലേശങ്ങളും സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു!

1927നും 1936നും ഇടയിൽനടന്ന ചൈനീസ് ആഭ്യന്തരയുദ്ധകാലത്ത് മാവോ പല നല്ല കൃതികളും രചിച്ചിട്ടുണ്ട്. അവയെല്ലാം വിപ്ലവത്തിൻെറ ശക്തിയെ വർദ്ധിപ്പിച്ചു. ചോപ്പുസൈന്യത്തിൻെറ ത്യാഗോജ്ജ്വലമായ സമരചരിത്രം രോമഹർഷത്തോടുകൂടി മാത്രമേ വായനക്കാരനു ഗ്രഹിയ്ക്കാൻ പററൂ. അത്രയധികം സുന്ദരമാ

യി മാവോ അതു വരച്ചുകാട്ടുന്നു. ചോപ്പുസൈന്യത്തിന്റെ വിജയാശ്വാസവും ഒരു വിപ്ലവകാരിയുടെ ധീരതയും ഒത്തിണങ്ങിയതാണു് മാവോയുടെ കലാസൃഷ്ടികൾ.

വൈയ്യക്തികമായ അഭിലാഷങ്ങൾ സാധൂകരിക്കപ്പെട്ടുന്നില്ലെങ്കിൽ മനുഷ്യൻ നിരാശപ്പെടരുതെന്നു് മാവോ തൻെറ 'പവ്വതം' എന്ന കവിതയിലൂടെ മനുഷ്യരാശിയെ ഉത്ബോധിപ്പിച്ചിരിക്കുന്നു.

ഹേമന്തം വന്നണയുമ്പോൾ ഉത്തരചൈന പല മാററങ്ങളും കണ്ടെത്തുന്നു. ഭൂമി മുഴുവൻ മഞ്ഞുകൊണ്ടു മൂടപ്പെട്ടും. എവിടെയും മനോജ്ഞമായ വെണ്മയായിരിക്കും ദൃശ്യമാവുക. കാലാവസ്ഥ ഭേദപ്പെട്ടുമ്പോൾ ചുവന്ന സൂര്യ്യകിരണങ്ങൾ വെണ്മഞ്ഞുകട്ടകളെ പ്രകാശിപ്പിയ്ക്കുകയും അവിടമാകെ മനോഹരമായി തോന്നുകയും ചെയ്യും. ചൈനയുടെ ഐക്യത്തിനുവേണ്ടി ജീവാപ്പ്ണംചെയ്ത മഹാത്മാക്കളെ മാവോ അനുസ്മരിക്കുകയും അവൎക്കു് അഭിവാദനങ്ങൾ നേരുകയും ചെയ്യുന്നു. 'മഞ്ഞു്" എന്ന കവിത പ്രസിദ്ധീകരിച്ചപ്പോൾ അതൊരു വിപ്ലവംതന്നെ സൃഷ്ടിച്ചു. വളരെയധികം വായനക്കാരെയും എഴുത്തുകാരെയും ആകർഷിച്ച ഒരു കവിതയാണിതു്. ഒരു നല്ല സാഹിത്യസൃഷ്ടിയുടെ ഗുണം അതിൻെറ സർവ്വവ്യാപകത്വത്തെ ആൎക്കും തടയാൻ കഴിയുന്നില്ലെന്നുള്ളതാണു്. അനേകം വിദേശഭാഷകളിലേക്കു് ഈ കവിത തജ്ജമചെയ്യപ്പെട്ടിട്ടുണ്ടു്.

'അനശ്വരർ' എന്ന കവിത 1957ലാണു് മാവോ രചിച്ചതു്. 20 വർഷങ്ങൾക്കു മുമ്പു നടന്ന വിപ്ലവത്തിൽ

ആത്മത്യാഗംചെയ്ത രണ്ടു ധീരസഖാക്കളുടെ സ്മരണയ്ക്കായിട്ടാണ് ഇതെഴുതിയിട്ടുള്ളത്. ചുരുക്കിപ്പറഞ്ഞാൽ ലക്ഷണയുക്തമായ ഒരു കവിതയാണിത്. വൈകാരികസാന്ദ്രവും ശക്തിമത്തുമായ ഭാവങ്ങളാലാണ് ഇതാവിഷ്കരിച്ചിരിയ്ക്കുന്നത്. മാവോയുടെ കവിതകൾ ചൈനീസ് ഭാഷയിലെ അമൂല്യനിധികളാണ്. അവ എന്നും മാവോയെ അനശ്വരനാക്കും.

"നീലവിശാലനദീതീരങ്ങളി-
ലരുണിമകലരും തരുശ്രേണികളും...."

എന്നും,

"ത്യാഗോജ്ജ്വലമാം നാളുകളിൽയുവ-
ധീരരുഞങ്ങൾ വിദ്യാർത്ഥികളും...."

എന്നും തുടങ്ങിയ കവിതകൾ എത്ര മനോഹരവും അർത്ഥവത്തുമാണ്.

# സോഷ്യലിസ്റ്റ് റീയലിസം

സോഷ്യലിസ്റ്റ് റീയലിസം ഒരു മുരട്ടു സിദ്ധാന്തമോ ചട്ടക്കൂടോ അല്ല. അതു് ഒരു സാങ്കേതിക മാൎഗ്ഗമാണു്. ഒരു രാജ്യത്തിന്റെ സവിശേഷ സംസ്കാരത്തിനും ദേശീയ പാരമ്പൎയ്യങ്ങൾക്കമനുസരിച്ചു് വ്യത്യസ്തരാജ്യങ്ങളിൽ വ്യത്യസ്ത സ്വഭാവമുൾക്കൊള്ളുന്നതായിരിക്കും ഈ സാങ്കേതികമാർഗ്ഗം. ഒരു രാജ്യത്തു് സോഷ്യലിസ്റ്റ് റീയലിസം വളൎന്നുവരാൻ ആവശ്യമായ ചില വസ്തുനിഷ്ഠസാഹചൎയ്യങ്ങൾ അനിവാൎയ്യമാണു്. അലക്സാണ്ടർ ഫദയേവു് അതിനെക്കുറിച്ചിങ്ങനെയാണു പറയുന്നതു്. "വിപ്ലവകാരിയായ തൊഴിലാളിവൎഗ്ഗത്തിനു് സ്വന്തം ശക്തിയിൽ ബോധമുണ്ടാവുകയും ഒരു കമ്മ്യൂണിസ്റ്റ് മുന്നണിപ്പട ഉണ്ടാവുകയും ചെയ്തിട്ടുള്ള രാജ്യങ്ങളിലൊക്കെ സോഷ്യലിസ്റ്റ് റീയലിസത്തിനു നിലനില്ക്കാൻ കഴിയും." ഇതിൽനിന്നും മുതലാളിത്ത വ്യവസ്ഥയിൻകീഴിൽ സോഷ്യലിസ്റ്റ് റീയലിസം വളരുകയില്ലെന്നൎത്ഥമാക്കേണ്ടതില്ല. സോഷ്യലിസ്റ്റ് വിപ്ലവത്തിനുശേഷം മാത്രമേ സോഷ്യലിസ്റ്റ് റീയലിസം യാഥാൎത്ഥ്യമാവൂ എന്ന വാദഗതി അ

ശേഷം ബാലിശമായിട്ടേ കരുതേണ്ടതുള്ളു. മുതലാളിത്ത വ്യവസ്ഥ നിലവിലിരിയ്ക്കേത്തന്നെ, പ്രോലിറേററിയൻ സോഷ്യലിസ്റ്റ് സംസ്കാരം പ്രകടമായി അങ്കുരിച്ചു തുടങ്ങും. അദ്ധ്വാനിക്കുന്നവരും കഷ്ടപ്പെടുന്നവരുമായ ജനസാമാന്യം വളർത്തിക്കൊണ്ടുവരുന്ന ജനാധിപത്യപരവും സോഷ്യലിസ്റ്റുമായ ഒരു ആശയസംഹിത ഉടലെടുക്കുമ്പോൾ സോഷ്യലിസ്ററ് റീയലിസം ആവിർഭവിക്കും" എന്നാണ് ലെനിൻ തൻെറ Art and literature എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നതു്.

മദ്രാസ്സിൽവച്ചുനടന്ന സാഹിത്യപരിഷൽ സമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ട 'നോവൽ നാളെ' എന്ന പ്രമേയത്തിൽ സാഹിത്യകാരന്മാരുടെ സാങ്കേതികമാർഗ്ഗം സോഷ്യലിസ്ററ് റീയലിസമായിരിക്കണം എന്നു പ്രമേയാവതാരകൻ പ്രസ്താവിച്ചു. അതിൻെറ നേരെയുള്ള പ്രതിഷേധക്കൊടുങ്കാററും കാറും കോളും മലയാളസാഹിത്യനഭോമണ്ഡലത്തെ പ്രക്ഷുബ്ധമാക്കിയിരിക്കയാണല്ലോ. അവിടെയും ഇവിടെയും ചീററലും തുമ്മലും കേൾക്കുന്നുണ്ടു്. സോഷ്യലിസ്ററ് റീയലിസത്തിനു സമയമായിട്ടില്ലെന്നാണു് പ്രതിഷേധക്കാരുടെ മതം.

1947-ൽ ഇന്ത്യ സ്വതന്ത്ര്യയായി. രാഷ്ട്രീയാധികാരം മാത്രമേ കൈവന്നുള്ളു. സാമ്പത്തിക രംഗത്തു് കൊളോണിയലിസത്തിൻെറ അവശിഷ്ടങ്ങൾ പ്രബലമായി നിലനില്ക്കുകയും തുടർന്നു നിലനിന്നു വരികയും ചെയ്യുന്നു. തൊഴിലില്ലായ്മ ഉഗ്രമായി നമ്മെ ഗ്രസിച്ചു കഴിഞ്ഞിരി

ക്കകയാണ്. ജനസംഖ്യയിൽ അധികഭാഗവും കഷ്ട പ്പെട്ടുന്നവരാണ്. ഇങ്ങനെ അദ്ധ്വാനിക്കുകയും കഷ്ടപ്പെ ടുകയും ചെയ്യുന്ന ജനകോടികൾക്ക് ആശ്വാസം നൽകുക യും ദുരിതങ്ങളിൽനിന്നും കരകയററുകയും ചെയ്യാൻ പദ്ധ തികൾ രൂപം പ്രാപിക്കുന്നു. ദേശീയ പുനർനിർമ്മാണ ത്തിൻെറ ആവശ്യം ജനങ്ങൾക്കും ഭരണാധികാരികൾക്കും ബോദ്ധ്യപ്പെട്ടു. ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥയിൽ ജന്മിത്തത്തിനും മുതലാളിത്തത്തിനുമുള്ള പിടിവിട്ടുവിച്ചേ തീരൂ. ഈ പരിതഃസ്ഥിതികളിൽ സോഷ്യലിസം പ്ര ഖ്യാപിതനയമായി കാൺഗ്രസ്സ് അംഗീകരിച്ചു. സോ ഷ്യലിസ്ററ് മാതൃകയിലുള്ള ഒരു സമുദായമാണ് ഇന്നു ഗവണ്മെൻറിൻെറ ലക്ഷ്യം. സോഷ്യലിസം എന്ന ത ത്വം അംഗീകരിച്ച ഒരു രാജ്യത്തു് സോഷ്യലിസ്ററ് റീയ ലിസം നിഷിദ്ധമായി കരുതുന്നതു് ഒരു വൈരുദ്ധ്യമാണ്. ഇതിനെത്രയോ മുമ്പുതന്നെ ഭാരതത്തിലെ പുരോഗമന സാഹിത്യകാരന്മാർ തൊഴിലാളി കർഷക പ്രസ്ഥാനങ്ങ ളോടു ചേർന്നുനിന്നുകൊണ്ടു് സാർവ്വദേശീയ സോഷ്യലിസ ത്തിൻെറ സ്വാധീനശക്തിയിൽ പ്രേരിതരായി സർഗ്ഗാത്മ കമായ സാഹിത്യരചന നടത്തിത്തുടങ്ങിയിരുന്നു. ക ലാപരമായ വൈദഗ്ദ്ധ്യവും പരിപക്വതയും നേടിക്കഴി ഞ്ഞവരായിരുന്നില്ല അവരിൽ പലരും. എങ്കിലും, അവ രുടെ കൃതികളിൽ സോഷ്യലിസ്ററ് റീയലിയസത്തിൻെറ ചില അംശങ്ങൾ അടങ്ങിയിരുന്നു. സോഷ്യലിസവും മാർക്സിസവും സ്വീകരിച്ചില്ലെങ്കിൽക്കൂടി, നിലവിലുള്ള സാമൂഹ്യവ്യവസ്ഥയുടെ ദോഷങ്ങളും വൈകൃതങ്ങളും തുറന്നു

കാണിക്കുന്ന എഴുത്തുകാരുടെ എണ്ണം കൂടിക്കൊണ്ടുതന്നെ യിരുന്നു. ഭാരതത്തിന്റെ ദേശീയ നയങ്ങളിലും ഭാവങ്ങ ളിലും എന്തെന്തു മാററങ്ങളാണു സംഭവിച്ചതു്! ഇന്നു് പുരോഗമനസാഹിത്യകാരന്മാരുടെയും പുരോഗമനശ ക്തികളുടേയും പ്രബലമായ സംഘടനാകളും പ്രസ്ഥാനങ്ങ ളും നിലവിലുണ്ടു്. ഈ സാഹചര്യങ്ങളിൽവേണം മല യാളസാഹിത്യത്തിലെ സോഷ്യലിസ്റ്റ് റീയലിസത്തെ വിലയിരുത്തേണ്ടതു്. കേരളത്തിൽ ഇന്നു് കൃഷിക്കാരു ടെയും തൊഴിലാളികളുടെയും ശക്തിയും സ്വാധീനവും വൎദ്ധിച്ചിരിക്കുന്നു. ഷഡയേവിന്റെയും ലെനിന്റെയും അഭിപ്രായങ്ങളെ ആദരിക്കുവാൻ തയ്യാറുള്ളവർ ഇന്നു കേരളത്തിലെ സാഹിത്യകാരന്മാർ സോഷ്യലിസ്റ്റ് റീയ ലിസം സാഹിത്യസൃഷ്ടിക്കുള്ള സാങ്കേതിക മാൎഗ്ഗമായം ഗീകരിക്കുന്നതിൽ അപാകതയുണ്ടെന്നു പറയുവാൻ ധൈ ൎയ്യപ്പെടുകയില്ല. സോഷ്യലിസ്റ്റ് റീയലിസം സാങ്കേതി കമാൎഗ്ഗമായംഗീകരിക്കുന്ന സാഹിത്യകാരന്മാർ കേരള ത്തിൽ നിരവധിയുണ്ടു്. ഈ ചുററുപാടുകളിൽ കേരള ത്തിൽ സോഷ്യലിസ്റ്റ് റീയലിസത്തിനു കാലമായിട്ടില്ലെ ന്നു വാദിക്കുന്നവർ വിശ്വസാഹിത്യരംഗത്തു് സോഷ്യലി സ്റ്റ് റീയലിസത്തിന്റെ വളൎച്ച്യുടെ ഗതിക്രമം അറി ഞ്ഞിരിക്കുന്നതു നന്നായിരിക്കും.

19-ാം നൂററാണ്ടിലെ ഏററവും വിപ്ലവകാരികളാ യ കവികൾകൂടി ആസന്നമായ സോഷ്യലിസ്റ്റ് വിപ്ല വത്തെ വളരെ സാമാന്യനിലയിൽ കാഴ്ചപ്പാടിൽ

മാത്രമേ കണ്ടിരുന്നുള്ളു. 'സർവ്വരാഷ്ട്രഗാന'ത്തിൻെറ രചയിതാവും പാരീസ് കമ്മ്യൂണിൻെറ കവിയുമായ 'യൂജനീപോട്ടിയേർ' കാൽനൂററാണ്ടിനുശേഷമാണ് വിപ്ലവകാരിയായ തൊഴിലാളിയെ അയാളുടെ എല്ലാവിധ മഹത്വത്തോടും ശക്തിയോടുംകൂടി ചിത്രീകരിച്ചതു്. സമകാലികജീവിതത്തിൽ സോഷ്യലിസ്റ്റാശയങ്ങളെ ആവിഷ്ക്കരിക്കാനും അവയെ വ്യക്തമായ ചിത്രങ്ങളിൽ സമൂർത്തമായി കാണിക്കാനും എഴുത്തുകാരനുപയോഗിക്കാവുന്ന സാമഗ്രികൾ അന്നു ദുർല്ലഭമായിരുന്നു. പിന്നീടുള്ള തൊഴിലാളിപ്രസ്ഥാനത്തിൻെറ വളർച്ചയോടു കൂടിയാണ് പശ്ചിമയൂറോപ്യൻ സാഹിത്യത്തിൽ ജനാധിപത്യാശയം ശക്തിപ്പെട്ടതു്.

വിശ്വസാഹിത്യത്തിൽ സോഷ്യലിസ്ററ് റീയലിസത്തിൻെറ ഉപജ്ഞാതാവു് മാക്സിം ഗോർക്കിയാണ്. വിപ്ലവപ്രസ്ഥാനത്തിൻെറ കേന്ദ്രം റഷ്യയിലേക്കു നീങ്ങിയപ്പോൾ റഷ്യൻ തൊഴിലാളിവർഗ്ഗം പ്രദർശിപ്പിച്ച വളന്നുവന്ന ധീരതയേയും തൊഴിലാളി രാഷ്ട്രീയ ബോധത്തേയും ആവിഷ്ക്കരിക്കുന്നതായിരുന്നു അദ്ദേഹത്തിൻെറ കൃതികൾ. ഗോർക്കിയുടെ "അമ്മ"യാണ് അംഗീകാരം നേടിയ സോഷ്യലിസ്ററ് റീയലിസ്റ്റ് കൃതി. അതു വാസ്തവത്തിൽ സോഷ്യലിസ്ററ് റീയലിസമല്ല; റവല്യൂഷണറി റീയലിസമാണ്. ഗോർക്കി പറയുന്നു—"സാഹിത്യം യഥാർത്ഥത്തിൽ മുകളിലേയ്ക്കുയരണം. യാഥാർത്ഥ്യത്തെ മുകളിൽനിന്നും നോക്കിക്കാണണം. യാഥാർത്ഥ്യത്തിൻെറ കേവല ചിത്രീകരണം മാത്രമല്ല നാമുദ്ദേശിക്കുന്ന

ത്തു്. നാമാഗ്രഹിക്കുന്ന സോഷ്യലിസ്ററ് വ്യവസ്ഥിതിയെക്കുറിച്ചും ചിത്രങ്ങളെഴുതണം........കലാകാരൻ, ഭൂതം, ഭാവി, വത്തമാനം ഇവയെ അപഗ്രഥിച്ചു പഠിക്കേണ്ടതാണു്. സോഷ്യലിസ്ററ് കൃതികൾ യഥാത്ഥ സമകാലികവർഗ്ഗബന്ധത്തെ മാർക്സിസ്റ്റ് വീക്ഷണകോണത്തിൽക്കൂടി ഭംഗിയായി പ്രതിഫലിപ്പിക്കുന്നു..........മനുഷ്യൻ പരാജിതനല്ല, പരാജയപ്പെട്ടിട്ടുള്ളവനുമല്ല. മനുഷ്യൻ ജേതാവാണു്. മരണകരമായി മുറിവേററു കിടക്കുമ്പോഴും അവൻ ജേതാവാണു്. ഈ ശുഭപ്രതീക്ഷയാണു് സോഷ്യലിസ്ററ് റീയലിസത്തിൻെറ വെളിച്ചം. എത്ര സുദൃഢമായ അഭിപ്രായമാണിതു്. ലെനിൻെറ സാഹിത്യപക്ഷപാതസിദ്ധാന്തത്തിന്മേലാണു് ഗോക്കിയുടെ മഹത്തായ പ്രതിഭ വളന്നതു്. ഒന്നാം റഷ്യൻ വിപ്ലവകാലഘട്ടത്തിലെ ബഹുജനസ്വാതന്ത്ര്യപ്രസ്ഥാനത്തിൻെറ മഹത്തായ അലയൊലിയെ പ്രതിദ്ധ്വനിപ്പിച്ചുകൊണ്ടു്, ഗോക്കി സോഷ്യലിസ്ററ് റീയലിസത്തിൻെറ അടിക്കല്ലിട്ടു. വിശ്വസാഹിത്യത്തിൻെറയും കലയുടെയും വളച്ച്യിൽ അതു മുന്നോട്ടുള്ള മഹത്തായ ഒരു കാൽവയ്പായിരുന്നു. "അമ്മ"യുടെ ആവിർഭാവത്തിനും 1917 നും ഇടയ്ക്കുള്ള ഗോക്കിയുടെ പ്രമുഖാഖ്യായികളെ പരിശോധിക്കുന്നപക്ഷം, സോഷ്യലിസ്ററ് തത്വശാസ്ത്രത്തെ മാഗ്ഗദർശിയായി സ്വീകരിക്കുകയും സാമാന്യജനങ്ങളുടെ വിപ്ലവമുന്നണിയോടു് അടുത്തു ബന്ധപ്പെടുകയും ചെയ്യുന്ന ഒരു സാഹിത്യകാരനു്, തൻെറ രാജ്യത്തിലെ സോഷ്യലിസ്ററു വിപ്ലവത്തിൻെറ വിജയത്തിനുമുമ്പുതന്നെ സോഷ്യലിസ്ററു

റീയലിസത്തിലേക്കു മുന്നേറാൻ കഴിയുമെന്നു തെളിയുന്നതാണു്. 1916-ലും 1919-ലും രചിച്ച ഹെൻട്രിബാർബ്യുസേയുടെ കൃതികൾ ഇതിനു ദൃഷ്ടാന്തമാണു്. ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ സ്വാധീനശക്തി അതിശയകാരിയായിരുന്നു. അനേകം രാജ്യങ്ങളിലെ പ്രമുഖസാഹിത്യകാരന്മാർ ഒക്ടോബർ വിപ്ലവത്തോടു തികഞ്ഞുകൂറു പ്രകടമാക്കി. ഹെൻട്രി ബാർബ്യുസിനേയും മാർട്ടിൻ ആൽഡേർസൺ നെക്സോവിനെയുംപോലുള്ള പൊരുതുന്ന കലാകാരന്മാരാണു് അതു് ആദ്യമായി ചെയ്തവർ. ജർമ്മനി, ഫ്രാൻസ്, ചെക്കോസ്ലോവാക്യ ബൾഗേറിയ എന്നീ രാജ്യങ്ങളിലെ പല സാഹിത്യകാരന്മാരും അവരെ പിന്തുടർന്നു. രണ്ടാംലോകമഹായുദ്ധത്തെത്തുടർന്നു് അന്താരാഷ്ട്രീയ സ്ഥിതിയിൽ വന്ന വമ്പിച്ച മാററങ്ങൾ, മുതലാളിത്ത രാജ്യങ്ങളിലെ പുരോഗമന സാഹിത്യത്തെ വീണ്ടും പുഷ്ടിയുംഓജസ്സുമുള്ളതാക്കി. ഈ പുരോഗമന സാഹിത്യം കൂടുതൽ സമ്പന്നവും കൂടുതൽ വൈചിത്ര്യസമൃദ്ധവുമായിതീരുകയാണു്. 1920-30 കാലഘട്ടത്തിൽ സോഷ്യലിസ്റ്റ് റീയലിസം പ്രധാനമായി പദ്യരചനയിലും വർണ്ണനാത്മകവും അർദ്ധവർണ്ണനാത്മകവുമായ ഗദ്യരചനയിലും മാത്രമേ പ്രധാനമായി ഉപയോഗിച്ചിരുന്നുള്ളു. വളരെ സാവധാനത്തിലാണതു നോവലിലേക്കു കടന്നതു്. ഹോവാർഡ്ഫാസ്റ്റിന്റെ നോവലുകൾ ഇതിനുദാഹരണമാണു്. പുരോഗമന സാഹിത്യകാരൻ തന്റെ രാജ്യത്തിലെ ചരിത്രയുക്തിയെ ചുഴിഞ്ഞറിയാനും അതിന്റെ ഭാവിയെ ശരിയായ കാഴ്ചപ്പാടിൽ

കാണാനും ശ്രമിക്കുന്നു. അതാണ് ഫാസ്റ്റിൻെറ കൃതികളുടെ സവിശേഷസ്വഭാവമായ ചരിത്രവിഷയമായി വർദ്ധിച്ചുവരുന്ന താല്പര്യത്തിനും അമേരിക്കയുടെ ഭാവിയെക്കുറിച്ചുള്ള അഗാധമായ ഉൽക്കണ്ഠയ്ക്കും ഉള്ള കാരണം. ആധുനിക ബൂർഷ്വാലോകത്തിൽ പുരോഗമനപരമായ ജനാധിപത്യ സാഹിത്യത്തിൻെറ വളർച്ച ഒരു തരത്തിലും ഏകരൂപമായിരുന്നില്ല. വളരെയധികം വൈജാത്യമുള്ള കൃതികളാണ് ഉണ്ടായിക്കൊണ്ടിരുന്നത്. യാഥാർത്ഥ്യത്തെ അതിൻെറ ചരിത്രപരമായ വസ്തുനിഷ്ഠയോടും വിപ്ലവപരമായ മാററത്തോടുംകൂടി വിശ്വസനീയമായി ചിത്രപ്പെടുത്തുന്ന തത്വത്തിന്മേലാണ് സോഷ്യലിസ്റ്റ് റീയലിസം അടിയുറപ്പിച്ചിരിക്കുന്നതു്. മനുഷ്യപുരോഗതിയിൽ സാധാരണ ബഹുജനങ്ങൾക്കു് നിർണ്ണായകമായ ഒരു പങ്കവഹിക്കാനുണ്ടെന്നുള്ളതു് സോഷ്യലിസ്റ്റ് റീയലിസത്തിൻെറ മൗലിക വസ്തുതയത്രേ. ജീവിതത്തെ അതിൻെറ വിപ്ലവപരമായ വളർച്ചയിൽ വരച്ചു കാട്ടണമെന്ന ഈ സിദ്ധാന്തം, സൃഷ്ടിപരമായ മുൻകയ്യിനു്, കഥാപാത്രങ്ങളെ തിരഞ്ഞെടുക്കുന്നതിനു് രണ്ടിനും മഹത്തായ അവസരം നൽകുന്നു. ആധുനികകാലത്തെ സാമൂഹ്യസമരത്തെ വിശ്വസനീയമായി പ്രതിഫലിപ്പിക്കുന്നതും, സ്വാതന്ത്ര്യവും സൗഖ്യവും നേടാനുള്ള തൊഴിലാളികളുടെ അജയ്യമായ കരുത്തിനെ കാണിക്കുന്നതുമായ ഏതൊരു സാഹിത്യകൃതിയും സോഷ്യലിസ്റ്റ് റീയലിസത്തിൻെറ സാങ്കേതിക മാർഗ്ഗത്തോടു് ചായ്‌വുള്ളതാണെന്നു പറയാം. കൃഷൻചന്ദറിൻെറ 'വയലുകൾ ഉണ

ന്നപ്പോ’ഠം എന്ന നോവൽ ഇതിന്നു ഉദാഹരണമാണു്. പുതുമയ്ക്കു് അജയ്യമായ ശക്തിയുണ്ടെന്നു തെളിയിക്കുകയാണു് സോഷ്യലിസ്റ്റ് റീയലിസത്തിന്റെ കടമ; പഴമയെ തള്ളിക്കളയുകയും വേണം. സോഷ്യലിസ്റ്റ് റീയലിസത്തിന്റെ സാങ്കേതികമാൎഗ്ഗം സ്വീകരിച്ചാൽമാത്രമേ സമാധാനത്തിന്നും ജനാധിപത്യത്തിന്നും മനുഷ്യപുരോഗതിക്കുംവേണ്ടി സാഹിത്യകാരന്നു് എന്തെങ്കിലും സംഭാവന തന്റെ കൃതികളിൽക്കൂടെ ചെയ്യാൻ കഴിയൂ. സോഷ്യലിസ്റ്റ് റീയലിസം, സോഷ്യലിസം കൈവരിക്കാൻ വെമ്പുന്ന സാമാന്യജനങ്ങളുടെ ഒരു സാംസ്കാരികായുധമാണു്. ദ്വന്ദ്വാത്മകവും ചരിത്രപരവുമായ ഭൗതികവാദത്തിൽ അധിഷ്ഠിതമാണു് സോഷ്യലിസ്റ്റ് റീയലിസ്റ്റ് പ്രസ്ഥാനം. സോഷ്യലിസ്റ്റാചാൎയ്യനായ ഏംഗൽസിന്റെ നിൎവ്വചനമാണു് ഈ പ്രസ്ഥാനത്തിന്റെ സാൎവ്വലൗകികമായ നിൎവ്വചനം. “Realism implies besides truth of detail, the truthful reproduction of typical characters under typical circumstances.” “പ്രാതിനിധ്യസ്വഭാവമുള്ള കഥാപാത്രങ്ങളെ പ്രാതിനിധ്യസ്വഭാവമുള്ള സാഹചൎയ്യങ്ങളിൽ, സത്യസന്ധമായി വിവരിക്കുന്നതിന്നുപുറമേ, സത്യസന്ധതയോടുകൂടി ചിത്രീകരിക്കുന്നതാണു് റീയലിസം.”

മേൽപ്രസ്താവിച്ച സാഹചൎയ്യങ്ങളിൽ സാൎവ്വലൗകികമായ സോഷ്യലിസ്റ്റ് റീയലിസത്തിന്റെ വളൎച്ചയിലെ വിവിധഘട്ടങ്ങളെയും പതനങ്ങളെയും പരിശോധിക്കുമ്പോഠം ഇന്നു മലയാളത്തിൽ സോഷ്യലിസ്റ്റ് റീയലിസത്തിന്നു കാലമായിട്ടില്ലെന്നു വാദിക്കുന്നവർ ഇരുട്ടിൽ തപ്പു

കയാണെന്നു ബോധ്യമാവും. സമുദായത്തിനും ജനതയ്ക്കും വേണ്ടി സാഹിത്യസൃഷ്ടിചെയ്യാൻ തങ്ങൾ തയ്യാറില്ലെന്നു വാദിക്കുകയാണ് സോഷ്യലിസ്റ്റ് റീയലിസത്തെ അംഗീകരിക്കായ്കമൂലം ഇവർ ചെയ്യുന്നതു്. സോഷ്യലിസം പ്രഖ്യാപിതലക്ഷ്യമായി അംഗീകരിച്ചിട്ടുള്ള ഒരു രാജ്യത്തു സാഹിത്യകാരന്മാർ സോഷ്യലിസ്റ്റ് റീയലിസത്തെ എതിർക്കുകയെന്നാൽ സോഷ്യലിസ്റ്റ് ആദർശങ്ങളോടുള്ള തങ്ങളുടെ അയിത്തം പ്രഖ്യാപിക്കുകയെന്നാണർത്ഥം. അത്തരം സാഹിത്യകാരന്മാർ ജനങ്ങളുടെ ശത്രുക്കളാണ്. ദേശീയപുരോഗതിയും മാനുഷികമൂല്യങ്ങളുടെ വളർച്ചയും കാംക്ഷിക്കുന്ന ഒരു സാഹിത്യകാരനും സോഷ്യലിസ്റ്റ്റീയലിസത്തെ എതിർക്കുക സാദ്ധ്യമല്ല. സാഹിത്യകാരൻഒററയാനാണെന്ന വാദം അംഗീകരിക്കുക സാദ്ധ്യമല്ല. അയാൾ ഒരു സാമൂഹ്യജീവിയാണ്; ഒരു പൗരനും കൂടിയാണ്. സമുദായത്തിലെ ഒരു വ്യക്തിയാണെന്നനിലയ്ക്ക് മാറിവരുന്ന സാമുദായികചലനങ്ങളുടെ അന്തസ്സത്തയെ ഉൾക്കൊള്ളുവാനും സാമൂഹ്യവളർച്ചയുടെ ഗതിക്രമത്തെ ത്വരിതപ്പെടുത്താനും കടപ്പെട്ടവനാണു സാഹിത്യകാരൻ. ഈ അടിസ്ഥാനത്തിൽ ആവണം സാഹിത്യകാരന്മാർ സോഷ്യലിസ്റ്റ് റീയലിസ്റ്റ് സാങ്കേതികസാഹിത്യമാർഗ്ഗത്തെ സമീപിക്കേണ്ടതു്.

# സാഹിത്യകാരനും രാഷ്ട്രീയസ്വാതന്ത്ര്യവും

ഭാഷയിൽക്കൂടി ജീവിതത്തെ പ്രതിഫലിപ്പിക്കുന്ന കലയാണു് സാഹിത്യം. ജനജീവിതത്തെ സമർത്ഥമായ ഭാഷയിലൂടെ, ഹൃദയഹാരിയായി ചിത്രീകരിക്കുവാൻ കഴിയുന്ന ആളിനെ നാം സാഹിത്യകാരൻ എന്നു വിളിക്കുന്നു. തൻെറ ചുററും കാണുന്ന എന്തിനേക്കുറിച്ചും എഴുതുവാനുള്ള സ്വാതന്ത്ര്യം സാഹിത്യകാരനുണ്ടു്. പാട്ടുപാടിക്കൊണ്ടു് പാടങ്ങളിൽ ഞാറുനടുന്ന കർഷകയുവതികളേക്കുറിച്ചും ഭോഗവിലാസങ്ങളിലാസക്തനായി ഉദാസീനമായ ജീവിതം നയിക്കുന്ന ഒരു സുഖലോലുപനെക്കുറിച്ചും കവിതയെഴുതുകയൊ കഥയെഴുതുകയൊ ചെയ്യുവാനുള്ള സ്വാതന്ത്ര്യം സാഹിത്യകാരനുണ്ടായിരിക്കണം. എത്രയും നിസ്സാരമായ ഒരു വസ്തുവിനു് ചിലപ്പോൾ കവിയുടെ ഹൃദയത്തിൽ അഗാധങ്ങളായ ചലനങ്ങളുളവാക്കാൻ സാധിച്ചെന്നുവരാം. അതു അയാൾ കടലാസ്സിലേക്കു് പകർത്തിയെന്നുമിരിക്കും. തിരഞ്ഞെടുക്കുന്ന വിഷയങ്ങളുടെ അപ്രാധാ

ന്യംകൊണ്ടു് ആ സാഹിത്യസൃഷ്ടിയുടെ മേന്മ നശിക്കുന്നില്ല. അതിനു ചിലപ്പോൾ ആ സാഹിത്യകാരനെ അനശ്വരനാക്കാൻ കഴിഞ്ഞേക്കും. ആയിരം തവണ തത്വോപദേശം നടത്തുന്ന ഒരു വേദാന്തിയേക്കാളും ദശാബ്ദങ്ങളായി ശാസ്ത്രീയഗവേഷണങ്ങളിലും ശാസ്ത്രീയബോധത്തിലും ഏർപ്പെട്ടിരിക്കുന്ന ഒരു ശാസ്ത്രകാരനേക്കാളും വേഗത്തിൽ മനുഷ്യമനസ്സിനെ ഇളക്കിമറിക്കുവാനും രൂപാന്തരപ്പെടുത്തുവാനും ഒരു നല്ല സാഹിത്യകാരനു് ചുരുക്കം സമയംകൊണ്ടു് സാധിച്ചുവെന്നുവരും. സാഹിത്യകാരനുള്ള ഈ അന്യാദൃശമായ കഴിവാണു് സമുദായത്തിന്റെ നടുവിൽ അയാൾ ഒരു ചോദ്യചിഹ്നമായിത്തീരുവാൻ ഇടനൽകിയിട്ടുള്ളതു്. ''സാഹിത്യകാരൻ മനുഷ്യാത്മാവിന്റെ എഞ്ചിനിയറാണു്'' എന്ന സ്റ്റാലിന്റെ സുപ്രസിദ്ധമായ നിർവ്വചനം എത്രയോ ശരിയാണു്.

ഭൂമിയിൽ മുളയ്ക്കുന്ന കുമിളിനെയും തുമ്പച്ചെടിയെയും പററിയും, അനന്തമായ ദ്യോവിൽ പറന്നുനീങ്ങുന്ന മേഘപാളികളെയും മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളെയും പററിയും കവിതയെഴുതുകയും കഥകൾ നെയ്യുകയും ചെയ്യുന്ന സാഹിത്യകാരൻ രാഷ്ട്രീയ നിയമാവലികളിൽ നിന്നുകൊണ്ടു് പ്രവത്തിക്കുന്ന സമുദായത്തിലെ ഒരംഗംകൂടിയാണു്. ഒരു രാഷ്ട്രീയ സമുദായത്തിൻകീഴിൽ ഒരു സാധാരണ പൗരനു ബാധകമാകാവുന്ന എല്ലാ നിബന്ധനകളും സാഹിത്യകാരനും ബാധകമാണത്രേ. പൗരാവകാശങ്ങളും നിയമസഹായവുമെല്ലാം സമുദായത്തിലെ ഒരംഗമെന്ന നിലയിൽ സാഹിത്യകാരനു് അനുവദിച്ചിട്ടുള്ളതാ

ണ്. തന്റെ ഉള്ളിൽത്തട്ടുന്ന അനുഭവങ്ങൾ കടലാസ്സിലേക്കുപകത്തുവാനും സാമൂഹ്യാസമത്വങ്ങളെ വിമർശിക്കുവാനും നല്ലൊരു സാമൂഹ്യനീതി പടുത്തുയർത്തുന്നതിനേക്കുറിച്ചുള്ള തന്റെ അഭിപ്രായം വ്യക്തമാക്കുവാനും സാഹിത്യകാരനവകാശമുണ്ട്. ഇതിനെയൊന്നും ആർക്കും നിഷേധിക്കുവാൻ സാദ്ധ്യമല്ല. ഇതെല്ലാം നിഷേധിക്കപ്പെടുകയെന്നാൽ മനുഷ്യാവകാശങ്ങൾ ധ്വംസിക്കപ്പെടുന്നുവെന്നാണർത്ഥം. അതു് ഏതു ഭാഗത്തുനിന്നായാലും ശരി അനുവദിക്കാൻ പാടുള്ളതല്ല.

സാഹിത്യത്തെയും സുകുമാരകലകളെയും കമ്മ്യൂണിസ്റ്റാശയങ്ങളുടെ പ്രചരണത്തിനായി ചില സാഹിത്യകാരന്മാരും കമ്മ്യൂണിസ്റ്റ്കാരും വിനിയോഗിക്കുന്നുവെന്നു് ഒരാക്ഷേപം. കമ്മ്യൂണിസ്റ്റ് വിരുദ്ധതാവളത്തിൽ പതിയിരുന്നുകൊണ്ടു്, ചില 'യഥാർത്ഥ' സാഹിത്യകാരന്മാർ ചില പ്രസ്താവനകൾ പുറപ്പെടുവിക്കുന്നുണ്ടു്. അപരിഷ്കൃതനായ മനുഷ്യന്റെ ജീവിതത്തെ ചിത്രീകരിച്ചിട്ടുള്ള നിരവധി സാഹിത്യകൃതികൾ രചിയ്ക്കപ്പെട്ടിട്ടുണ്ടു്. അടിമവ്യവസ്ഥയെ നിലനിർത്തുവാൻ തൂലിക ചലിപ്പിച്ചിട്ടുള്ള സാഹിത്യകാരന്മാരുണ്ടു്. മുതലാളിത്തസംസ്കാരത്തിന്റെ പരിപാവനതയെ ഉയർത്തിക്കാട്ടുകയും അതിനുചുറ്റും തൂലികകൊണ്ടു നെയ്തെടുത്ത കമ്പിവലകൾ കെട്ടിയവരുമുണ്ടു്. "സൂര്യനസ്തമിക്കാത്ത" ബ്രിട്ടീഷ്സാമ്രാജ്യത്വത്തിന്റെ സവിശേഷതകളെ എടുത്തുകാട്ടുകയും അതിനെ കൂടുതൽ കൂടുതൽ ഉറപ്പിക്കുവാനും ശ്രമിച്ചിട്ടുള്ളവരുണ്ടു്. യഥാർത്ഥമായ ഭൗതികസുഖസമ്പത്തുകൾ മുതലാളിത്തത്തിന്റെ കീഴിൽ

മാത്രമേ പുഷ്ടിപ്പെടുകയുള്ളുവെന്നും വ്യക്തികളുടെ കടിഞ്ഞാണില്ലാത്ത വളർച്ചയും വികസനവും അതിൻകീഴിൽ മാത്രമേ അഭിവൃദ്ധിപ്പെടുകയുള്ളുവെന്നും കൊട്ടിഘോഷിക്കുന്ന പേനയുന്തുകാർ എത്രയോ അധികമുണ്ടു്. ചീഞ്ഞുനാറിയ മുതലാളിത്തസംസ്കാരത്തെപ്പററി എത്ര സ്തുതിച്ചാലും മതിവരാത്ത സാഹിത്യകാരന്മാരുണ്ടു്. അവർക്കൊക്കെയിതാകാം. എന്നാൽ ചുരുങ്ങിയസമയംകൊണ്ടു് മുതലാളിത്തത്തെ പുറന്തള്ളുകയും ഉല്പാദനവിതരണക്രമങ്ങളുടെയും ശാസ്ത്രത്തിൻെറയും കലയുടെയും രംഗത്തു് അത്ഭുതപൂർവ്വമായ വിജയം കൈവരിക്കുകയും ചെയ്ത സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയെപ്പററി മിണ്ടാൻ പാടില്ല! ഇതെന്തൊരു നീതിയാണു്? മുതലാളിത്തത്തെ സ്തുതിച്ചു് കവിതയും കഥയും നാടകവുമെഴുതാം. സോഷ്യലിസത്തെയും കമ്മ്യൂണിസത്തെയുംപററി സാഹിത്യകാരന്മാർ ഉരിയാടാൻ പാടില്ല! ഇതാണു് ഒരുകൂട്ടം കൃതിയെഴുത്തുകാരുടെ വാദഗതി.

സമൂഹത്തിൻെറ വളർച്ചയുടെ ഗതിക്രമത്തെ ആർക്കും തടഞ്ഞുനിർത്താനാവില്ല. ചരിത്രത്തിലാദ്യമായി, അടിമകൾ ഉടമകൾക്കെതിരായി സ്വരമുയർത്തിയപ്പോൾ, നൂററാണ്ടുകളായി അവർ ചുമന്നുവന്ന അടിമത്തനുകം വലിച്ചെറിഞ്ഞുകൊണ്ടു മുന്നോട്ടു കുതിച്ചപ്പോൾ, മഹത്തായ ആ വിമോചനത്തിൻെറ നേർക്കു് പല്ലിളിച്ചുകാട്ടിയ സാഹിത്യകാരന്മാർ ചരിത്രത്തിൻെറ കുപ്പത്തൊട്ടിയിലേക്കു വലിച്ചെറിയപ്പെടുകയും അടിമകൾ ഉയർത്തെഴുന്നേൽക്കുകയും ചെയ്തു. മുതലാളിത്തത്തിൻെറ വാടകയെഴുത്തുകാർ നിര

ന്തരമായി പേനയുദ്ധസമരം നടത്തിയെങ്കിലും ജീർണ്ണിച്ചു തുടങ്ങിയ ആ വ്യവസ്ഥയെ സംരക്ഷിക്കാൻ കഴിഞ്ഞില്ല. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നീ മഹത്തായ മുദ്രാവാക്യങ്ങളുടെ സ്ഥായിയായ പ്രചോദനമുൾക്കൊണ്ടു കൊണ്ട്, വോൾട്ടയറുടേയും റൂസ്സോവിൻേറയും അപ്രതിമ പ്രതിഭവിലസുന്ന സാഹിത്യസരിത്തിലാറാടി, ഫ്രാൻസിലെ ജനതതി മഹത്തായ ഒരു സമരത്തിൻെറ കാഹളം മുഴക്കി. ബ്രിട്ടീഷ് സാഹിത്യകാരനായ വേഡ്സ്വത്തിൻേറയും മററും പ്രതിഷേധപ്രകടനങ്ങളുയന്നിട്ടും ഫ്രാൻസിൽ വിപ്ലവം ജയിച്ചു. നേടിയെടുത്ത രാഷ്ട്രീയാധികാരം നിലനിത്തുന്നതിൽവന്ന പാകപ്പിഴകൾകൊണ്ടാണ് ഭരണക്രമം ഉറപ്പിക്കാൻ കഴിയാതെവന്നത്. അല്ലാതെ, ബൂർഷ്വാ സാഹിത്യകാരന്മാരുടെ പേനയുടെ കരുത്തുകൊണ്ടും കുഴൽവിളികൾകൊണ്ടുമൊന്നുമല്ലത്രേ!

1917-ൽ മഹത്തായ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവം നടന്നു. ആ വിപ്ലവത്തിനു് പ്രചോദനം നല്കുകയും വൈകാരികമായ മാനുഷികബന്ധങ്ങൾക്ക് ഏകീകൃതരൂപംനൽകി വിപ്ലവത്തിൻെറ ജ്വാലയെ ആളിക്കത്തിക്കുകയും ചെയ്യുതിൽ സോവിയററു സാഹിത്യകാരന്മാക്കുള്ള പങ്ക് ഒരിക്കലും മറക്കാവുന്നതല്ല. ആദ്യത്തെ സോഷ്യലിസ്റ്റ് ശിശുവിൻെറ ജന്മംമുതൽതന്നെ, മുതലാളിത്തരാജ്യങ്ങളിലെ വാടകസാഹിത്യകാരന്മാർ അതിന്നെതിരായി പ്രചണ്ഡമായ പ്രചരണ സാഹിത്യക്കൊടുങ്കാററഴിച്ചുവിട്ടു. ചില കാല്പനിക സാഹിത്യകാരന്മാർ, മോസ്കോ പ്രാന്തങ്ങളിൽ ചുററിക്കറങ്ങി നടന്ന് സോവിയററു

ശിശുവിൻെറ വൈകല്യങ്ങൾ ചൂണ്ടിക്കാട്ടുകയും ആയുസ്സ് കുറിക്കുകയും ചെയ്തു. പക്ഷെ അതുകൊണ്ട് ഒന്നും സംഭവിച്ചില്ല. അനുസ്യൂതമായ അപവാദപ്രചരണങ്ങളുടെ അഴുക്കുചാൽ തുറന്നുവിട്ടിട്ടും സോഷ്യലിസ്റ്റ് വ്യവസ്ഥ പുഷ്ടിപ്പെട്ടു. സോഷ്യലിസത്തിൻെറ സർവ്വജിത്തായ ശക്തി ദൈനംദിനം പെരുകിവരുന്നു. ചന്ദ്രമണ്ഡലത്തിൻെറ മറുപുറത്തെന്തെന്ന് ഛായാഗ്രഹണിയിൽ കൂടി കണ്ടുപിടിക്കുവാനും കലയുടെയും സംസ്കാരത്തിൻെറയും അത്യുന്നത ശൃംഗങ്ങളിലെത്തിച്ചേരുവാനും സോവിയററുജനതയ്ക്ക് കഴിഞ്ഞിരിക്കുന്നു. ചന്ദ്രമണ്ഡലത്തെ നോക്കി കുരയ്ക്കുന്ന ശ്വാനനനെയാണ് ഇതെല്ലാം പറയുമ്പോൾ ഓർമ്മ വരിക!

കേരളത്തിലെ ചില സാഹിത്യകാരന്മാർ കമ്മ്യൂണിസത്തിൻെറയും കമ്മ്യൂണിസ്റ്റ് സാഹിത്യകാരന്മാരുടേയും നേരെ ചാടിപ്പുറപ്പെട്ടിരിക്കുകയാണ്. കലയെയും സാഹിത്യത്തെയും കമ്മ്യൂണിസത്തിൻെറ പ്രചരണത്തിനുവേണ്ടി ദുർവിനിയോഗം ചെയ്യുന്നുവെന്നാണ് ഇവരുടെ പരാതി! വളരെ ശരിയല്ലേ? അവർ അങ്ങനെ ചെയ്യുന്നില്ലല്ലൊ!

ഒക്ടോബർ സോഷ്യലിസ്ററ് വിപ്ലവത്തിന് മനുഷ്യരാശിയുടെമേൽ ചെലുത്തുവാൻ കഴിഞ്ഞ സ്വാധീനം അനുപമമാണ്. ആ കാലഘട്ടത്തിൽ സോഷ്യലിസ്ററാശയങ്ങളുടെ പ്രേരണയിൽ കേരളത്തിലെ കൃഷിക്കാരുടേയും തൊഴിലാളികളുടേയും സമരത്തെ യഥാതഥമായി ചിത്രീകരിക്കുകയും ഒന്നാംതരം സാഹിത്യസൃഷ്ടികൾ

നടത്തുകയും ചെയ്ത ചില സാഹിത്യകാരന്മാരുണ്ട്. മലയാളസാഹിത്യമണ്ഡലത്തിൽ ചിരപ്രതിഷ്ഠയാർജ്ജിക്കത്തക്കവണ്ണം കരുത്തേറിയ കലാസൃഷ്ടികളായിരുന്നു അവ. തകഴിയുടെ "രണ്ടിടങ്ങഴി"യും കേശവദേവിന്റെ "ഓടയിൽനിന്നും" ഇതിനുദാഹരണമാണ്. വളർന്നുവരുന്ന തൊഴിലാളിവർഗ്ഗശക്തിയെ വരച്ചുകാട്ടിയതുകൊണ്ടാണ് ജനസാമാന്യത്തിന്റെ സ്നേഹവും വിശ്വാസവുമാർജ്ജിക്കാൻ ഈ സാഹിത്യകാരന്മാക്കു കഴിഞ്ഞതു്. എന്നാൽ പിന്നീട് ജീവിതായോധനത്തിൽ തൂലിക പണയംവച്ച് പാപ്പരായ ചില സാഹിത്യകാരന്മാർ ഏതോ കരുണാനിധികളുടെ ദയക്കു പാത്രീഭൂതരായി തുരുമ്പുപിടിച്ച ആയുധവുമായി രംഗത്തുവന്നിരിക്കുന്നു. കഴിഞ്ഞ കുറേ വർഷങ്ങളായി വായ്തോരാതെ കമ്മ്യൂണിസത്തിന്നെതിരായി തീവിഴുങ്ങിപ്രസംഗം നടത്തിയിട്ടും (അതിന്റെ ഫലം എന്നവണ്ണം) 1957 ഏപ്രിൽ 5-ാംനു- കമ്മ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള മന്ത്രിസഭ കേരളത്തിൽ അധികാരത്തിൽ വന്നു.

ഇതിനുശേഷമുള്ള കാലഘട്ടം ഈ സാഹിത്യകാരന്മാരെസംബന്ധിച്ചിടത്തോളം വിഷമമേറിയതായിരുന്നു. "സാഹിത്യകാരന്മാരേ നിങ്ങൾ ഏതു ചേരിയിൽ?" എന്ന പ്രശ്നം പൊന്തിവന്നു. കഷ്ടപ്പാടുകളും ക്ലേശങ്ങളും സഹിച്ച്, മർദ്ദനവും അടിമത്വവും സഹിച്ച് തലമുറകളായി ജീവിച്ചുപോരുന്ന ഒരു വർഗ്ഗം ഭരണചക്രം തിരിക്കുന്ന ചരിത്രം. സമാധാനപരമായ ഈ പരിവർത്തനം ലോകചരിത്രത്തിൽ ഒരു നൂതനാദ്ധ്യായം രചിച്ചു. ചരിത്രത്തിന്റെ ഈ വിധിയെഴുത്തിനെ മാനിക്കുകയാണോ മനുഷ്യ

സ്നേഹിയായ മനുഷ്യകഥാനുഗായി ചെയ്യേണ്ടതു്. അതോ മറിച്ചാണോ? "കലർപ്പില്ലാത്ത" "കക്ഷിരഹിതരായ" സാഹിത്യകാരന്മാരൊന്നു പതുങ്ങി. ചുറവും പകച്ചുനോക്കി, അധൈര്യപ്പെട്ടില്ല. പുറകിൽ വെള്ളിനാണയങ്ങളുടെ കിലുകിലുക്കം കേട്ടു. അതു് അവരുടെ കാതുകളെ കുളിർപ്പിച്ചു. കഷ്ടപ്പെടുന്ന ജനസഞ്ചയത്തെ അവർ മറന്നു. തൂലിക അവർ പണയപ്പെടുത്തി. പണക്കാരനും ജന്മിക്കും സ്വർഗ്ഗരാജ്യം വരേണമേ എന്നവർ പ്രാത്ഥിച്ചു. കണ്ണുനീരിലും ചോരയിലും തൂലിക മുക്കിയെഴുതിയിരുന്നവർ, വീഞ്ഞിലും പച്ചവെള്ളത്തിലും മുക്കിയെഴുതിത്തുടങ്ങി. തൂലികത്തുമ്പു പതിനായിരം മൈൽ വേഗത്തിൽ പാഞ്ഞുകൊണ്ടിരുന്നു. എഴുതിയതൊന്നും തെളിഞ്ഞില്ലെന്നവർ അറിഞ്ഞിരുന്നില്ല. അന്നും ഇന്നും ജനങ്ങൾക്കു വേണ്ടി സാഹിത്യസൃഷ്ടി ചെയ്യുന്നവരുടെ നേക്കു കൈ ചൂണ്ടി അവർ പറഞ്ഞു—

"നിങ്ങൾ കക്ഷിരാഷ്ട്രീയക്കാരാണു്; യഥാത്ഥ സാഹിത്യകാരനല്ല; കമ്മ്യൂണിസ്റ്റ് പ്രചാരകനാണു്" എന്നെല്ലാം........

പക്ഷെ, ജനങ്ങളതു ശ്രവിച്ചില്ല.... ജീർണ്ണിച്ചു നാറിത്തുടങ്ങിയ മുതലാളിത്തസംസ്കാരത്തെ തത്തിപ്പൊത്തി നിറുത്തുവാൻ കേരളത്തിലെ ചില വിമോചകസാഹിത്യകാരന്മാർ പാഴ്‌വേലചെയ്യുമ്പോൾ ഈ പഴകിദ്രവിച്ച വ്യവസ്ഥ തിരുത്തിക്കുറിക്കണമെന്നും നല്ലൊരു സാമൂഹ്യവ്യവസ്ഥ കെട്ടിപ്പടുക്കണമെന്നും പറയുവാനുള്ള സ്വാതന്ത്ര്യം പുരോഗമനസാഹിത്യകാരന്മാർക്കില്ലെ? കമ്മ്യൂണിസ്റ്റ്

വിരുദ്ധവും ജനവിരുദ്ധവുമായ സാഹിത്യം നിങ്ങൾ പ്ര ചരിപ്പിക്കുമ്പോൾ, മറുവശത്തുള്ളവർക്ക് തങ്ങൾക്കു പ്രിയംകരമായ ഒരു വ്യവസ്ഥിതിക്കുവേണ്ടി സാഹിത്യരചന നടത്തുവാനും, നല്ലൊരു ഭൌതികജീവിതം സൃഷ്ടിക്കുവാനുംവേണ്ടി എഴുതുവാൻ സ്വാതന്ത്ര്യമില്ലേ? ഒന്നോ രണ്ടോ പത്തോ പേർ ചേർന്നുനിന്നുപറഞ്ഞാൽ മററുള്ളവരും അതുതന്നെ ഏററുപറയണമെന്നുണ്ടോ? കലയേയും ജീവിതത്തേയും പററി താന്താങ്ങൾക്കുള്ള വീക്ഷണം വച്ചു പൊറുപ്പിക്കില്ലെന്ന് വാശിപിടിച്ചിട്ടെന്താണ് കാര്യം? ഏതാനും ആഴ്ചകൾക്കുള്ളിൽ പുതുതായി പടച്ചുണ്ടാക്കിയ ചില നാടകസമിതികളുമായി വന്നുനിന്നുകൊണ്ടു് കലിതുള്ളുന്ന ചില സാഹിത്യകാരന്മാരുടെ ഗർജ്ജനമാണ് ഇത്തരത്തിൽ ചിന്തിക്കാൻ പ്രേരിപ്പിച്ചതു്. കലയിലൂടെ കമ്മ്യൂണിസത്തെ എടുത്തുമാററാമെന്നുള്ള വ്യാമോഹമല്ലാതെ മറെറന്താണിതു്?

എതു രാഷ്ട്രീയപ്പാർട്ടിയിൽപ്പെടാനും എന്തു വിശ്വാസങ്ങൾ സംരക്ഷിക്കുവാനും സാഹിത്യകാരനു സ്വാതന്ത്ര്യമുണ്ടായിരിക്കണം. അതു് സാമൂഹ്യജീവിയായ സാഹിത്യകാരൻെറ മൗലികാവകാശമാണ്. കമ്മ്യൂണിസത്തെക്കുറിച്ചോ, സോഷ്യലിസ്റ്റ് റീയലിസത്തെക്കുറിച്ചോ സംസാരിക്കുന്ന സാഹിത്യകാരൻെറ വായ്  മൂടിക്കെട്ടിക്കളയാമെന്ന് വിചാരിക്കുന്നതു തെററാണ്. അതു സഹാറായിലെ ഒട്ടകത്തിൻെറ നയമാണ്. വസ്തുതകൾ എന്നും വസ്തുതകളായി നിലനില്ക്കും. ഏവർക്കും അതംഗീകരിച്ചേ പററൂ. അതാണു് സാമൂഹ്യനീതിയുടെ അന്തസ്സത്ത.

○○○○○○○○○○

# സാഹിത്യത്തിലെ പഴയ ഈടുവെപ്പുകൾ.

ഏഷ്യയുടെ ഭാഗധേയം നിർണ്ണയിക്കുന്നതിൽ മഹത്തായ പങ്കുള്ള രണ്ടു രാജ്യങ്ങളാണ് ഇന്ത്യയും ചൈനയും. സാംസ്കാരികമായും സാഹിത്യപരമായും ഇരുരാജ്യങ്ങളും പരസ്പരം വിലപ്പെട്ട പല സംഭാവനകളും കാഴ്ചവെച്ചിട്ടുണ്ട്. പൗരാണികകാലംതൊട്ടുതന്നെ സൗഹാർദ്ദത്തിലാണ് ഇരുരാഷ്ട്രങ്ങളും വർത്തിച്ചിട്ടുള്ളതും. ഇന്ന് സോഷ്യലിസത്തിന്റെ സർവ്വതോമുഖമായ അഭിവൃദ്ധിക്കുവേണ്ടി ചരിച്ചുകൊണ്ടിരിക്കുന്ന ജനകീയചൈനയുടെ പ്രാചീനസാഹിത്യത്തിലേക്ക് ഒന്നു കണ്ണോടിക്കുന്നതു് രസാവഹമായിരിക്കും. ചൈനീസ് സാഹിത്യത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള വളർച്ചയെയാണ് ഇവിടെ പ്രതിപാദിക്കുന്നതു്.

ജീവിതത്തിന്റെ വാങ്മയപ്രതിബിംബരൂപത്തിലുള്ള പ്രതിഫലനമാണ് സാഹിത്യം. ഒരെഴുത്തുകാരൻ അനിവാര്യമായും തന്റെ ജീവിത വീക്ഷണത്തേയും തന്നി

ക്കു ചുററുമുള്ള ലോകത്തെയും അയാളുടെ കൃതികളിൽ പ്രതിഫലിപ്പിക്കുന്നു. നല്ല സാഹിത്യസൃഷ്ടികൾ നമ്മെ മുന്നോട്ടു നയിക്കുകയും ചീത്തകൃതികൾ നമ്മെ പിന്തിരിപ്പിക്കുകയും ചെയ്യുന്നു. സാഹിത്യത്തിൻെറ സാമൂഹ്യമായ പ്രാധാന്യം അവിടെയാണു് സ്ഥിതിചെയ്യുന്നതു്.

ചൈനയുടെ ദീർഘവും ശോഭനവുമായ ചരിത്രം ആശയമണ്ഡലത്തിൽ നട്ടനായകന്മാരായിരുന്ന പല എഴുത്തുകാരേയും വാർത്തുണ്ടു്. അതിൽ പല കൃതികൾക്കും വായനക്കാരുടെ ഹൃദയത്തിൽ ആഴ്ന്നിറങ്ങാനും അവരെ ചിന്തിപ്പിക്കാനും കഴിഞ്ഞിട്ടുണ്ടു്. ചില കൃതികൾക്കു് സാർവലൌകികമായ അംഗീകാരം നേടുവാൻതന്നെ കഴിഞ്ഞു. ജനകീയചൈനയിലെ സോഷ്യലിസ്റ്റ് റിയലിസ്റ്റ് പ്രസ്ഥാനം വളർച്ചപ്രാപിക്കുന്നതു് ഈ മഹത്തായ പാരമ്പര്യത്തിൽനിന്നാണു്.

നൂററാണ്ടുകൾ പഴക്കമുള്ള ഈ സാഹിത്യചരിത്രത്തിലേക്കു് ഒന്നു തിരിഞ്ഞുനോക്കുന്നതു് എന്തുകൊണ്ടും രസാവഹമാണു്. പഴയ എഴുത്തുകാരുടെ നേട്ടങ്ങൾ മനസ്സിലാക്കുവാനും ക്രമാനുഗതമായ ചൈനീസ് സാഹിത്യപാരമ്പര്യത്തിൻെറ വികാസം ഗ്രഹിക്കുവാനും, അന്നത്തെ സമരങ്ങൾക്കും മനുഷ്യജീവിതത്തിനും സമൂഹത്തിൽ ചെലുത്തുവാൻ കഴിഞ്ഞ സ്വാധീനം കൂടുതൽ വ്യക്തമായി ധരിക്കുവാനും അതു നമ്മെ സഹായിക്കുന്നു. സഹസ്രാബ്ദങ്ങളായി ഒരു നല്ല ജീവിതത്തിനുവേണ്ടി ചൈനാക്കാർ നടത്തിയ സമരവും അതിൻെറ നന്മനിറഞ്ഞ ഒസ്യത്തും ഇന്നു് അവരുടെ ജീവിതസമരത്തെ എ

ങ്ങിനെ സഹായിക്കുന്നുവെന്നും പഠിക്കുവാനും ഇതു് സഹായകമാണു്.

അദ്ധ്വാനമാണു് എല്ലാ ആദിമസാഹിത്യത്തിൻേറയും ഉറവിടം എന്നു വ്യക്തമാണു്. 'ലൂ-ഹ്സൺ' പറയുന്നതു് ഇങ്ങനെയാണു്:—

"നമ്മുടെ മുൻഗാമികളായ അപരിഷ്കൃതമനുഷ്യന്നു് ആദ്യം ഭാഷ വശമില്ലായിരുന്നു. എന്നാൽ ഒരുമിച്ചു നിന്നു ജോലിചെയ്യുവാൻ ആശയവിനിമയം അനിവാര്യമായിത്തീർന്നു. ക്രമേണ അവർ ചില പ്രത്യേക ശബ്ദങ്ങൾ പുറപ്പെടുവിക്കാൻ പഠിച്ചു. തടികളും മററും ചുമന്നുകൊണ്ടുപോകുമ്പോൾ തങ്ങളുടെ ക്ഷീണം പ്രകടമാക്കുവാൻ കഴിയാതെ വന്നപ്പോൾ അതിൽ ഒരാൾ ഹോ-യോ ഹോ-യോ! എന്ന ശബ്ദം പുറപ്പെടുവിച്ചിട്ടുണ്ടാവും. ഇതു് ഒരുതരത്തിലുള്ള സാഹിത്യത്തിൻേറ ഉത്ഭവമാണു്. മററാളുകൾ ഇതു് അനുകരിക്കുകയും അംഗീകരിക്കുകയും ചെയ്യുമ്പോൾ പ്രസിദ്ധീകരിക്കപ്പെട്ടുന്നു. ഒരിക്കൽ ഈ ശബ്ദങ്ങൾ ചില മുദ്രകൾകൊണ്ടു് രേഖപ്പെടുത്തും. അങ്ങിനെ സാഹിത്യം ഉണ്ടായി. സാഹിത്യത്തിൻേറ സൃഷ്ടാവു് ഒരു എഴുത്തുകാരനാണു്. "ഹോ-യോ വിഭാഗത്തിൽപ്പെട്ട ഒരു പണ്ഡിതനായിരിക്കണം. ഇന്നും വിദ്യാഹീനരായ കവികളുടെ പല നാടൻപാട്ടുകളും നമുക്കുണ്ടു്. അവിദ്യരായ പല നോവലിസ്റ്റുകളുടേയും നാടൻ കഥകളുണ്ടു്. ഇവരെല്ലാം അക്ഷരജ്ഞാനമില്ലാത്ത എഴുത്തുകാരാണു്."

ജോലിസമയത്തു് അലിഖിതരൂപത്തിൽ ആദ്യമായി സാഹിത്യരചന നടത്തിയ അദ്ധ്വാനശീലരായ ആളുകളായിരുന്നു ആദ്യസാഹിത്യകാരന്മാർ എന്നു തെളിയുന്നു.

അദ്ധ്വാനത്തെ ലഘൂകരിക്കുവാനും നേട്ടത്തിലുള്ള ആനന്ദം പ്രകടിപ്പിക്കാനും പ്രാചീന ചൈനക്കാർ മററെല്ലാ രാജ്യത്തുമുള്ള അപരിഷ്കൃത മനുഷ്യരെപ്പോലെ താളലയക്രമത്തിലുള്ള ശബ്ദങ്ങളും ഭാഷയും ഉപയോഗിച്ചു. അതാണു് ആദികവിതകൾ. നൂററാണ്ടുകൾ കഴിഞ്ഞപ്പോൾ അദ്ധ്വാനം അവരുടെ ഗ്രാഹ്യശക്തിയെ വർദ്ധിപ്പിക്കുകയും അവരുടെ കലാസ്വാദനബോധം വികസ്വരമാവുകയും ചെയ്തു.

പ്രാചീന ഭാഷാസാഹിത്യത്തിൽ കടങ്കഥകൾക്കും കാല്പനിക കഥകൾക്കും വളരെ പ്രചാരമുണ്ടായിരുന്നു.

അപരിഷ്കൃതനായ മനുഷ്യന്റെ ജീവിതം വൈഷമ്യസങ്കുലവും വിജ്ഞാനം പരിമിതവുമായിരുന്നതിനാൽ പ്രാകൃതികസാമൂഹ്യപ്രതിഭാസങ്ങൾക്കു് ശാസ്ത്രീയ വിശകലനം നൽകുവാൻ അവനു കഴിവില്ലായിരുന്നു. ആകാശവും, ഭൂമിയും, ചന്ദ്രനും, സൂര്യനും, പർവ്വതങ്ങളും, നദികളും, കാററും, മഴയും, ഇടിയും, മിന്നലും തുടങ്ങി പക്ഷിമൃഗാദികൾ, ജീവന്റെ ഉത്ഭവം, ആയുധങ്ങളുടെ കണ്ടുപിടുത്തം അല്ലെങ്കിൽ ഉന്മേഷപ്രദമായ ഒരു ജീവിതത്തിനു വേണ്ടിയുള്ള സമരം ഇതൊക്കെ അവനു് ഉത്തരം കാണാൻ കഴിയാത്ത പ്രതിഭാസങ്ങളായിരുന്നു, അനുഭവങ്ങളുടെ വെളിച്ചത്തിൽ ഇതിനെയെല്ലാം അവർ മനസ്സി

ലാക്കാനും വിശകലനംചെയ്യാനും ശ്രമിച്ചു. സുന്ദരമായ നിരവധികാല്പനികകഥകളും കടങ്കഥകളുംരൂപംപ്രാപിച്ചു.

പ്രാചീന ചൈനീസ് സാഹിത്യം പാട്ടുകളാലും കടങ്കഥകളാലും സമ്പന്നമായിരുന്നു. എന്നാൽ പല നൂററാണ്ടുകൾ കഴിഞ്ഞപ്പോഴേയ്ക്കും അവയിൽ പലതും നഷ്ടപ്പെടുകയും പലതും അവയിൽ വന്നുക്രൂടിയ നൂതനമായ മാററങ്ങൾമൂലം പഴയ രൂപം തിരിച്ചറിയാൻ കഴിയാതാവുകയും ചെയ്തിട്ടുണ്ട്.

മനുഷ്യൻ വളർച്ചപ്രാപിച്ചപ്പോൾ ഒരു വരമൊഴി കണ്ടുപിടിച്ചു. ആദ്യമാദ്യം ചിത്രങ്ങളുടെ രൂപത്തിലാണ് അക്ഷരങ്ങൾ രൂപംപ്രാപിച്ചതു്. ക്രമേണ ഈ ചിത്രലിപികളിൽ മാററങ്ങളുണ്ടായി.

ബി. സി. പതിനൊന്നാം നൂററാണ്ടോടുക്രൂടി ചൗ രാജവംശത്തിൽപ്പെട്ട "വു" രാജാവു് ഷാങ് രാജ്യവംശത്തെ നശിപ്പിക്കുകയും അടിമ ഉടമ ബന്ധത്തിലുള്ള സമുദായക്രമം ശിഥിലമാക്കുകയും ചെയ്തു.

ആദിമ ചൌ സാഹിത്യത്തെക്കുറിച്ചു് നമുക്കു പരിശോധിക്കാം. വസന്തത്തിനും ഹേമന്തത്തിനുംശേഷം പ്രധാനമായ ചില വ്യതിയാനങ്ങൾ സാഹിത്യത്തിൽ സംഭവിച്ചു. ഈ കാലഘട്ടത്തിലെ പ്രധാന കൃതികൾ "പാട്ടുകളുടെ സമാഹാരം" "ചരിത്രപുസ്തകം" "മാററങ്ങളുടെ പുസ്തകം" മുതലായവയാണു്. പാട്ടുകളുടെ സമാഹാരം എന്ന പുസ്തകമാണു് ചൈനീസ് കവിതയിലെ ഒന്നാമത്തെ സമാഹാരം. ചൈനീസ് സാഹിത്യത്തിലെ അമൂല്യനിധിയാണിതു്. ബി. സി. 6-ാം നൂററാ

ണ്ടിനുമുമ്പെഴുതിയ 300-ൽപരം പാട്ടുകളുടെ ഒരു ശേഖരണമാണിതിലുള്ളത്. നൃത്തങ്ങൾക്കും മററും ഉപയോഗിക്കുന്ന ഗാനങ്ങളും, ഫലിത കവിതകളും, നാടൻപാട്ടുകളും അങ്ങിനെ സാധാരണജനങ്ങളുടെ ജീവിതരീതിയും ചിന്താരീതിയും പ്രതിഫലിക്കുന്നതാണ്, ഈ കവിതകളെല്ലാംതന്നെ. മററുരാജ്യങ്ങളിലെ പ്രാചീനകവിതകൾ പോലെതന്നെ പല പാട്ടുകളും നൃത്തങ്ങളുമായി അനുബന്ധിച്ചാണ് കിടക്കുന്നതു്. "ചൌവിൻെറ മന്ത്രങ്ങൾ" എന്ന പാട്ടുകളിൽ കൃഷിയെസംബന്ധിക്കുന്ന കവിതകളാണുള്ളതു്. ഇതു മിക്കവാറും നാടൻപാട്ടുകളാണ്. അവയ്ക്കു സ്ഥായിഭാവമില്ല. അതിൽ ആവശ്യാനുസൃതമായ മാററങ്ങൾ വന്നുകൊണ്ടിരിക്കും. മൂവായിരം വർഷങ്ങൾക്കുമുമ്പ് മഞ്ഞ നദീതടത്തിലെ ജനങ്ങൾ നയിച്ച ജീവിതത്തിൻെറ വൈവിദ്ധ്യപൂർണ്ണവും മനോഹരവുമായ ഒരു ചിത്രമാണ് ഇതിൽ കാണുന്നതു്. വീരാരാധനാപരമായ ഗാനങ്ങളുടെ എണ്ണവും ഈ കാലഘട്ടത്തിൽ ചുരുക്കമല്ല. പ്രാചീന ചൈനീസ് സാഹിത്യത്തിൽ പൌരാണിക കൃതികൾ ഇല്ലതന്നെ. എന്നിരിക്കിലും അന്നുണ്ടായ വർണ്ണനാത്മകമായ കവിതയിലൂടെ ജനങ്ങളുടെ തൊഴിലിനേയും യുദ്ധങ്ങളേയും ഭരണക്രമങ്ങളേയും ചിത്രീകരിച്ചിരിക്കുന്നു. "പാട്ടുകളുടെ സമാഹാരം" എന്ന പുസ്തകത്തിലെ നാടൻപാട്ടുകൾ ചൈനീസ് സാഹിത്യത്തിലെ വിലപ്പെട്ട ഒരു സമ്പത്താണ്. ഇതിലെ മനോഹരങ്ങളായ ഗാനതല്ലജങ്ങൾ ചൗ രാജവംശത്തിൻ കീഴിലെ ജനജീവിതത്തെ യഥാർത്ഥമായി ചിത്രീകരിക്കുന്ന ചൈനീസ് കവിതയിൽ റീയലിസത്തിന്നു അടിത്തറയിട്ടതു് ഈ പാട്ടുകളാണ്.

ഛൗ സാഹിത്യത്തിൻെറ രണ്ടാംഘട്ടത്തിൽ ജീവിച്ച ഏററവും പ്രധാന കവി ചുയുവാൻ ആയിരുന്നു. ദേശസ്നേഹപരമായ മനോഹര കവിതകൾ അദ്ദേഹത്തിന്റെ തൂലികയിൽനിന്നും പുറപ്പെട്ടിട്ടുണ്ട്. ചുയുവാനുശേഷം 'സുങ-യു'വായിരുന്നു ഏററവും നല്ല കവി.

ഈ കാലഘട്ടത്തിൽ ചൈനയിൽ പല നല്ല ഗദ്യകാരന്മാരും ഉണ്ടായിരുന്നു. തത്വചിന്താപരവും ചരിത്രപരവുമായ പല കൃതികളും ഈ കാലഘട്ടത്തിൽ ഉണ്ടായിട്ടുണ്ട്. യുദ്ധസംബന്ധമായ വളരെയധികം ഗാനങ്ങളും കവിതകളും ഈ സമയത്തു പുറത്തുവന്നിട്ടുണ്ട്.

ഗദ്യശാഖയിലെ മറെറാരു പ്രധാന ഇനം അന്നു ജീവിച്ചിരുന്ന തത്വചിന്തകന്മാർ തങ്ങളുടെ ആശയപ്രചരണത്തിനുപയോഗിച്ച സാഹിത്യസൃഷ്ടികളാണ്, കൺഫ്യൂഷ്യസ് നയിച്ച ആ സാഹിത്യവിഭാഗത്തിനു് 'ജുസ്ക്കൂൾ' എന്നു പറയുന്നു. കൺഫ്യൂഷ്യസ് ഉന്നതകുലജാതനായിരുന്നു. പ്രഭുത്വം ക്ഷയോൻമുഖമായിത്തുടങ്ങിക്കഴിഞ്ഞു. ആശയങ്ങളുടെ മേഖലയിൽ പഴയ വ്യവസ്ഥയുടെ പല അംശങ്ങളേയും നിലനിൎത്തണമെന്നു് കൺഫ്യൂഷ്യസ്സിനു് ആഗ്രഹമുണ്ടായിരുന്നു. എന്നാൽ പെട്ടെന്നു മാറിക്കൊണ്ടിരുന്ന ചുററുപാടുകൾക്കനുസൃതമായി പല വിട്ടുവീഴ്ചകളും കൺഫ്യൂഷ്യസ്സിന്നു ചെയ്യേണ്ടിവന്നു. അദ്ദേഹത്തിൻെറ ചില നിർദ്ദേശങ്ങൾ പഴമയുടെ കടപുഴക്കിയെറിയാൻ പൎയ്യാപ്തമായി ഭവിച്ചു. രണ്ടായിരത്തിൽ പരം വർഷങ്ങൾ നീണ്ടുനിന്ന ഫ്യൂഡൽ സാമുദായികക്രമത്തിലെ ഭരണാധികാരിവൎഗ്ഗത്തിൻെറ ആശയാധാരമായി

നിലനിന്നതു് കൺഫ്യൂഷ്യസ്സിൻെറ വേദാന്തമാണു്. അ ദ്ദേഹത്തിന്നു ധാരാളം ശിഷ്യന്മാരും അവരുടെ പ്രചരണം ചൈനീസു് സംസ്കാരത്തിൻെറ രൂപീകരണത്തിൽ നി സ്സീമമായ സ്വാധീനം ചെലുത്തുകയുമുണ്ടായി.

മെൻഷ്യസിൻെറ പുസ്തകങ്ങളിലെ ഭാഷ കുറച്ചുകൂടി സമൎത്ഥവും വാചാലവുമാണു്. ഹ്സ്വൻസൂവിൻെറ ഭാഷ അതിൽനിന്നും വ്യത്യസ്ഥമായി അല്പംകൂടി വിവാദപര വും അപഗ്രഥനാത്മകവുമാണു്.

ഈ കാലഘട്ടത്തിൽ കഥകളും നാടകങ്ങളും ആവിർ ഭവിച്ചു. നോവലുകളുടെ തുടക്കം സാങ്കല്പികകഥകളിൽ നിന്നും കടങ്കഥകളിൽനിന്നുമാണു്.

ചൈനീസു് സാഹിത്യത്തിലെ അഞ്ചാമത്തെ ഘട്ടം 1368 മുതൽ കറുപ്പുയുദ്ധം (1840) വരെയുള്ളതാണു്. മിങ്ങ്ഭരണം സ്ഥാപിയ്ക്കപ്പെട്ടതു് അന്നാണു്. ശൈശവ ദശയെ മാത്രം പ്രാപിച്ചിരുന്ന മുതലാളിത്തത്തിന്റെ സ്വാ ധീനത്തിൽപ്പെട്ടു് ജനാധിപത്യ ആശയങ്ങളുടെയും അ തിനൊപ്പം സാഹിത്യത്തിൻേറയും ഒരു വസന്തമുണ്ടായി. മിങ്ങ്ഭരണത്തിൻകീഴിൽ നാടകവും നോവലും പഴയതിൽ നിന്നും ക്രമപ്രവൃദ്ധമായ വളൎച്ചയിലെത്തി. ചൈനീസു് ഓപ്പറ വളൎന്നുവന്നു. 108 കഥാപാത്രങ്ങളുള്ള "വാട്ടർ-മാർജിൻ" എന്ന നോവലാണു് ഈ കാലഘട്ടത്തിലെ ഏററവും നല്ല കൃതി. കൃഷിക്കാരും മീൻപിടുത്തക്കാരും തൊഴിലാളികളും എല്ലാം ഇതിൽപ്പെട്ടും.

ചിങ്കാലഘട്ടത്തിലെ സാഹിത്യത്തിന്റെ വളൎച്ച രണ്ടു 'സ്കൂളു'കൾ തമ്മിലുള്ള സംഘട്ടനത്തിൽ നിന്നാണ്.

മിങ്വംശത്തിന്റെ ഭരണം അവസാനിച്ചതോടു കൂടി പടിഞ്ഞാറൻ മുതലാളിത്തരാജ്യങ്ങൾ അനന്തമായ വിനാശകരമായ യുദ്ധങ്ങൾ ചൈനയുടെ മേൽ അഴിച്ചു വിട്ടു. വളരെക്കാലമായി പ്രാബല്യത്തിലിരുന്ന ഫ്യൂഡലിസത്തിന്റെ ചട്ടക്കൂടു തകർന്ന് ഒരു അൎദ്ധകൊളോണിയൽ രാജ്യമായിത്തീർന്നു ചൈന. വർഗ്ഗബന്ധത്തിലും മാററങ്ങൾ സംഭവിച്ചു.

ആക്രമണങ്ങളുടെ മുമ്പിലും ഭീകരതകൾക്ക് നേരെയും ചൈനീസ് ജനത പോരാട്ടം തുടർന്നു. ഓപ്പിയം യുദ്ധത്തിനുശേഷം ഒന്നിനുപുറകെ മറെറാന്നായി യുദ്ധങ്ങൾ പൊട്ടിപ്പുറപ്പെട്ടു.

ഈ കാലഘട്ടത്തിൽ ജീവിച്ചിരുന്ന പ്രധാന സാഹിത്യകാരന്മാരധികവും ജനങ്ങളുടെ ഭാഗത്തായിരുന്നു. ആ എൺപതു വർഷക്കാലത്തിനുള്ളിലുണ്ടായ ഏററവും നല്ല കവി "ചാങ്-വി-ചിങ്, വിയ് യുവാൻ, ചു. ചി. ഹുവാൻസുൻ, സിയൻ എന്നിവരായിരുന്നു. ജനങ്ങളുടെ ധീരതയെ അവർ പ്രകീൎത്തിച്ചു. ചൈനീസ് നാടകവേദിയിൽ പുതിയ വിഷയങ്ങളെ ആസ്പദമാക്കിയുള്ള ഓപ്പറകൾ പ്രത്യക്ഷപ്പെട്ടു. രാഷ്ട്രീയസമരങ്ങളിൽ ഈ ഓപ്പറകൾ മഹത്തായ പങ്കു വഹിച്ചു. ജനാധിപത്യവിപ്ലവത്തിന്റെ ഈ കാലഘട്ടത്തിലെ സാഹിത്യത്തിൽ പുതിയ

ബൂർഷ്വാ സംസ്കാരവും പഴയ ഫ്യൂഡൽ സംസ്കാരവും തമ്മിലുള്ള സംഘട്ടനമാണ് ദർശിക്കുന്നതു്. എന്നാൽ ലോകം സാമ്രാജ്യത്വത്തിലേക്ക് കടന്നപ്പോൾ ചൈനയിലെ ശൈശവ മുതലാളിത്തത്തിന്ന നില്ക്കക്കള്ളിയില്ലാതായി. മേയ്മാസത്തിലാരംഭിച്ച ജനാധിപത്യവിപ്ലവത്തിന്റെ ഉദ്ഘാടനംവരെ ചൈനീസ് സാഹിത്യത്തിന്ന കാര്യമായ വളർച്ചയും ശക്തിയും ലഭിച്ചിരുന്നില്ല.

ooooooooo

# കവിതയുടെ ധമ്മവും കാവ്യാംശങ്ങളും.

സമസ്ത അറിവുകളുടേയും സജീവമായ ചൈതന്യവും ജീവനുമാണ് കവിത എന്ന് ആംഗലേയകവി വേർഡ്സ്‌വർത്ത് നിവ്വചിച്ചിട്ടുണ്ട്. വാക്കുകളുടെ അനൎഗ്ഗളമായ ബഹിർഗ്ഗമനം കവിതയാവുകയില്ല. ഭാവനയുടെ വിഹായസ്സിലുള്ള സാങ്കല്പികവും കൃത്രിമവുമായ ഒരു പ്രത്യേക പ്രപഞ്ചത്തെ അനുഭവവേദ്യമായ ലോകവുമായി ബന്ധിച്ചാൽ മാത്രമേ നല്ല കവിതയാവുകയുള്ളു. ഒരു പ്രത്യേക ലോകത്തെ പ്രപഞ്ചനം ചെയ്യാൻ കവിക്കു കഴിവുണ്ട്. അനശ്വരതയുടെ ചക്രവാളത്തിനുമപ്പുറത്തേക്ക് ഓടിയെത്തി പുതിയൊരു ലോകത്തെ ദർശിക്കുവാനും സൃഷ്ടിക്കുവാനും കവികൾക്കേ കഴിയൂ. കവിത വൃത്തനിബദ്ധമായ രചനാസമ്പ്രദായമാണെന്ന നിവ്വചനം തൃപ്തികരമല്ലെങ്കിൽത്തന്നെയും ഉപരിപ്ലവമാണെന്നു കരുതി തള്ളിക്കളയേണ്ടതില്ല. അക്ഷരങ്ങളുടെ എണ്ണം വിരളിലെണ്ണിയല്ല കവിതയെഴുതുന്നതെങ്കിലും കാവ്യസൃഷ്ടിക്ക്

THE KOTTAYAM PUBLI
KOTTAYAM.



മാത്രകളുടെ എണ്ണം ഏററം പ്രധാനമാണു്. സൌന്ദൎയ്യം, സത്യം എന്നീ പദങ്ങൾക്കുപോലും തത്തുല്യമായ മററു പദങ്ങൾ കണ്ടുപിടിക്കാൻ നാം ശ്രമിക്കുന്നു. പൈത്തഗോറസ്സിൻെറ അനുയായികളായ താത്വികന്മാർ പണ്ടു മുതൽതന്നെ എല്ലാററിൻെറയും സത്ത എണ്ണത്തിലാണു് കണ്ടതു്.

വിദഗ്ദ്ധനായ ഒരു ശില്പി, ഒന്നിനുമേലൊന്നായി കട്ടകൾ പെറുക്കിവയ്ക്കുന്നതുപോലെ, കവി തൻെറ കവിതയുടെ വരികളും അതിലെ അക്ഷരങ്ങളും മാത്രകളും ഭംഗിയായി സംവിധാനം ചെയ്തിരിക്കണം.

പൂർണ്ണത സിദ്ധിക്കാൻ അളവു് ആവശ്യമാണു്. ആ പൂർണ്ണത വ്യാപകമായിരിക്കണം. കവിതയുടെ ഓരോ ഭാഗത്തിനും രൂപഭദ്രത വേണം. സുന്ദരകലകൾ പ്രകൃതിയുടെ അനുകരണമാണു്. മനോഹരമായ വസ്തുക്കളിൽനിന്നേ മനോഹര ശില്പങ്ങൾ വാർത്തെടുക്കാൻ പററുകയുള്ളു. പദ്യവും ഗദ്യവും തമ്മിലുള്ള വ്യത്യാസം അളവിലാണധിഷ്ഠിതമായിട്ടുള്ളതെങ്കിൽത്തന്നെയും രത്നവും കളിമണ്ണുംപോലെ അനുലോമപരമായിരിക്കും.

വാക്കുകൾ ഭാഷയേയും ശബ്ദങ്ങൾ വാക്കുകളേയും സൃഷ്ടിക്കുന്നു. ഭാഷ പരിപൂർണ്ണമാവണമെങ്കിൽ അളവും രൂപഭദ്രതയുമുള്ള വസ്തുക്കളാൽ നിർമ്മിതമായിരിക്കണം. ഭാഷ, വിചാരശീലത്തിനു പ്രചോദനമായി വർത്തിക്കുന്നതിനേക്കാളുപരിയായി ബുദ്ധിയുടെ പ്രതീകമാണു്. നമ്മുടെ ശ്രദ്ധയെ ഹഠാദാകർഷിക്കുന്ന രചനാസൗഷ്ഠവം വാസ്തവത്തിൽ അതിനുപയോഗിക്കുന്ന വസ്തുക്കളുടേയും ആ

ശയങ്ങളുടേയും സൗന്ദൎയ്യമാണ്. എങ്കിലും പ്രതീകങ്ങൾക്ക് അതിൻേറതായ യാഥാൎത്ഥ്യബോധമുണ്ട്. ശബ്ദഭംഗിയുള്ളതും അനുഭവവേദ്യവുമായ സംസാരമേ നമ്മുടെ നാക്ക് തെരെഞ്ഞുപിടിക്കാറുള്ളു. അതിനെ നമ്മുടെ ഓൎമ്മ പിടിച്ചുനിൎത്തുകയും അതു നമ്മുടെ മനസ്സിലൂടെ പലവുരു കയറിയിറങ്ങുകയും ചെയ്യുമ്പോൾ അതു് സ്വതസിദ്ധമായ സംഭാഷണവും പ്രകടനരൂപവുമായി ഭവിക്കുന്നു.

അങ്ങനെയുള്ള സുശബ്ദത്തിൻെറ ഏററവും ഉയൎന്ന രൂപമാണ് പാട്ടു്. ശബ്ദത്തിനു്, ഗാനസ്വരം ഒരു രാഗം നൽകുന്നു. ശബ്ദവീചികളുടെ അനുപാതത്തെ ആശ്രയിച്ചാണ് രാഗം നിലനില്ക്കുന്നതു്. നമ്മുടെ കവിതയ്ക്കു് യഥാൎത്ഥത്തിലുള്ള സുശബ്ദം ഇല്ലതന്നെ. ഇങ്ങനെ നോക്കുമ്പോൾ കവിത, കവിതയ്ക്കായുള്ള പ്രഭാഷണവും അതിന്നായുള്ള ശബ്ദമാധുരിയുമാണെന്ന് നിൎവ്വചിയ്ക്കാം. ശുദ്ധമായ ഗദ്യം വിചാരങ്ങളെ വഹിക്കുന്ന ഒരു ഉപാധിമാത്രമാണെങ്കിൽ കവിത കൂടുതൽ കുഴഞ്ഞുമറിഞ്ഞതും നമ്മുടെ തലയ്ക്കു മേൽ അമാനുഷികമായ മന്ത്രങ്ങളുടെ കറുത്ത ആവരണം വലിച്ചിടുന്ന ഒന്നുമാകുന്നു.

വാക്കുകളുടെ, ഇന്ദ്രിയപരമായ സൗന്ദൎയ്യവും അവയുടെ വൃത്തനിബദ്ധമായ ബഹിൎഗ്ഗമനവും ഒരുതരത്തിലുള്ള കവിതയ്ക്കു മതിയാവുന്നു. ഇതെല്ലാമുള്ളിടത്തു് കവിതാത്മകതയുണ്ടു്. പക്ഷെ, നല്ലതും പൂൎണ്ണവുമായ കവിതയാവുകില്ലെന്നേയുള്ളു. ഷെല്ലിയുടെ 'റിവോൾട്ട് ആഫ് ഇസ്ലാം' അല്ലെങ്കിൽ കീററ്സിൻെറ 'എൻസിമിയൻ' എന്നീ കൃതികളിൽ തീൎച്ചയായും വൃത്തത്തിനും ശബ്ദ

ത്തിനുമതീതമായി, വർണ്ണശബളമായ വാക്കുകളും, ഭാവ പ്രധാനവും സമ്പുഷ്ടവും മനോഹരവുമായ ശൈലികളുടെ മേളിപ്പും കാണാം. ഇവയിലെ ശൈലി മനോഹരവും കാച്ചിക്കുറുക്കിയതും തേച്ചുമിനുക്കിയതുമാണു്.

സിംബോളിക് കവികൾ മിക്കവാറും അമിതമായി ചൂഷണംചെയ്യാറുള്ള ഈ ഗുണത്തെ നമുക്കു് 'യൂഫിസം' എന്നു പറയാം. വർണ്ണം കലർന്ന വാക്കുകളും ആറ്റിക്കുറുക്കിയ ശൈലികളും തെരഞ്ഞെടുക്കപ്പെടുന്നു. മഹാകവികൾ, ശില്പികളേപ്പോലെയും കൊത്തുപണിക്കാരെയും പോലെയാണെങ്കിൽ, യൂഫിസ്റ്റുകൾ, സ്വർണ്ണപ്പണിക്കാരനേയും രത്നവ്യാപാരിയേയുംപോലെയാണു്. വിലപിടിപ്പുള്ള ലോഹങ്ങളിൽ കിന്നരിത്തയ്യലാണവർ നടത്തുന്നതു്. കീററ്സിൻെറയും ഷെല്ലിയുടേയും കവിതയെ അല്പമായിപ്പോലും യൂഫിസം സ്വാധീനിച്ചിട്ടില്ല. കവിതയുടെ രൂപഭദ്രതയ്ക്കു് യൂഫിസം അത്യാവശ്യമാണു്.

കവിത, അതിൻെറ ഉയർന്ന മേഖലകളിൽ, ചരിത്രത്തേക്കാൾ തത്വജ്ഞാനപരമാണു്. കാരണം, നിരർത്ഥകമായ ചുററുപാടുകളിൽനിന്നും വ്യത്യസ്ഥമായി, സ്മരണീയമായ ടൈപ്പുകളെ അവതരിപ്പിക്കുന്നു. അതിൻെറ പ്രാഥമികമായ ഘടനയിലും ഗുണത്തിലും കവിത ഗദ്യത്തേക്കാളേറെ തത്വജ്ഞാനപരമാണു്. കാരണം നമ്മുടെ അനുഭവങ്ങളുമായി അടുത്തു ബന്ധപ്പെട്ടതാണെന്നതാണു്. ഈ അനുഭവപാഠത്തിൻെറ കാഴ്ചപ്പാടും ധാരണയും ഭാഷയിലും ആശയങ്ങളിലും തുളുമ്പിനില്ക്കുന്നതു കാണാം.

ബുദ്ധിപരവും പ്രയോജനപരവുമായ ഈ ഭാഷ, തൊട്ടിലിൽവച്ചുതന്നെ പഠിച്ചിട്ടുള്ള കവിത ശക്തിയേറിയശിശു, തുറന്ന അന്തരീക്ഷത്തിലേക്കിറങ്ങിച്ചെന്നു് പ്രകൃതിയുടെ വിവിധ വശങ്ങളെ സമാഹരിക്കുന്നു. അയാളുടെ ബുദ്ധി നിഷേധിച്ച, ജീവത്തായ പല അഭിപ്രായങ്ങളിലും മനസ്സു വ്യാപരിക്കുന്നു. വ്യതിരിക്തമല്ലാത്ത അറിവുകളുടെ ക്രമനയിലാണു് അയാൾ ശ്രമം നടത്തുന്നതു്. ഉദ്ദേശരഹിതമായ വികാരത്തുടിപ്പുകൾക്കും മിഥ്യാഭാവനകൾക്കും പിറകെ, അയാൾ വെറുതെ സമയം ചിലവഴിക്കുന്നു. ഏതെങ്കിലും തരത്തിലുള്ള ഒരു കലാരൂപം ഒരു നിർഗ്ഗമനരൂപം കൈക്കൊള്ളുന്നിടംവരെ അതു അലഞ്ഞുതിരിയുന്നു.

കവി, സ്വയമേതന്നെ തന്റെ കണ്ണുകളുടെ മുഗ്ദ്ധഭാവത്തെ നിലനിർത്തുകയൊ അനായാസമായി വീണ്ടെടുക്കുകയോ ചെയ്യുന്നു. അയാൾ തന്റെ പൊതുവായുള്ള ഭാവബന്ധുരമായ അറിവിനെ ഇന്ദ്രിയജ്ഞാനപരമായ അംഗങ്ങളായി വിയോജിപ്പിക്കുന്നു. ഇവയെ വീണ്ടും കൂട്ടമായി സംയോജിപ്പിക്കപ്പെടുന്നു. അങ്ങിനെ സാദ്ധ്യമാക്കിത്തീർക്കുന്നതു് അയാളുടെ സാന്ദർഭികമായ പരിതഃസ്ഥിതികളോ സ്വഭാവത്തിലുള്ള രുചിഭേദമോ ആണു്. അയാളുടെ അബോധഹൃദയത്തിൽ അസാധാരണമായ അങ്കുരങ്ങൾ ജനിപ്പിക്കുന്ന ചേതനാസമ്പത്തും സങ്കല്പസ്വാതന്ത്ര്യവും ഏതെങ്കിലുംതരത്തിലുള്ള ശബ്ദപ്രകടനത്തിൽ കുമിളിച്ചു പൊന്തുന്നു. ഈ അറിവു് യാഥാർത്ഥ്യങ്ങളുടെ മേഖലയുമായി കവിയെ കൂടുതൽ അടുപ്പിക്കുന്നു. നാം ഏററവും

ജാഗരൂകമായിരിക്കുന്ന സന്ദർഭത്തിൽപോലും നമ്മുടെ ആത്മാവിൻെറ അഗാധമണ്ഡലം സ്വപ്നമേഖലകളിൽ അലഞ്ഞുതിരിയുകയാവും. യഥാൎത്ഥമായ പ്രപഞ്ചം അ സ്വാസ്ഥ്യങ്ങളുടെയും കുഴപ്പങ്ങളുടെയും പശ്ചാത്തലത്തിൽ തെളിഞ്ഞ ഒരു രൂപരേഖയായി നിലനില്ക്കുന്നു നമ്മുടെ യുക്തിവിചാരം അനുഭവങ്ങളുടെ മേൽ സമാന്തരമായി വിടർന്നുനില്ക്കുന്നു.

കവിയുടെ കല, ചിന്നിച്ചിതറിക്കിടക്കുന്ന വസ്തുക്കളെ സമ്മേളിപ്പിക്കുന്ന, വികാരങ്ങളെ ശക്തിമത്താക്കുന്ന കലയാണ്. കവിതയുടെ ധൎമ്മം എന്താണെന്നിനിയും പരിശോധിക്കേണ്ടിയിരിക്കുന്നു. ഹോമറെത്തള്ളിപ്പറഞ്ഞപ്പോൾ പ്ലേറോ ഒരുതരത്തിലുള്ള കവിയായി. കവികളെയെല്ലാം നാടുകടത്തിയിട്ട് എന്തിനാണു പ്ലേറോ തൻെറ ഗദ്യത്തിലൂടെ വിശ്വത്തെയാകെ കാവ്യമയമാക്കിയതു്? കാരണം, ശാസ്ത്രത്തിൻെറയും അനുഭവങ്ങളുടെയും ഉള്ളറകൾ എല്ലാവൎക്കും വിജ്ഞേയമല്ല.

കവിതയുടെ ഏററവും ഉയർന്ന ധൎമ്മം അനുഭവങ്ങളുടെ മേഖലയിലുള്ള വസ്തുക്കളെ ക്രമപ്പെടുത്തുകയെന്നതാണ്. സൃഷ്ടിക്കായുള്ള വിശകലനമാണ് കവിതകളുടെ സത്ത. ശാസ്ത്രവും സാമാന്യബുദ്ധിയും അതിൻെറ മാൎഗ്ഗത്തിലെ ശ്രേഷ്ഠമായ കവികളാണ്. എന്തെന്നാൽ അനുഭവവസ്തുക്കളിൽനിന്നും, തെളിഞ്ഞതും സലക്ഷണവും മനോഹരവുമായ ഒരു ലോകത്തെ അതു സൃഷ്ടിക്കുന്നു. കലയുടെ ഈ മൎയ്യാദ അതിനെ സാധാരണവും ജനകീയവുമാക്കിത്തീൎത്തു: സാന്മാർഗ്ഗികമൂല്യങ്ങളെയും സൗന്ദൎയ്യത്തെ

യും കവി ഉൾക്കൊള്ളുകയും ലോകത്തിനു നൽകുകയുംചെയ്യുന്നു. വാക്കുകളെയും പ്രതിച്ഛായകളെയും കവി കാവ്യത്തിലേക്കു പകരുന്നു. കല്പനയുടെ കവിത, നിരീക്ഷണങ്ങളുടെ കവിത, വികാരങ്ങളുടെ കവിത, മദ്ധ്യസ്ഥമായി നീങ്ങുന്നു. ശബ്ദത്തിന്റെയും നന്മയുടെയും മാത്രമായ കവിത താഴ്ന്ന മേഖലകളിൽ ഒതുങ്ങിനില്ക്കുന്നു. സൃഷ്ടിപരമായ വ്യുല്പത്തിയും വിവേചനവുമുള്ള കവി ഉയൎന്ന മേഖലയിലും. എന്നാൽ ഉടനീളം ദൃശ്യമാവുന്ന ഒരു തത്വമുണ്ട്; സൗന്ദൎയ്യത്തിന്റെ തത്വം—സമ്മേളനാത്മകമായ കല, അതു കലാസൃഷ്ടികളാവാം, പ്രതിച്ഛായകളാവാം.–അങ്ങനെ മനസ്സിന്റെ അഗാധമായ പ്രേരണയിൽനിന്നുളവാകുന്ന എന്തുമാവാം.

പാത്രങ്ങളെ സൃഷ്ടിക്കുകയാണ് ഭാവനയുടെ ഏററവും മഹത്തായ വിജയമെന്ന് നമ്മിൽ പലരും ധരിച്ചിട്ടുണ്ടാവും. നമ്മുടെ വ്യക്തിനിഷ്ഠമായ രുചികളിൽനിന്നും അകന്ന് വസ്തുക്കളെ അതിന്റെ മാനുഷികവും യുക്തിയുക്തവുമായ രീതിയിൽ നോക്കുകയാണെങ്കിൽ നമുക്കു കാണാം പാത്രങ്ങളെ സൃഷ്ടിക്കുകയല്ല, കാവ്യകല്പനയുടെ പരമമായ ജോലിയെന്ന്. നമ്മുടെകൈവശമുള്ള വിഭവങ്ങൾകൊണ്ട് പരിപൂൎണ്ണമായ ഒരു പാത്രത്തെ സൃഷ്ടിക്കുവാൻ സാദ്ധ്യമല്ല. അതിനാൽ, പാത്രസൃഷ്ടിയിൽക്കൂടിമാത്രമല്ല കാവ്യസന്ദേശങ്ങൾ എത്തിയ്ക്കാൻ കഴിയുക. കവിയ്ക്ക് തന്റെ നായകനിൽ, തന്നിൽനിന്നും ഒരംശംമാത്രമേ അൎപ്പിക്കാനാവൂ. എന്നാൽ തന്റെ ശ്രേഷ്ഠമായ

ശില്പത്തിൽ സമ്പൂർണ്ണമായും അതു പകർത്തണം. ഒരു കഥാപാത്രം ഭാഗികമായ ഘടകമേയാകുന്നുള്ളൂ. ഒരു കഥാപാത്രമല്ല, അതിന്റെ പ്രവർത്തനങ്ങളും തൽക്കാരണങ്ങളുമാണ് സത്യത്തിൽ തല്പരമായ സംഗതി. കവിസാർവ്വഭൗമരായിട്ടുള്ള ഹോമർ, ദാന്തേ തുടങ്ങിയവരുടെ കഥാപാത്രങ്ങൾ ഭംഗിയായി വിരചിയ്ക്കപ്പെട്ടവയാണെങ്കിലും രംഗത്തിന്റെ പൊതു ചലനത്തിനും അർത്ഥത്തിനും താഴെയാണ് നില്ക്കുന്നതു്.

ആദർശകഥാപാത്രങ്ങളെ സൃഷ്ടിക്കുന്നതിൽ ഭാവന, വസ്തുക്കളുമായി ധ്രുതഗതിയിൽ പ്രവർത്തിക്കുന്നു. ഭാവങ്ങളും വിചാരങ്ങളും പ്രവർത്തിക്കുന്നു. വ്യക്തികളിൽ അവ ഏകീഭവിക്കുകയും ചെയ്യുന്നു. പാത്രങ്ങൾ പ്രകൃതിയിൽ ലീനമാണ്. ഒരു പ്രകൃതി ദൃശ്യം കവിതയ്ക്കു നിദാനമായ ഒരു വസ്തുവല്ല. അതിന്റെ ഘടകങ്ങൾ, പ്രത്യേകിച്ചും വികാരപരമായ പ്രേരണ, കവിതയായി നിർദ്ദേശിക്കുകയൊ പ്രകടമാക്കുകയോ ചെയ്യാം. എന്നാൽ പ്രകൃതി ദൃശ്യം അതിന്റെ വേണ്ടതുരൂപത്തിൽ പ്രതിനിധീകരിക്കപ്പെടുന്നില്ല. വിശാലമായ വീക്ഷണകോണമുള്ള കവി തന്റെ പാത്രങ്ങളെ ചരിത്രത്തിന്റെയും പ്രകൃതിയുടെയും അന്തരീക്ഷത്തിൽ പൊതിയുന്നു. അവ നീങ്ങുന്ന ലോകത്തെപ്പററിയുള്ള സ്ഥിരമായ അറിവ് നമുക്കു നൽകുകയും ചെയ്യുന്നു. കവിയുടെ മണ്ഡലം—അയാളുടെ ചിന്തയുടെ ശാലീനതയും മാനുഷികതയും— അയാൾ ജീവിക്കുന്ന ലോകത്തിന്റെ വ്യാസാർത്ഥത്തിനുള്ളിലേതുപോലെ വ്യക്തമായി മറെറാരുതരത്തിലും അളക്കാൻ എളുപ്പമല്ല.

സമുന്നതനായ കവിയുടെ വീക്ഷണം ദാന്തേയുടേതുപോലെ താരാമണ്ഡലത്തോളം പരന്നുകിടക്കുന്നു.

കവിയെസംബന്ധിച്ചടത്തോളം ഭൗതികവും ചരിത്രപരവുമായ ഒരു പശ്ചാത്തലം, കഥാപാത്രങ്ങൾ ജീവിക്കുന്ന മററു പരിതഃസ്ഥിതികളുമായി തട്ടിച്ചുനോക്കിയാൽ നാടകീയമായ ആ ചുററുപാട്, നിസ്സാരമാണെന്നു കാണാം. കവിതയുടെ ഉള്ളടക്കം വികാരപരമാണ്. പലവിധത്തിലുള്ള സ്നേഹവും വിദ്വേഷവും സമുദായത്തിൽ സാധാരണമാണ്. ഈ വികാരങ്ങളെ അതിൻെറ സജീവമായ അന്തസ്സത്തയോടുകൂടി പൂർണ്ണമായി പ്രകാശനം ചെയ്യാനുള്ള അവസരം കല്പനംചെയ്യുന്നതാണ് കവിയുടെ ധമ്മം. നമ്മുടെ സർഗ്ഗശക്തിക്ക് രൂപമേകുവാൻ അനുയോജ്യമായ അവസരം മാത്രമാണാവശ്യം. ലോകനിരീക്ഷണപാടവത്തിൽനിന്നും കവി നമുക്ക് തൻെറ കരുക്കളെപയോഗിച്ച് കവിത പ്രദാനംചെയ്യുന്നു. സ്നേഹത്തിൻെറയോ, സന്തുഷ്ടിയുടേയോ, ചതിയുടേയോ, പതറിച്ചയുടേയോ സാദ്ധ്യതകൾ നമ്മുടെ മുമ്പിൽ തുറക്കപ്പെടുന്നു. അയാൾ ഒരു നല്ല ഇതിവൃത്തം നൽകുകയാണെങ്കിൽ നമുക്ക് നല്ല പാത്രങ്ങളേയും സൃഷ്ടിക്കാൻ കഴിയും. കാരണം ഓരോരുത്തക്കും നമ്മുടെ സ്വാത്ഥപരമായ വളച്ചു നിലച്ച ഭാവങ്ങളുടെ സമൂത്തമായ രൂപമായിരിക്കും. ഇതിവൃത്തംമൂലമാണ് പാത്രങ്ങളെ തരംതിരിക്കപ്പെടുന്നതു്. എന്തുകൊണ്ടെന്നാൽ ഇതിവൃത്തത്തിൽക്കൂടിയാണ് നമ്മുടെ സ്വഭാവം അതിൻെറ സമൂത്തമായ സാദ്ധ്യതകളിലേക്ക് വികാസം പ്രാപിക്കുന്നതു്.

അകന്ന ഒരു കഥാപാത്രത്തെ വർണ്ണനംചെയ്യുക അപൂർണ്ണമായി മാത്രമേ സാദ്ധ്യമാവുകയുള്ളൂ. എന്നാൽ പാത്രം സ്ഥിതിചെയ്യുന്ന ചുററുപാടുകളുടെ അവതരണം, വിവരണത്തെ ആവശ്യമില്ലാത്തതാക്കുന്നു. അരിസ്റ്റോട്ടിൽ ഇതിവൃത്തത്തിനാണ് നോവലുകളിൽ പ്രാമുഖ്യം നൽകിയതു്. ഇതിവൃത്തം കൂടാതെ കഥാപാത്രങ്ങൾക്കു സ്വതന്ത്രമായി നില്ക്കാനാവില്ല. നാം കഥാപാത്രത്തിൽ ജീവിക്കയാണു ചെയ്യുന്നതു്. പ്ലോട്ടിലൂടെ നമ്മുടെ ആത്മാവു് സാങ്കല്പികപ്രവർത്തനത്തിലേക്കുയരുന്നു. നാം വ്യക്തിഗതമായ ജീവിതമണ്ഡലത്തിൽനിന്നും രക്ഷപ്പെടാൻ ആഗ്രഹിക്കുകയും അതിൻെറ ആദർശപരതയിൽ നിലയുറപ്പിക്കുകയും ചെയ്യാൻ അതു സഹായകമാവുന്നു.

# യവനനാടകങ്ങളും
# നാടകവേദിയും.

കലകൾക്കും സാഹിത്യത്തിനും ഗ്രീസും ഗ്രീക്കുഭാഷയും നൽകിയിട്ടുള്ള സംഭാവനകൾ കാലാതീതങ്ങളാണ്. യവനനാടകങ്ങളും നാടകവേദിയും പില്ക്കാലത്തെ നാടകപ്രസ്ഥാനത്തിന് മാർഗ്ഗദർശകമായി ഭവിച്ചു. അയോൺ, എസ്കിലസ്സ്, സൊഫോക്ലിസ്സ്, യൂറിപ്പിഡീസ് തുടങ്ങിയ നാടകകൃത്തുക്കളെ വിസ്മരിക്കുക സാദ്ധ്യമല്ല.

യവനനാടകങ്ങളുടെ സാർവ്വതോമുഖമായ സമൃദ്ധി കേന്ദ്രവും വിളഭൂമിയും ഏതെൻസ് നഗരമായിരുന്നു. എന്നാൽ ഏതൻസിൽ നടന്നിരുന്ന കലോത്സവങ്ങളിൽ മത്സരിക്കുവാൻ പുറമേനിന്നുമുള്ള 'ട്രാജിക്ക്' കവികളേയും ക്ഷണിച്ചിരുന്നുവത്രെ. 'അയോൺ' ഇക്കൂട്ടത്തിൽപെട്ടുന്നുണ്ട്. മററുപലരും ബി. സി. അഞ്ചാം നൂററാണ്ടിലും അതിനുശേഷവും ഇത്തരം കലോത്സവങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. അയോൺ, ബഹുമുഖമായ കഴിവുകളുള്ള ഒരു

പണ്ഡിതനായിരുന്നു അദ്ദേഹം. നിരവധി 'കോമഡി' കളും 'ട്രാജഡി'കളും എഴുതി. കൂടാതെ അനേകം ഭാവ ഗീതങ്ങളും ഓർമ്മക്കുറിപ്പുകളും അദ്ദേഹം എഴുതിയിട്ടുണ്ട്. ജനസ്മരണയിൽ അനശ്വരനായി, നിലനില്ക്കുന്ന മററ് ഒരേ ഒരു ദുഃഖാന്തകവി ആഗതോൺ മാത്രമാണ്. കഥയുമായി ബന്ധപ്പെടാതെ, തൻെറ ട്രാജിക്ക് നാടകങ്ങൾക്ക് സമൂഹഗാനങ്ങൾ രചിച്ച ആദ്യത്തെയാളാണ് ആഗതോൺ. 'പുഷ്പം' എന്ന പേരിൽ അദ്ദേഹം ഒരു നാടകം രചിച്ചു. അതിലെ കഥാപാത്രങ്ങളെല്ലാംതന്നെ സമ്പൂർണ്ണമായും സാങ്കല്പികങ്ങളാണ്. ഇതൊരു പരീക്ഷണംതന്നെയായിരുന്നു. ഈ മാർഗ്ഗം പിന്നീടുള്ളവർ അനുകരിച്ചിരുന്നുവെങ്കിൽ ഗ്രീക്കു നാടകത്തിൻെറ തുടർന്നുള്ള ചരിത്രത്തെ അതു അഗാധമായി സ്പർശിക്കുമായിരുന്നു. പക്ഷെ, അതു സംഭവിച്ചില്ല. മറിച്ച്, ദുഃഖാന്തനാടകങ്ങളുടെ ഇതിവൃത്തങ്ങൾ പരമ്പരാഗതമായ കടങ്കഥകളുടെ വലയത്തിനുള്ളിലൊതുങ്ങുകയാണുണ്ടായത്. അതിനാൽ മാററങ്ങൾ ഒരു പ്രത്യേക പരിധിയ്ക്കുള്ളിൽ ചുററിക്കൂടുന്നു.

ഗ്രീക്കു സാഹിത്യകാരന്മാരുടെ കാല്പനികമായ കഴിവ് പാടേ നശിച്ചു. ഗ്രീക്കു നാടകങ്ങൾ അപ്രത്യക്ഷമാവുന്നതിനുള്ള കാരണം ഇതായിരുന്നു. ബി. സി. നാലാം നൂററാണ്ടിൽ ട്രാജസികൾ ധാരാളമായുണ്ടായി. മറെറാരു വഴിക്ക് ഗ്രീക്കു നാടകത്തിൻെറയും അതിൻെറ സ്വാധീന വലയത്തിൻെറയും വ്യാപ്തി വർദ്ധിച്ചു. ഏതൻസ് നഗരത്തിനു പുറമേ, മററു സ്ഥലങ്ങളിലും തിയേററുകൾ നി

ർമ്മിച്ച് നാടകങ്ങൾ അവതരിപ്പിക്കാൻ തുടങ്ങി. അലക്സാണ്ടർ ചക്രവർത്തിയുടെ ആക്രമണത്തോടുകൂടി ആററിക് നാടകങ്ങളുടെ വ്യാപ്തി വിപുലമായി. പൗരസ്ത്യനാട്ടുകളിൽ ഗ്രീക്കു നഗരങ്ങൾ ധാരാളം സ്ഥാപിതമായി. ഗ്രീക്കു നഗരങ്ങൾ സ്ഥാപിച്ചിടത്തെല്ലാംതന്നെ നാടകശാലകൾ പണികഴിപ്പിക്കയും നാടകങ്ങൾ അവതരിപ്പിക്കപ്പെടുകയും ചെയ്തു. കുറച്ചുകാലത്തേക്കു് അലക്സാണ്ട്രിയാനഗരം ട്രാജിക്കു് നാടകകേന്ദ്രമായ ഏതൻസിനെ അതിജീവിക്കുകതന്നെ ചെയ്തു. ആററിക് ട്രാജഡികൾ ഒരുതരം 'സമ്മിളിതസ്ഥാപന'ങ്ങൾതന്നെയായിരുന്നു. എന്നാൽ ഇതോടൊപ്പംതന്നെ നിർമ്മാണശേഷിയും ഉന്മേഷവും നശിച്ചുതുടങ്ങിയിരുന്നു. ഒടുവിൽ പുതിയ ഒരൊററ നാടകവും എഴുതാത്ത സ്ഥിതിയിലെത്തി. ഡയോണീഷ്യൻ കലോത്സവങ്ങൾക്കു് ഒന്നോ അതിലേറെയോ ഒന്നാംകിട പഴയ നാടകങ്ങൾ അവതരിപ്പിക്കുന്ന സമ്പ്രദായം ബി. സി. നാലാം നൂററാണ്ടിൽതന്നെ ആരംഭിച്ചിരുന്നു. പഴയതും പുതിയതുമായ ദുഃഖാന്ത നാടകങ്ങൾ സമാന്തരമായി അവതരിപ്പിച്ചുപോന്നു. കാല്പനികശക്തി ക്ഷയിച്ചതോടുകൂടി പുതിയ നാടകങ്ങളുടെ എണ്ണം കുറഞ്ഞു കുറഞ്ഞു വന്നു. അവസാനം പഴയനാടകങ്ങൾമാത്രം അവശേഷിച്ചു. പഴയ നാടകങ്ങളുടെ കൂട്ടത്തിൽ, എസ്കിലസ്സ്, സോഫോക്ലീസ്സ്, യൂറിപ്പിഡീസ്സ് എന്നിവരുടെ നാടകങ്ങൾ മാത്രമാണു് ഒതുങ്ങിനിന്നതു്. ക്രമേണ എസ്കിലസ്സ് പുറന്തള്ളപ്പെട്ടു. സോഫോക്ലീസ്സ് പിന്നെയും തുടർന്നുനിന്നു. ഗ്രീക്കു നാടകവേദിയിൽ അവസാനം യൂറിപ്പിഡീസ്സ് ഏകാധിപതിയായി വിലസി. ഏ. ഡി. അഞ്ചാം

ന്നൂററാണ്ടായതോടുകൂടി; യവനനാടകങ്ങൾ കിളിത്ത മണ്ണിൽ, അതു വാടിക്കരിഞ്ഞുവീണു. ക്രിസ്തുമതത്തിൻെറ വിജയത്തോടുകൂടി അതു് അടിച്ചമത്തപ്പെട്ടു. ദുഃഖാന്ത നാടകങ്ങളാണെങ്കിൽ അപ്പോഴേയ്ക്കും അധികം അവശേഷിച്ചിരുന്നില്ല. രാഷ്ട്രീയവും സാമൂഹ്യവുമായ ജീണ്ണതയെ തുടർന്നുവന്ന വ്യാപകമായ വാസനാ വിനാശത്തോടുകൂടി ദുഃഖാന്ത നാടകങ്ങളോടുള്ള മമത കുറഞ്ഞു. തിയേററുകളിൽ നാടകാവതരണം മുറയ്ക്കു നടന്നുപോന്നു. എന്നാൽ അതാകട്ടെ, നാടകങ്ങളുടെ വികൃതമായരൂപങ്ങളായിരുന്നു. ട്രാജഡിയും കോമഡിയുമല്ലാത്ത അനുകരണങ്ങളും മൂഗ്ദ്ധാഭിനയങ്ങളുമായിരുന്നു ഗ്രീക്കും ലാററിനുമായ പ്രാചീന നാടകശില്പങ്ങൾ യൂറോപ്പിൽ അപ്രത്യക്ഷമായി. നവോത്ഥാനത്തോടുകൂടിയാണു് വീണ്ടും ജനങ്ങൾക്കതിൽ താല്പയ്യമുളവായതു്. എന്നിരിക്കിലും ഗ്രീക്കനാടകങ്ങളുടെ പാരമ്പര്യം പരിപൂണ്ണമായും നഷ്ടപ്പെട്ടിരുന്നില്ല. ക്ലാസ്സിക്കുകൾ പഠിച്ച കുറെ പണ്ഡിതന്മാരുടെയിടയിൽ അതു പിന്നെയും തങ്ങിനിന്നു.

പൗരാണികപഠനം പുനർജ്ജീവിച്ചതോടുകൂടി ആധുനിക നാടകങ്ങളുടെ വളർച്ചയെ അതു കൂടുതൽ പ്രത്യക്ഷമായി സഹായിക്കാൻ തുടങ്ങി. പഴയതും പുതിയതും തമ്മിലുള്ള വ്യത്യാസം കൂടുതൽ വ്യക്തമായി കാണുന്നതു് ട്രാജഡികളിലേതിനേക്കാൾ കോമഡികളിലാണു്. ഗ്രീക്കു കോമഡികളുടെ ഉത്ഭവം വളരെ സങ്കീണ്ണമായ ഒരു പ്രശ്നമാണു്. ഡയോണിഷ്യസിനെ പ്രാത്ഥിക്കുവാൻ തുടങ്ങിയ കാലമാണു് ഗ്രീക്കു ട്രാജഡിയുടെ ഉത്ഭവസ്ഥാനം. എന്നാൽ കോമഡികൾ വളരെത്താമസിച്ചാണുണ്ടായതു്.

അതിനെപ്പററി അരിസ്റ്റോട്ടിലിനുപോലും വ്യക്തതയില്ല. "പ്രാചീന ഗ്രീക്ക്കവിതയുടെ വളർച്ചയും സ്വാധീനവും" എന്ന ഗ്രന്ഥത്തിൽ ജെബ്ബ് അതിനെക്കുറിച്ച് ഇങ്ങനെയാണ് പറയുന്നത്. "ഡയോണീഷ്യസ്സിനെ പ്രാത്ഥിക്കുവാൻ ജനങ്ങൾ തിങ്ങിക്കൂട്ടുമ്പോൾ 'കോമഡ്" എന്ന ആഹ്ളാദജാഥ ആ കലോത്സവത്തിൻെറ ഒരു പ്രധാന ചടങ്ങായിരുന്നു. ആദ്യം ഈ ഏർപ്പാട് അനധികൃതവും അപ്രേരിതവുമായിരുന്നു. ഒന്നോ അതിലധികമോ സംഘം ആളുകൾ കോമാളിവേഷമണിഞ്ഞു് വീണയുടെ ശബ്ദലയത്തിനൊപ്പിച്ച് പുണ്യവിഗ്രഹത്തിനടുത്തേക്കു് മാർച്ചുചെയ്യുമായിരുന്നു. ഡയോണീഷ്യസിനെ പ്രകീർത്തിച്ചുകൊണ്ടൊരു ഗാനം അവർ ആലപിച്ചിരുന്നു. അതിലൊരാൾ ജനങ്ങളെ അഭിസംബോധനംചെയ്തുകൊണ്ടു് പൊതുപ്രാധാന്യമർഹിക്കുന്നതും സമകാലികവുമായ ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഫലിതസമ്പൂർണ്ണമായ ഒരു പ്രഭാഷണം നടത്തും. അതിനുശേഷം ജാഥ തിരികെപ്പോകും. 'കോമഡ്" എന്നറിയപ്പെടുന്ന ജാഥ ആലപിച്ചിരുന്ന ഗാനത്തിൽനിന്നാണ് കോമഡി അഥവാ 'കോമഡിയാ' എന്ന നാമം ഉത്ഭവിച്ചതു്. ബി. സി. 465ൽ കോമഡ് കലോത്സവത്തിലെ ഒരു അംഗീകൃത പരിപാടിയാക്കപ്പെട്ടു. സ്റ്റേററു തന്നെ ഇതിനു പ്രോത്സാഹനം നൽകുവാൻ തുടങ്ങി. ശുഭപര്യവസായിയായ നാടകങ്ങൾ കോമഡിനെ ചുററിപ്പററി എങ്ങനെയാണു വളർന്നതെന്നതു് അവ്യക്തമാണു്. എന്തായാലും പെലപ്പോൺ യുദ്ധമാവുമ്പോഴേക്കും ഗ്രീക്കുകോമഡി പൂർണ്ണവളർച്ചയെ

പ്രാപിച്ചിരുന്നു.'' അരിസ്റ്റോഫെയിൻസിൻെറ 'മേഘങ്ങളും സമാധാനവും' ഇതിൽപ്പെടുന്നു.

പ്രാചീന കോമഡിയിലാണിതുപെടുന്നതു്. പൊതുക്കാര്യങ്ങളെക്കുറിച്ചു് കവിയ്ക്കു തുറന്നു പരമാർശിക്കാമായിരുന്നു. യാതൊരു നിയന്ത്രണവുമുണ്ടായിരുന്നില്ല. സാമൂഹ്യദ്രോഹികളുടെ പേർ കവിയ്ക്കു തുറന്നു പരാമർശിക്കാമത്രെ! എന്നാൽ ഈ സ്വാതന്ത്ര്യം വെട്ടിച്ചുരുക്കപ്പെട്ടു. ഇടക്കാല കോമഡികളുടെ കൂട്ടത്തിൽ അരിസ്റ്റോഫെയിൻസിൻെറ പ്ലൂട്ടസു് പെടുത്താം. കാലക്രമേണ എഴുത്തുകാരൻെറ സ്വാതന്ത്ര്യം പിന്നെയും വെട്ടിക്കുറയ്ക്കപ്പെട്ടു. അതിനുശേഷം നവീന ശുഭപര്യവസായികളുടെ കാലഘട്ടമാണു്. മെനാൻഡറുടെ നാമധേയമാണു് ഇക്കൂട്ടത്തിൽ മുന്നിൽനില്ക്കുന്നതു്. പുതിയ കോമഡികളിൽ ഒരെണ്ണംപോലും പൂർണ്ണമായി നമുക്കു ലഭ്യമല്ല. എങ്കിലും മെനാൻഡറിലും മററു കവികളിലും യൂറിപ്പിഡീസിൻെറ സ്വാധീനം കണ്ടെത്താം.

എലിസബത്തു രാജ്ഞിയുടെ കാലത്തു് 'പ്ലാട്ടസു്', 'ടെറൻസു്' എന്നീ നാടകങ്ങളും അതിൻെറ ചുവടുപിടിച്ചെഴുതിയ മററു നാടകങ്ങളും പല സർവ്വകലാശാലകളിലും സ്കൂളുകളിലും അഭിനയിക്കുക പതിവായിരുന്നു. ഈ കാലഘട്ടത്തിൽ ഒരു പുതിയ ഉണർവ്വ് നാടകശാഖയ്ക്കുണ്ടായി. ഇംഗ്ലീഷ് പരിഭാഷകൾ കൂടുതൽ കൂടുതലുണ്ടായി. ചുരുക്കത്തിൽ ആധുനിക നാടകങ്ങളെ-അതു് ഏതു ഭാഷയിലും-ഗ്രീക്കുനാടകങ്ങൾ വളരെയേറെ സ്വാധീനിച്ചിട്ടുണ്ടു്.

# മലയാളസാഹിത്യത്തിലെ

# നൂതനപ്രവണതകൾ

നമ്മുടെ സാമൂഹ്യജീവിതത്തിൽ, സാഹിത്യത്തിനു നാം എന്തുകൊണ്ടാണ് ഏറെ പരിഗണന നൽകുന്നതു്? അനായാസമായി ഉത്തരം കാണാവുന്ന ഒരു പ്രശ്നമല്ല ഇതു്. അവഗാഢമായ ചിന്തയിൽനിന്നും, സമഗ്രമായ അപഗ്രഥനത്തിലൂടെയും മാത്രമേ ഇതിനു തൃപ്തികരമായ ഒരു സമാധാനം കണ്ടെത്താനാവൂ.

സാഹിത്യത്തിന് ഇത്രയേറെ പ്രാധാന്യം കല്പിക്കുന്നതു മറ്റൊന്നുകൊണ്ടുമല്ല; പ്രത്യുത അതിന് അത്യഗാധവും അനശ്വരവുമായ മാനുഷികപ്രാധാന്യമുണ്ടെന്നുള്ളതിനാലാണ്. ഒരു നല്ല സാഹിത്യശില്പം ജീവിതത്തിൽനിന്നാണ് മുളയ്ക്കുന്നതും തഴയ്ക്കുന്നതും. അതു വായിക്കുന്നതിലൂടെ നാം വിശാലവും ഉറ്റതും നവീനവുമായ ജീവിതബന്ധങ്ങളിലേർപ്പെടുന്നു. ജീവിതവീക്ഷണത്തിൽനിന്നും നാം ഗ്രഹിച്ച വസ്തുതകളുടെ അമൂല്യമായ ഒരു രേഖയാണ് സാഹിത്യം. നാം അനുഭവിച്ചതും വിചാരിച്ച

ത്തും നമ്മുടെ ഉള്ളിൽത്തട്ടിയതുമായ വസ്തുതകളുടെ ഒരു പകർപ്പാണു് സാഹിത്യം. ഭാഷയുടെ സഹായത്തോടുകൂടി നടത്തുന്ന ജീവിതത്തിൻെറ ബാഹ്യപ്രകടനമാണതു്. സാഹിത്യം മററു പല വിഷയങ്ങളിൽനിന്നും വ്യത്യസ്ഥമായി നില്ക്കുന്നു. സാഹിത്യം സാർവ്വജനീനവും ഹൃദയാഹ്ളാദകാരിയുമാണു്. അതു ജനങ്ങൾക്കു് കലാസ്വാദനസംതൃപ്തി പ്രദാനം ചെയ്യുന്നു. നാം ചിന്തിക്കുകയും അനുഭവിക്കുകയും ചെയ്യുന്ന കാര്യങ്ങൾ അന്യരെ പറഞ്ഞുകേൾപ്പിക്കുവാനുള്ള വാസന നമ്മിൽ ശക്തിമത്തായി നിലനില്ക്കുന്നു. അപ്പോൾ എഴുത്തുകാരൻെറ വിചാരവികാരങ്ങളാണു് സാഹിത്യത്തിലെ വിഷയം. സ്ത്രീകളിലും പുരുഷന്മാരിലും നാം അവാച്യമായ താല്പര്യമുള്ളവരാണു്. അവരുടെ ജീവിതം, ലക്ഷ്യങ്ങൾ, വികാരങ്ങൾ ബന്ധങ്ങൾ എന്നുവേണ്ട എല്ലാററിലും നമുക്കു് അഗാധമായ താല്പര്യമുണ്ടു്. ജീവിതനാടകത്തെയും പ്രവൃത്തികളെയും സംബന്ധിക്കുന്നതാണു് സാഹിത്യം. നാം കണ്ടതും സങ്കല്പിച്ചതുമായ കാര്യങ്ങളെക്കുറിച്ചു് വാചാലമായി സംസാരിക്കാൻ നമുക്കു താൽപ്പര്യമുണ്ടു്. നമ്മുടെ ബാഹ്യപ്രകടനങ്ങളെ അഴകേറിയ കലാശില്പങ്ങളായി വാർത്തെടുക്കുന്നതോടുകൂടി നമ്മുടെ കലാസ്വാദനചേതന തൃപ്തിപ്പെടുന്നു. അപ്പോൾ എഴുത്തുകാരൻെറ ചുററുപാടുകളും അയാൾ ജീവിക്കുന്ന സാമൂഹ്യപശ്ചാത്തലവുമാണു് സാഹിത്യത്തിൻെറ ഉറവിടം. സാഹിത്യം അതിനാൽ ഒരു സാമൂഹ്യപ്രതിഭാസമായി കണക്കാക്കാം. ആശയപ്രകാശനത്തിനുള്ള ഒരു മാദ്ധ്യമംകൂടെയാണു് സാഹിത്യം.

മലയാളസാഹിത്യം എന്നാൽ കേരളീയജീവിതത്തിന്റെ ദർപ്പണം എന്നാണർത്ഥം. ഒന്നേമുക്കാൽകോടിയോളം വരുന്ന മലയാളഭാഷ സംസാരിക്കുന്ന ആളുകളുടെ ആശയപ്രകാശനത്തിനുള്ള ഉപാധിയാണതു്. മലയാളികളുടെ ഹൃദയവികാരങ്ങളും ഹൃദയത്തുടിപ്പുകളും ജീവൽശക്തിയോടുകൂടി പ്രതിഫലിക്കുന്നതു് മലയാളസാഹിത്യത്തിലൂടെയാണു്.

ഒരു ചെറിയ ജനസമൂഹത്തിന്റെ ജീവിതനിഴലാട്ടം ഇതിൽ പ്രതിബിംബിച്ചുകാണാം. വിശ്വസാഹിത്യമേഖലകളിൽ വീണ നേരിയ ചലനങ്ങൾപോലും വളരെ വൈകിയിട്ടാണെങ്കിൽത്തന്നെയും മലയാളസാഹിത്യത്തിൽ കുഞ്ഞലകളുയർത്തിയിട്ടുണ്ടു്. നൂററാണ്ടുകളുടെ പഴക്കവും സാഹിത്യമേന്മയും ചെറുതെങ്കിലും ശ്രേഷ്ഠമായ മലയാളഭാഷയ്ക്കുണ്ടു്. എന്നാൽ ഭാരതത്തിന്റെ കരങ്ങളിൽ പാരതന്ത്ര്യച്ചങ്ങല വീണതോടുകൂടി നമ്മുടെ ദേശീയഭാഷകളുടെയും സാഹിത്യത്തിന്റെയും വളർച്ച നിലച്ചു. ഭാരതത്തിന്റെ ആത്മാവുതന്നെ നൊമ്പരപ്പെട്ടപ്പോൾ കേരളീയരുടെ സാഹിത്യത്തിനെപ്പററിമാത്രം എന്തു പറയാനാണു്!

എന്നാൽ സ്വാതന്ത്ര്യലബ്ധിക്കുമുമ്പുതന്നെ സാഹിത്യത്തിൽ നൂതനങ്ങളായ ആശയങ്ങളാവിഷ്കരിക്കാൻ നമുക്കു കഴിഞ്ഞു. പഴയ സാഹിത്യസങ്കേതങ്ങളുടെ തണൽ പററിക്കഴിഞ്ഞിരുന്ന എഴുത്തുകാർ പുതിയ സങ്കേതങ്ങളുടെ പുറകെ യാത്രയാരംഭിച്ചു. ആകാശമണ്ഡലത്തിൽ മിന്നിത്തിളങ്ങുന്നതാരാജാലങ്ങളെയും പ്രകൃതിയിലെ ഹരിതാഭയേയും സായംസന്ധ്യയേയുംകുറിച്ചു കവിതയെഴുതുക

യും കഥ നെയ്യെട്ടുക്കുകയും ചെയ്തിരുന്നവർ, തീവ്രമായ ജീവിതപ്രശ്നങ്ങളിലേക്ക് കണ്ണോടിക്കുവാൻ തുടങ്ങി. ച്ചുററിലും കത്തിപ്പടർന്ന സാമൂഹ്യപ്രശ്നങ്ങളുടെ പൊള്ളലേററ സാഹിത്യകാരന്മാർ ഞെരിപിരികൊണ്ടു. തളം കെട്ടിനില്ക്കുന്ന ജനജീവിതവും, വളച്ചുമുററിനില്ക്കുന്ന ആശയാഭിലാഷങ്ങളും സാഹിത്യകാരന്മാരെ ശ്വാസംമുട്ടിച്ചു. ജീർണ്ണതയുടെ ദുർഗ്ഗന്ധവലയങ്ങളിൽനിന്നും ജനങ്ങളെ പുറത്തുകടത്തേണ്ടതു് സാഹിത്യകാരന്മാരുടെ ഒരു കടമയായിത്തീർന്നു. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള അഭിലാഷം അദമ്യമായിത്തീർന്നപ്പോൾ സാഹിത്യകാരന്മാർ സ്വരമുയർത്തി സംസാരിച്ചുതുടങ്ങി. തീക്ഷ്ണമായ ഭാഷയിൽ തീവ്രമായ വികാരം കലർത്തി അത്യാകർഷവും ആവേശഭരിതവുമായ മട്ടിൽ സാഹിത്യകാരന്മാർ എഴുതുകയും പാടുകയും ചെയ്തു. സാഹിത്യം ജീവിതോന്മുഖവും വിപ്ലവപരവുമായിത്തീർന്നു. മലയാളസാഹിത്യത്തിലെ എല്ലാ ശാഖകളിലും ഇതിൻെറ പ്രതിഫലനം ദർശിക്കാൻ കഴിയും.

റൊമാൻറിസിസത്തിൻെറ പാതയിൽ നിന്നും റീയലിസത്തിൻെറ നാട്ടുവെളിച്ചത്തിലേക്കു് മലയാളസാഹിത്യം കയറിവന്നതു് ഈ ഘട്ടത്തിലാണു്. പുരോഗാമികളായ എഴുത്തുകാർ യാഥാർത്ഥ്യത്തിൻെറ ചായക്കൂട്ടിൽ തങ്ങളുടെ തൂലിക മുക്കിയെഴുതുവാൻ തുടങ്ങി. സാർവ്വദേശീയമണ്ഡലത്തിൽ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവം ഉയർത്തിവിട്ട ചലനങ്ങൾ അതിശയകാരിയായിരുന്നു. അതിൻെ പ്രതികരണം അനിർവ്വചനീയമായിരുന്നു. ലോകമാസകലമുള്ള സാഹിത്യകാരന്മാർക്കു് നവ്യമായ ഒരു വ്യ

വസ്ഥയുടെ സന്ദേശം ഇതുവഴി പകർന്നുകിട്ടി. അജയ്യമായ ഒരു ശക്തിവിശേഷം അതിൽനിന്നവർ ആർജ്ജിച്ചു. കഷ്ടപ്പാടുകളും മർദ്ദനവുമില്ലാത്ത, ദാരിദ്ര്യവും ക്ലേശവുമില്ലാത്ത ഒരു സാമൂഹ്യവ്യവസ്ഥിതി ഉടലെടുക്കണമെന്ന് ലോകമാസകലമുള്ള സാഹിത്യകാരന്മാർ കൊതിച്ചു.

അതിൽനിന്നും ആവേശം പകർന്നുകൊണ്ട് കഥകളും കവിതയും നോവലുകളും എല്ലാ ഭാഷയിലുമുണ്ടായി. മലയാളസാഹിത്യത്തിലെ വിലപ്പെട്ട പല കൃതികളും ഈ സന്ദർഭത്തിലാണ് ഉണ്ടായത്. ജീവൽസാഹിത്യം എന്ന പേരിൽ മലയാളത്തിൽ ഒരു പുതിയ പ്രസ്ഥാനം ഉടലെടുക്കുന്നതിനു സഹായകമായ സാഹചര്യങ്ങളുണ്ടായതും ഈ കാലഘട്ടത്തിലാണ്. പഴകി ദ്രവിച്ച സാമൂഹ്യവ്യവസ്ഥയുടെ വൈകൃതങ്ങളെ ചൂണ്ടിക്കാട്ടുകയും പുതിയൊരു വ്യവസ്ഥ സംജാതമാകേണ്ടതിൻെറ ആവശ്യകതയെക്കുറിച്ച് ഊന്നിപ്പറയുകയുമായിരുന്നു ഈ പ്രസ്ഥാനത്തിൻെറ മുഖ്യകടമ. ജീർണ്ണിച്ചതും ഇറുന്നുപൊളിഞ്ഞതുമായ മുതലാളിത്തസംസ്ക്കാരത്തിൻെറ ബീഭത്സഭാവങ്ങളെ അതു തുറന്നുകാട്ടി. മലയാളസാഹിത്യത്തിൽ വ്യക്തമായ ഒരു ചേരിതിരിവിൻെറ കാലമായിരുന്നു ഇത്. പഴയ വ്യവസ്ഥയുടെ സ്തുതിഗായകന്മാർ ഒരുവശത്തും,. നവ്യമായ ഒരു വ്യവസ്ഥിതിക്കുവേണ്ടി പൊരുതുന്നവർ മറുവശത്തും. മലയാളസാഹിത്യത്തിലെ ഏററവും സജീവമായ ഒരു ഘട്ടത്തെയാണ് ഈ കാലം കുറിക്കുന്നത്. കവിതയിലും, കഥയിലും, നോവലിലുമെല്ലാം ഇതു പ്രതിബിംബിച്ചു.

ആധുനിക മലയാളകവിതയെക്കുറിച്ച് നമുക്ക് അല്പം പരിശോധിക്കാം. ആധുനികമലയാളകവിത എന്നു വച്ചാൽ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷമുള്ള നമ്മുടെ കവിത എന്നാണർത്ഥമാക്കുന്നത്. ദേശീയവും, സാമൂഹ്യവും, സാംസ്കാരികവുമായ പരിവർത്തനങ്ങൾ ജീവിതത്തിൻെറ മുഖച്ഛായയെത്തന്നെ മാററിയ ഒരു കാലഘട്ടമാണിത്. നമ്മുടെ കാവ്യലോകത്തിലെ ത്രിമൂർത്തികളായിരുന്ന കുമാരനാശാനും, ഉള്ളൂരും, വള്ളത്തോളും മലയാളകവിതയ്ക്ക് തങ്ങളുടെ മഹത്തായ സംഭാവനകൾ നൽകിക്കഴിഞ്ഞിരുന്ന ഒരു ഘട്ടം. ചങ്ങമ്പുഴ ഉയർത്തിവിട്ട കവിതയുടെ നാദതരംഗങ്ങൾ സാഹിത്യാന്തരീക്ഷത്തിൽ അപ്പോഴും അലയടിച്ചിരുന്നു. ഈ കാലഘട്ടത്തിലെ ഏററവും ജനസമ്മതനായ കവി ചങ്ങമ്പുഴയായിരുന്നു. പഴയ സാമൂഹ്യവ്യവസ്ഥയോടുള്ള തൻെറ ഒടുങ്ങാത്ത പ്രതിഷേധവും വ്യക്തിജീവിതത്തിലെ രാഗവൈരാഗ്യങ്ങളും, വികാരതരളവും മധുരകോമളവുമായ പദാവലികളിലദ്ദേഹം പാടിയെന്നതാണ് ഇത്രയേറെ ജനസമ്മതിക്ക് കാരണമായി ഭവിച്ചത്. സാഹിത്യരംഗത്തെ അപ്പോഴത്തെ പ്രമുഖ പ്രവണതയെന്താണെന്നു നാം അറിഞ്ഞിരിക്കണം. കവി സമൂഹത്തിൻെറ മുഖമാണെന്നും കവിയുടെ ഹൃദയത്തിനു പ്രകൃതിയിലെ യാഥാർത്ഥ്യങ്ങളോടുള്ള ചലനാത്മകമായ ബന്ധമാണ് കാവ്യസൃഷ്ടിക്ക് പ്രേരകമാകുന്നതെന്നും ആ ബന്ധത്തിൻെറ സാധാരണീകൃതമായ പ്രകാശനമാണ് കവിതയെന്നും അന്നത്തെ എഴുത്തുകാരും വായനക്കാരും മനസ്സിലാക്കിയിരുന്നു. റീയലിസ്റ്റ് സാഹിത്യത്തിന്റെ പ്രേ

രണ ഈ കാലഘട്ടത്തിലെ സാഹിത്യത്തിൻെറ പ്രമുഖ പ്രവണതയായിരുന്നു. മിസ്റ്റിസിസവും റൊമാൻറിസിസവും പുറന്തള്ളപ്പെട്ടുകൊണ്ടു് റീയലിസത്തിൻെറ പാത മുന്നോട്ടുനീങ്ങി. വിശ്വസാഹിത്യത്തിലെ അമൂല്യകൃതികളുടെ പരിചയമാണു് ഇക്കാര്യത്തിൽ നമ്മെ സഹായിച്ചതു്. ജീവിതത്തിൻെറയും കലയുടെയും മൂല്യങ്ങളെയും സത്തയേയുംകുറിച്ച് പുരോഗമനസാഹിത്യപ്രസ്ഥാനത്തിൻെറ കാഹളങ്ങളായിരുന്ന ഏ. ബാലകൃഷ്ണപിള്ളയുടേയും എം. പി. പോളിൻേറയും ഉദ്ബോധനങ്ങൾ, സാമൂഹ്യബോധം കലയിൽ വരുത്തിത്തീർത്ത വിപ്ലവാശയങ്ങൾ എന്നിവ ഈ കാലഘട്ടത്തിൻെറ സവിശേഷപ്രവണതകളാണു്.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം പുതിയൊരു ചൈതന്യവും ശക്തിയും തൻേറടവും കവിതകളിൽ പ്രസരിപ്പിച്ചുകൊണ്ടു് ഒരു പുതിയ തലമുറ സാഹിത്യത്തിലേക്കു കടന്നു. അന്തർദ്ദേശീയമായ സഹാനുഭൂതിയും സാർവ്വലൗകികമായി വീക്ഷണവും ഇവരുടെ സവിശേഷതകളായിരുന്നു.

ഈ കാലഘട്ടത്തിൽ സഹൃദയരെ ഏററവും ആകർഷിച്ച കവി ജി. ശങ്കരക്കുറുപ്പായിരുന്നു. ഭാവഗാനങ്ങളുടെ ഒരു പെരുവെള്ളപ്പാച്ചിലുമായിട്ടാണു് കവി കടന്നുവന്നതു്. അവിടെനിന്നും കവി ഒരു പ്രകൃത്യുപാസകനായി മാറുന്നു. പ്രകൃതിയുമായുള്ള ഈ ഐക്യം പ്രാപിക്കലാണു് ശങ്കരക്കുറുപ്പിനെ മിസ്റ്റിസ്റ്റാക്കിയതെന്നു പറയാം. അദ്ദേഹത്തിൻെറ പ്രതിഭ മിസ്റ്റിസിസത്തിൽനിന്നു് നാ

ഷണലിസത്തിലേക്കും അവിടുന്ന് ഇൻററർനാഷണലിസത്തിലേക്കും വികസിക്കുകയുണ്ടായി. മനുഷ്യൻെറ ജീവിതത്തിലും ചിന്താമണ്ഡലത്തിലും കാലത്തിനൊത്ത് അലതല്ലുന്ന പരിവത്തനങ്ങളെ സമകാലികരായ മററു കവികളേക്കാൾ കൂടുതൽ തീക്ഷ്ണമായി അനുഭവിക്കാനും ആ അനുഭൂതികളെ ഉചിതകലാരൂപങ്ങളിൽ പ്രകാശിപ്പിക്കാനും കഴിഞ്ഞതാണ് ശങ്കരക്കുറുപ്പിൻെറ കവിതയുടെ വളച്ച്യുടെ രഹസ്യം. ജി. ഒരു സിംബോളിക് കവിയാണ്. ജീയുടെ സിംബോളിസം അദ്ദേഹത്തിൻെറ സ്വാഭാവികമായ ഒരാശയപ്രകാശനരീതി മാത്രമാണ്. സിംബോളിസം യൂറോപ്യൻകവിതയിൽ കേവലം ഒരു സാങ്കേതികമാർഗ്ഗം മാത്രമായല്ല ആരംഭിച്ചത് ഒരു കലാപ്രസ്ഥാനമായിട്ടാണ്. കല കലയ്ക്കുവേണ്ടി എന്ന വാദത്തിൻെറ ഒരു മിസ്റ്റിക് മൂടുപടമിട്ട രൂപമായിരുന്നു ഫ്രഞ്ചുസിംബോളിസം. ഒരു സിംബോളിക് കവിയെന്ന് ജീയേപ്പററി പറയുമ്പോൾ അത് അദ്ദേഹത്തിൻെറ കവിതയുടെ ഒരു ഭാവത്തെയല്ല രൂപത്തെമാത്രമാണ് വ്യഞ്ജിപ്പിക്കുന്നത്. "ഭൂതകാലത്തിൻെറ സുഷമകളെ നുകർന്നുകൊണ്ട് നാളത്തെ വിപ്ലവത്തിന് കളമൊരുക്കുന്നു അദ്ദേഹത്തിൻെറ കവിത."

ഈ ദശാബ്ദത്തിലെ നമ്മുടെ കവിതയിൽ മറെറാരു ശ്രദ്ധേയമായ പ്രവണതകൂടെ കാണാം. ജീവിതത്തെ അതിൻെറ അലയും നുരയുമുൾപ്പെടെ നോക്കിക്കാണാനും ആ ദർശനത്തെ ഓജസ്സ്വിയായ ശൈലിയിൽ ആവിഷ്കരിക്കാനുമുള്ള കഴിവാണത്. ശാസ്ത്രബോധവും സൗന്ദര്യ

ബോധവും സമഞ്ജസമായി സമ്മേളിക്കുന്ന കാഴ്ച വൈലോപ്പിള്ളിയുടെ കവിതയിൽ കാണാം.

ബാലാമണിയമ്മയും പി. കുഞ്ഞിരാമൻനായരുമെല്ലാം ഓരോ ഭാവങ്ങളുടെ പ്രതിനിധികളാണ്. ശാസ്ത്രവിജ്ഞാനത്തിന്റെ നിഷേധമാണ് കുഞ്ഞിരാമൻനായരുടെ കവിതയിലുടനീളം കാണുന്നത്.

മലയാളകവിത ബാഹ്യലോകസത്യങ്ങളെ ആശ്ലേഷിക്കുന്നതും ലളിതഭാവിയുമായിത്തീരുന്നതുമായ കാഴ്ചയും ഈ ദശാബ്ദത്തിൽ നാം കണ്ടതാണ്. വേദനകളെ-അതെവിടെയായാലുംകൊള്ളാം തന്റേതുകൂടെയായി പ്രഖ്യാപിക്കുവാനുള്ള ഉദാരത പ്രകടിപ്പിച്ച കവിയാണ് എൻ. വി. കൃഷ്ണവാര്യർ. ചങ്ങമ്പുഴയുടെ വികാരതീവ്രതഉൾക്കൊണ്ടുകൊണ്ട് പി. ഭാസ്കരൻ കവിതയെഴുതി. ഉജ്ജ്വലമായ ശൈലിയിൽ, ജനജീവിതത്തെക്കുറിച്ച് പാടുന്ന കവിയാണ് വയലാർ. കവിതയിൽ വിപ്ലവകരങ്ങളായ ആശയങ്ങൾ ഊഷ്മളവും ഒപ്പം ഭാവസുരഭിലവുമാക്കാമെന്ന് കാവ്യാരാധകരെ ധരിപ്പിക്കാൻ കഴിഞ്ഞതാണ് ഒ. എൻ. വി. യുടെ വിജയം. ഗാനാത്മകത, വൈകാരികദീപ്തി, ആത്മസത്ത, ആശയസൗന്ദര്യം, സംക്ഷിപ്തത എന്നീ ഭാവഗീതങ്ങളുടെ മൗലിക ധർമ്മങ്ങൾ ഒ. എൻ. വി. യുടെ ലഘുകവിതകളെ സമ്പന്നമാക്കിയിട്ടുണ്ട്. ഒ. എൻ. വി. യും, വയലാറും മലയാളകവിതയിലെ നൂതന ചലനങ്ങളുടെ കൈകാര്യകർത്താക്കളാണ്. ഭാവനാമധുരവും സന്ദേശവാഹിയുമാണ് തിരുനല്ലൂരിന്റെ

കവിതകൾ. ആദർശനിഷ്ഠയുടെ കാര്യത്തിൽ ധീരനായ ഒരു കാവ്യയോദ്ധാവാണദ്ദേഹം.

പ്രതിഭാശാലികളായ വേറെയും ചെറുപ്പക്കാരായ കവികൾ മലയാളസാഹിത്യത്തെ താലോലിച്ചുവളൎത്തുന്നുണ്ട്. പുതുശ്ശേരിയുടെ കവിതകൾ ഇക്കൂട്ടത്തിൽ ഗണനീയങ്ങളായി നില്ക്കുന്നു. ഒഴുക്കും സാരള്യവുമുള്ള പദങ്ങൾകൊണ്ടു് അഭംഗികൂടാതെ വരികൾ കോൎത്തിണക്കി, മനോഹരവും ഭാവബന്ധുരവുമായ കവിത സൃഷ്ടിക്കുന്നതിൽ പുതുശ്ശേരി വിജയിച്ചിട്ടുണ്ടു്. സുഗതകുമാരി, ഏററുമാനൂർ സോമദാസൻ, മണ്ണാലത്തു ശ്രീധരൻ എന്നീ ചെറുപ്പക്കാരായ കവികളും ഭാവിയുടെ വാഗ്ദാനങ്ങളാണു്.

അനുഭൂതികളുടെ മണ്ഡലത്തിൽ ചലനവും ക്ഷോഭവും സൃഷ്ടിച്ച കവിതകൾ നമ്മുടെ ഭാഷയിൽ കുറച്ചേറെ ഉണ്ടായിട്ടുണ്ടു്. പക്ഷെ, ആധുനിക ശാസ്ത്രീയബോധമുൾക്കൊള്ളാൻ തക്കവണ്ണം പല കവികളുടേയും ഹൃദയം ഇനിയും വികസ്വരമാകേണ്ടിയിരിക്കയാണു്. സമകാലികജീവിതത്തിന്റെ സൎവ്വാശ്ലേഷസിദ്ധികളുൾക്കൊള്ളാൻ സന്നദ്ധമായാൽ മാത്രമേ കവികളുടെ ഭാവനയും ദർശനവും വികസിക്കുകയുള്ളൂ. കവിത കാലത്തോളം വളരണമെങ്കിൽ ജീവിതത്തിലെ വിസ്തൃതവും സങ്കീൎണ്ണവുമായ അനുഭവങ്ങൾ കവി ഉൾക്കൊള്ളണം. ബഹുമുഖമായി പൊട്ടിവിടരുന്ന സാമൂഹ്യജീവിതത്തിന്റെ ദർശനത്തിൽനിന്നും ഒരു നൂതന സൗന്ദര്യബോധം സമ്പാദിക്കാൻ കവിയ്ക്കു കഴിഞ്ഞാലേ കവിത ആശാവഹമായ രീതിയിൽ വളരുകയുള്ളൂ.

കവിതയിൽ ദൃശ്യമായ പ്രവണതകൾ അതിന്നു മു മ്പുതന്നെ സാഹിത്യത്തിലെ മററു തുറകളിൽ പ്രകടമായി ക്കഴിഞ്ഞിരുന്നു. നോവൽ, ചെറുകഥ, നിരൂപണം എന്നീ സാഹിത്യവിഭാഗങ്ങളിൽ നവംനവങ്ങളായ പ്രവണതകൾ പൊന്തിവന്നു. സാമൂഹ്യജീവിതം ഏററവും സത്യസന്ധമായും യാഥാൎത്ഥ്യബോധത്തോടുകൂടിയും ചിത്രീകരിക്കാൻ സമൎത്ഥമായി ശ്രമിച്ചതു് നോവൽവഴിയാണു്. ആഴവും പരപ്പുമുള്ള നോവലുകൾ മലയാളസാഹിത്യത്തിലുണ്ടായി. തകഴിയുടെ 'രണ്ടിടങ്ങഴി', കേശവദേവിൻെറ 'ഓടയിൽനിന്നു്', എസ്സ്. കെ. പൊററക്കാട്ടിൻെറ 'വിഷകന്യക' എന്നീ നോവലുകൾ ഈ ഘട്ടത്തിലെ മേന്മയേറിയ കൃതികളാണു്. തികഞ്ഞ യാഥാൎത്ഥ്യബോധത്തോടുകൂടി ജനജീവിതത്തിലെ ബഹുമുഖമായ വൈഷമ്യങ്ങളെ ആത്മാൎത്ഥതയുടെ ആഴത്തിൽ നിന്നുകൊണ്ടു് പകൎത്തിയതാണു് ഈ എഴുത്തുകാരുടെ വിജയത്തിനു നിദാനം. ചെറുകഥകളിലും ഈ നൂതനപ്രവണത പ്രകടമായി. പൊൻകുന്നം വൎക്കിയുടെ ചെറുകഥകൾ സാമൂഹ്യപരിഷ്കരണത്തിനു് വളരെ പ്രയോജകീഭവിച്ചു.

എന്നാൽ അടുത്തകാലത്തു് ശാശ്വതമൂല്യമുള്ള ഉത്തമ സാഹിത്യകൃതികൾ രചിക്കാൻ നമുക്കു കഴിഞ്ഞിട്ടുണ്ടോ എന്നു് സംശയമാണു്. ശാശ്വതമൂല്യമുള്ള സാഹിത്യശില്പങ്ങൾ വാൎത്തെടുക്കണമെങ്കിൽ ജീവിതരസത്തെ വസ്തുനിഷ്ഠമായും ശാസ്ത്രീയമായും വൈകാരികമായും ആവിഷ്കരിക്കാൻ കഴിയണം. കവിതകൾ, നാടകങ്ങൾ, നോവലുകൾ ഇങ്ങനെ പല രംഗങ്ങളിലും ആധുനിക മലയാളസാഹിത്യം ഒട്ടുവളരെ പുരോഗമിച്ചിട്ടുണ്ടെങ്കിലും അതു്

യഥാൎത്ഥമായ പുരോഗമനമാണോ എന്നു സംശയമുണ്ട്. ആധുനിക സാഹിത്യത്തിൻെറയും കലയുടെയും നിലവാരം താഴ്ന്നിട്ടുണ്ട്. ഒപ്പം മൂല്യങ്ങൾ നശിക്കുകയും ചെയ്തു. ദീർഘകാലമൂല്യങ്ങളുള്ള കവിതയും സാഹിത്യവും ഉണ്ടാവണം. അതിനു ചെയ്യേണ്ടതു് സാഹിത്യകാരൻ തൻെറ ചുററുപാടുകളുമായി ഇഴുകിച്ചേർന്നു് അഗാധമായ മാനുഷികപ്രശ്നങ്ങൾ പഠിക്കുകയാണു്. ഉറൂബിൻെറ 'ഉമ്മാച്ചു'വും, തകഴിയുടെ 'ചെമ്മീനും' ആ വഴിക്കുള്ള നേട്ടങ്ങൾതന്നെയാണു്. എന്നാൽ, മൊത്തത്തിലെടുത്തു പരിശോധിച്ചാൽ ചന്തുമേനവൻെറ ഇന്ദുലേഖയ്ക്കും, സി. വി. യുടെ സുഭദ്രയ്ക്കും ഉള്ള ജീവനും ഓജസ്സും ഇന്നത്തെ നാടകങ്ങളിലേയും നോവലുകളിലേയും കഥാപാത്രങ്ങൾക്കില്ല. ടോൾസ്റ്റോയിയുടെ അന്നാകരെനീനയ്ക്കോ ഹാർഡിയുടെ ടെസ്സിന്നോ ഉള്ളത്ര വൈശിഷ്ട്യം നമ്മുടെ ഇന്നത്തെ ഏററം മികച്ച കലാകാരന്മാർ സൃഷ്ടിക്കുന്ന നായികമാൎക്കുപോലുമില്ല. ആശയപരമായി മാത്രമേ നാം മുന്നോട്ടുപോയിട്ടുള്ളു. ചിത്രീകരണത്തിൻെറ കാൎയ്യത്തിൽ വളരെ പുറകിലാണു്.

കലയും സാഹിത്യവും ആശയപ്രചരണത്തിനുള്ള ഉപാധികളാണെന്നും കല ജനങ്ങൾക്കുവേണ്ടിയുള്ളതാണെന്ന വാദവും പരക്കെ അംഗീകരിക്കപ്പെട്ടതാണെങ്കിലും ഇന്നും ജീവിതപ്രശ്നങ്ങളിൽനിന്നും ഒഴിഞ്ഞു് വെറും സ്തുതിഗീതങ്ങളിലും റൊമാൻറിക് വൎണ്ണനകളിലും ഒതുങ്ങിനില്ക്കാൻ ചിലർ ശ്രമിക്കുന്നുണ്ട്. സോഷ്യലിസം സാൎവ്വദേശീയമായി വളരുകയും, ഇന്ത്യ സോഷ്യലിസ്റ്റ്മാ

ത്തുകയിലുള്ള ഒരു സമുദായം സൃഷ്ടിക്കാൻ വെമ്പുകയും ചെയ്യുകയാണിന്നു്. പക്ഷെ, 'സോഷ്യലിസ്റ്റ് റീയലിസം' എന്ന സാഹിത്യസങ്കേതം സ്വീകരിക്കാൻ നമ്മുടെ സാഹിത്യകാരന്മാരിൽ അധികമാളുകളും വിമുഖരാണു്.

മലയാളസാഹിത്യം കൂടുതൽ പരിപുഷ്ടവും ജീവിതഗന്ധിയുമായിത്തീരണമെങ്കിൽ സോഷ്യലിസ്റ്റ് റീയലിസ്റ്റ് സാഹിത്യ സാങ്കേതികമാർഗ്ഗം നാം സ്വീകരിക്കണം. ജീവിതത്തെ അതിന്റെ എല്ലാ വൈവിദ്ധ്യങ്ങളോടും വർണ്ണപ്പകിട്ടോടുംകൂടി ചിത്രീകരിക്കാൻ ഈ സാഹിത്യമാർഗ്ഗത്തിനു മാത്രമേ കഴിയൂ. യൂറോപ്യൻ ഭാഷകളിൽ പല ഈടുററ സാഹിത്യശില്പങ്ങളും വാർത്തെടുക്കാൻ കഴിഞ്ഞതു് ഈ സാങ്കേതികമാർഗ്ഗം സ്വീകരിച്ചതുകൊണ്ടാണു്. മലയാളസാഹിത്യത്തിന്റെ തുടർന്നുള്ള വളർച്ചയിൽ വിശ്വസാഹിത്യനായകന്മാർ കാട്ടിത്തന്ന മാർഗ്ഗം നമുക്കു പ്രചോദനം നൽകട്ടെ.

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. M01 Acc. No. 8358

This book should be returned on or before the date last stamped below.

4 MAY 196
17 MAY 1982
13 DEC 1984
11 DEC 1990
11 DEC 1990
3 JAN 1992
25 FEB 1992
2 MAY 2004

M01 8358

ഉണ്ണിത്താൻ ആർ

ജി.

കലയും കലാസൃഷ്ടിയും

KOTTAYAM PUBLIC LIBRARY

Call No. Mo.1

Acc. No. 8358

Author ഉണ്ണിരാമൻ ആർ. സി.

Title [illegible]

Indic Digital Archive Foundation
gpura.org